# വ്യാപാരകേരളം

കഥാപതിപ്പ്

പുസ്തകം 1 ലക്കം 3 പേജുകൾ 46 ജൂലൈ 2020



ജീവിതത്തിന്റെ കടൽ

എം. ഹരിദാസ്

സമകാലികം

ഫ്രാങ്കോ ലൂയിസ്


റിഥം ഓഫ് ലൈഫ്

തേജശ്രീ

കഥാപതിപ്പ്

17 കഥകൾ

മുഖച്ചിത്രം: വര – സുമേഷ്. കെ. ഷൺമുഖൻ





ഓഫീസ്:
**വ്യാപാരകേരളം**
(ഓൺലൈൻ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
**റയൻ ജോസഫ്**


# എഡിറ്റേഴ്സ് പേജ്



ഈ ലക്കം കഥാപതിപ്പാണ്. രചനയിലെ സൗന്ദര്യാത്മകത കോവിഡ് ദുരിത കാലം 'ലോക്ക് ഡൗൺ' ചെയ്തില്ലെന്നു വെളിപ്പെടുത്തുന്ന കഥകളാണ് ഉൾപ്പെടുത്തിയവയിൽ ഏറെയും. സാഹിത്യ ചക്രവാളത്തിലെ ലബ്ധപ്രതിഷ്ഠരല്ല ഈ കഥാകൃത്തുക്കൾ. വിഷയസ്വീകരണത്തിലെ വ്യത്യസ്തതയും ദുരൂഹതകളില്ലാത്ത രചനാരീതിയും ഈ കഥകളെ വായനാസൗഹൃദമാക്കുന്നുണ്ട്.

മലയാള കഥാസാഹിത്യചരിത്രവും, ഓരോരോ കാലത്ത് സ്വീകരിക്കപ്പെട്ട സംവേദന രീതികളും പഠിച്ചെഴുതിയ ആമുഖകുറിപ്പാണ് ഈ ലക്കത്തെ ചിന്തോദ്ദീപകമാക്കുന്നത്. എം.ഹരിദാസിന്റെ കഥാപഠനം, കഥാപതിപ്പിന് ആമുഖമായി ചേർക്കാൻ കഴിഞ്ഞതിൽ മാസികാ പ്രവർത്തകർ കൃതാർത്ഥരാണ്.

പ്രശസ്ത പത്രപ്രവർത്തകരായ ഫ്രാങ്കോ ലൂയിസിന്റെയും തേജശ്രീയുടെയും പംക്തികൾ വായനയുടെ കൗതുകകാഴ്ചകൾ പ്രദാനം ചെയ്യുന്നവയാണ്. സാമ്പത്തികകാര്യവിദഗ്ധനായ രാജേഷ്കുമാർ കെ. പിള്ള കൊറൊണകാലത്തെ ബിസിനസ് ആശങ്കകൾ പങ്കുവയ്ക്കുന്നു.

ശീലങ്ങൾ മാറ്റേണ്ടുന്ന പുതിയ സാഹചര്യങ്ങളിലൂടെ കടന്നുപോകുമ്പോൾ, സർഗാത്മക രചനകളിലും മാറ്റത്തിന്റെ സൂചനകൾ അനുഭവവേദ്യമാകുമല്ലോ. അതു പക്ഷേ, ഇനിയും പ്രകടമായിട്ടില്ല എന്നത് സമകാലിക യാഥാർത്ഥ്യം. കഥകളുടെ ആസ്വാദനത്തെ ഇത് തടസപ്പെടുത്തുന്നില്ലെങ്കിലും സമകാലത്തോട് സംവദിക്കുന്നില്ല എന്നത് കാണാതിരിക്കാനാകില്ല.

ഓൺലൈനിൽ കഥയെഴുതുന്നവർ പൊതുവെ കാലികപ്രശ്നങ്ങളോട് പ്രതികരിക്കുന്നവരാണ്. അതിന്റെ അനുരണനം ഈ കഥാപതിപ്പിലും പ്രകടമായിട്ടുണ്ട്.

**-സി.ആർ.രാജൻ,**
എഡിറ്റർ



# വീണ്ടുടയുന്ന ഗൾഫ് സ്വപ്നം



ഫ്രാങ്കോ ലൂയിസ്

**മുന്തിയയിനം തൊഴിൽ സ്വദേശികൾക്കായി സംവരണം ചെയ്തുകൊണ്ട് ഗൾഫ് രാജ്യങ്ങൾ നിയമം കൊണ്ടുവന്നു. അതോടെത്തന്നെ തൊഴിലവസരങ്ങൾ കുറഞ്ഞു. ഇതിനു പിറകേയാണു കോവിഡ് 19 വ്യാപനം.**

'മൂന്നു മാസമായി ജോലിയും ശമ്പളവുമില്ല. ജോലി തിരിച്ചുകിട്ടുമെന്ന പ്രതീക്ഷയുമില്ല. താമസിക്കാനുള്ള വാടകയും ഭക്ഷണച്ചെലവും താങ്ങാനാവുന്നില്ല. അതുകൊണ്ടാണ് റിസ്കെടുത്തും നാട്ടിലേക്കു മടങ്ങിയത്. നാട്ടിലിനി എന്തു ചെയ്യണമെന്ന് അറിയില്ല.' ചാവക്കാട് സ്വദേശി അബ്ദുൾ ഗഫൂർ പറയുന്നു.

അബ്ദുൾ ഗഫൂറിനു മാത്രമല്ല, ഗൾഫ് രാജ്യങ്ങളടക്കം വിദേശങ്ങളിൽനിന്നു മടങ്ങിയെത്തിയ അനേകായിരങ്ങളുടെ കണ്ണീർ വിശേഷം ഇതുതന്നെയാണ്. വർഷങ്ങളായി ജോലി ചെയ്തിരുന്നവരുണ്ട്. ജോലി ആരംഭിച്ച് ഏതാനും മാസങ്ങൾ മാത്രമായിട്ടുള്ളവരുമുണ്ട്. വിരമിക്കാൻ അവസരം നോക്കി നിന്നവരുമുണ്ട്.

മുന്തിയയിനം തൊഴിൽ സ്വദേശികൾക്കായി സംവരണം ചെയ്തുകൊണ്ട് ഗൾഫ് രാജ്യങ്ങൾ നിയമം കൊണ്ടുവന്നു. അതോടെത്തന്നെ തൊഴിലവസരങ്ങൾ കുറഞ്ഞു. ഇതിനു പിറകേയാണു കോവിഡ് 19 വ്യാപനം.

നാട്ടിലേക്കു തിരിച്ചുവരാൻ കേരള സർക്കാരിന്റെ നോർക്ക വെബ് സൈറ്റിൽ പേർ രജിസ്റ്റർ ചെയ്തത് 4.56 ലക്ഷം പേരാണ്. 95,000 പേർ തിരിച്ചെത്തിയെന്നാണ് സംസ്ഥാന സർക്കാരിന്റെ കണക്ക്.

ജൂൺ 25 വരെയുള്ള കണക്കനുസരിച്ച് പ്രവാസികളുമായി 335 ചാർട്ടേഡ് വിമാനങ്ങളടക്കം 543 വിമാനങ്ങളും മൂന്നു കപ്പലുകളും എത്തി. 1,114 വിമാനങ്ങൾക്ക് അനുമതി നൽകി. ജൂൺ 30 വരെ 462 ചാർട്ടേഡ് വിമാനങ്ങളാണ് കേരളത്തിൽ എത്തിയത്.

പ്രവാസികളെ നാട്ടിലെത്തിക്കാനുള്ള വന്ദേഭാരത് മിഷന്റെ നാലാം ഘട്ടം ജൂലൈ ഒന്നു മുതൽ ജൂലൈ 14 വരെയാണ്. ഈ ദിവസങ്ങളിൽ കേരളത്തിലേക്കു 94 വിമാന

ങ്ങൾ എത്തും. ഓരോ വിമാനത്തിലും 177 യാത്രക്കാരുണ്ടാകും. 16,638 പേർകൂടി കേരളത്തിലെത്തും. ചാർട്ടേഡ് വിമാനങ്ങൾ വേറേയും വരും.

ഗൾഫ് രാജ്യങ്ങളിൽ 18 ലക്ഷം മലയാളികൾ ജോലി ചെയ്യുന്നുണ്ടെന്നാണു കണക്ക്. ലക്ഷം കോടി രൂപയാണ് കഴിഞ്ഞ വർഷം ഗൾഫ് മലയാളികൾ ഇന്ത്യയിലേക്ക് അയച്ചത്. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്ത് ഇന്ത്യയിലേക്കയച്ച 7860 കോടി ഡോളറിന്റെ 19 ശതമാനവും മലയാളികളുടെ സംഭാവനയാണെന്നാണു ലോകബാങ്ക് പുറത്തുവിട്ട കണക്കിലുള്ളത്.

ഇതെല്ലാം ഇല്ലാതാകുകയാണോ? കേരളത്തിന്റെ ഗൾഫ് സ്വപ്നങ്ങൾ അസ്തമിക്കുകയാണോ? ഒരുപാടു കുടുംബങ്ങളുടെ ജീവിതം പ്രതിസന്ധിയുടെ ഇരുളിലേക്കു തെന്നിവീഴുകയാണോ? ജോലിയില്ല, വരുമാനമില്ല. അതുണ്ടാക്കാൻ സ്വയംതൊഴിലോ സംരംഭമോ തുടങ്ങിയാൽ രക്ഷപ്പെടുമോ?

ആശങ്കയുടെ മുൾമുനയിലാണു മലയാളികൾ.

## തകരുന്ന വായ്പ

'പണമില്ലേ, വായ്പ തരാം.' മൊബൈൽ ഫോണിൽ പ്രമുഖ ബാങ്കുകളുടെ സന്ദേശം ആഴ്ചതോറും വന്നുകൊണ്ടേയിരിക്കുന്നു. തൊഴിലും വരുമാനവുമില്ലാതായ അനേകായിരങ്ങൾക്ക് ബാങ്കുകൾ പണം വാരിക്കോരി നൽകുമോ. സ്വർണപണയം വായ്പ നൽകാമെന്നാണ് എല്ലാ ബാങ്കുകളും പറയുന്നത്. ആപത്തുകാലത്ത് അടിക്കടി വില ഇരട്ടിച്ചുകൊണ്ടിരിക്കുന്ന സ്വർണത്തിന്റെ ഈടിൽ വായ്പ. അതുമാത്രമാണ് ബാങ്കുകളിൽ ഇപ്പോഴത്തെ പ്രധാന വായ്പാ ഇടപാട്.



കഴിഞ്ഞ മൂന്നു മാസമായി ബാങ്കുകളിൽ നിക്ഷേപങ്ങൾ വരുന്നതു ഗണ്യമായി കുറഞ്ഞു. അതിനേക്കാൾ ഭീതിജനകമായ വിശേഷം വായ്പയെടുക്കാൻ ആളില്ലെന്നതാണ്. വായ്പ നൽകാൻ ബാങ്കുകൾ മടിക്കുകയാണ്. ക്രയശേഷി കുറഞ്ഞ ജനങ്ങൾ തിരിച്ചടയ്ക്കുമെന്ന പ്രതീക്ഷ ബാങ്കുകൾക്കു കുറവാണ്. കഴിഞ്ഞ മൂന്നു മാസമായി ഓരോ മാസവും 30 മുതൽ 80 വരെ ശതമാനമാണു വായ്പ കുറഞ്ഞത്. വരുമാനം ഇല്ലാതായതോടെ നിക്ഷേപവും ഇല്ലാതായി. വാഹന വായ്പയും പേഴ്സണൽ ലോണും സ്വർണ പണയ വായ്പയും മാത്രമാണ് ബാങ്കുകളിൽ നടക്കുന്നത്. ഇതിൽ സ്വർണപണയ വായ്പയോടു മാത്രമാണ കൂടുതൽ താൽപര്യം സ്വർണ പണയ വായ്പയ്ക്കും വാഹന വായ്പയ്ക്കും ഈടുണ്ടെന്നതാണു കാരണം.

റിസർവ് ബാങ്കിന്റെ കണക്കുകൾ ഇങ്ങനെയാണ്. പേഴ്സണൽ ലോൺ കഴിഞ്ഞ വർഷത്തേക്കാൾ 3.6 ശതമാനം കുറഞ്ഞു. കഴിഞ്ഞ വർഷം ഏപ്രിലിലെ 15.7 ശതമാനത്തിൽനിന്ന് ഈ വർഷം ഏപ്രിലിൽ 12.1 ശതമാനമായി. വ്യവസായ മേഖലയിൽ 6.7 ശതമാനത്തിൽനിന്ന് 1.7 ശതമാനമായി തകർന്നു. സർവീസ് മേഖലയിൽ 16.8 ശതമാനത്തിൽനിന്ന് 11.2 ശതമാനമായി. കാർഷിക മേഖലയിൽ 7.9 ശതമാനത്തിൽനിന്ന് 3.9 ശതമാനമായി.

## പണമില്ല

അടച്ചുപൂട്ടലിൽ പണമിടപാടുകൾ കൂച്ചുവിലങ്ങായി. എൻഇഎഫ്ടി, ആർടിജിഎസ്, മൊബൈൽ ബാങ്കിംഗ്, ചെക്ക്- ഡ്രാഫ്റ്റ്, എടിഎം തുടങ്ങിയ മാർഗങ്ങളിലൂടെയാണു പണമിടപാട്. രാജ്യത്തെ 219 ബാങ്കുകളുടെ വിവരം റിസർവ് ബാങ്കിന്റെ രേഖകളിലുണ്ട്. എൻഇഎഫ്ടി ഇടപാടു മാത്രം പരിശോധിക്കാം. കഴിഞ്ഞ വർഷം ഏപ്രിലിൽ 2,034 ലക്ഷം ഇടപാടുകളിലായി 20.54 ലക്ഷം കോടി രൂപയുടെ കൈമാറ്റമാണു നടന്നത്. ഇക്കഴിഞ്ഞ ഏപ്രിലിൽ ഇത് 1,759 ലക്ഷം ഇടപാടുകളിലായി 13.06 ലക്ഷം കോടി രൂപയായി കുറഞ്ഞു. മേയ് മാസത്തിൽ 1,929 ലക്ഷം

ഇടപാടുകളിലായി 14.81 ലക്ഷം കോടി രൂപ. എൻഇഎഫ്ടി ഇടപാടുകളിൽ മാത്രം ആറു ലക്ഷം കോടിയിലേറെ രൂപയുടെ തകർച്ച കാണാം. ആർടിജിഎസ് അടക്കമുള്ള മറ്റു മാർഗങ്ങളിലൂടെയുള്ള ഇടപാടുകളിലും ആനുപാതികമായ തകർച്ചയുണ്ടായി.

## മോറട്ടോറിയം

കേന്ദ്ര സർക്കാർതന്നെ പ്രഖ്യാപിച്ച 20 ലക്ഷം കോടി രൂപയുടെ പാക്കേജിൽ പകുതിയിലേറെയും ബാങ്കുകളുടെ ചുമലിലാണ്. കോവിഡ് വ്യാപനം തടയാൻ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ലോക് ഡൗൺ സൃഷ്ടിച്ച പ്രതിസന്ധിയിൽനിന്നു കരകയറാനാണു പാക്കേജ്. ഈ പാക്കേജിലെ വാഗ്ദാനങ്ങളാണു വായ്പയും മോറട്ടോറിയവും.

എല്ലാ വായ്പകൾക്കും ഡിസംബർവരെ മോറട്ടോറിയം പ്രഖ്യാപിച്ചെങ്കിലും പലിശയിൽ ഒരു രൂപപോലും കുറയില്ലെന്ന് റിസർവ് ബാങ്കും കേന്ദ്ര സർക്കാരും സുപ്രീം കോടതിയെ ബോധിപ്പിച്ചിട്ടുണ്ട്. വായ്പയെടുത്തവർക്കു മോറട്ടോറിയംകൊണ്ട് എന്തു പ്രയോജനം?

## തൊഴിലില്ലായ്മ

രാജ്യത്തെ തൊഴിലില്ലായ്മ ഭീതിജനകമായ വിധത്തിൽ വർധിക്കുകയാണ്. കഴിഞ്ഞ വർഷം ജൂൺ മാസത്തിൽ 7.87 ശതമാനമായിരുന്നു. ഇക്കഴിഞ്ഞ മേയ് മാസത്തിൽ തൊഴിലില്ലായ്മ 23.48 ശതമാനമാണ്. ലോക് ഡൗൺ ആരംഭിച്ച മാർച്ച് അവസാനം മുതലാണ് തൊഴിലില്ലായ്മ ഇത്രയേറെ വർധിച്ചത്. ഇക്കഴിഞ്ഞ മേയ് മാസത്തെ കേരളത്തിലെ തൊഴിലില്ലായ്മാ നിരക്ക് 26.5 ശതമാനമാണ്. അഖിലേന്ത്യാ ശരാശരിയേക്കാൾ മൂന്നു ശതമാനം അധികം. 59. 2 ശതമാനവുമായി ജാർക്കണ്ഡാണ് ഒന്നാം സ്ഥാനത്ത്. ഏറ്റവും കുറവ് 5.6 ശതമാനം മാത്രമുള്ള മേഘാലയ.

ഈ വർഷം മൊത്തം അഭ്യന്തര ഉൽപാദനം അഞ്ചു ശതമാനം കുറഞ്ഞ് മൈനസ് വരെ എത്തുമെന്നാണു ഫിച്ച് റേറ്റിംഗ്സിന്റെ പ്രവചനം. എന്നാൽ അടുത്ത വർഷം 9.5 ശതമാനം വളർച്ച നേടുമെന്ന അവരുടെ പ്രവചനം ഫലിച്ചാൽ മതിയായിരുന്നു.

## ചൈനാപടക്കം

കോവിഡ് ചവിട്ടിമെതിച്ചു പോകുന്ന രാജ്യത്തിന്റെ ചൈനാ അതിർത്തിയിൽ ഒരു മാസമായി ശുഭവിശേഷങ്ങളില്ല. നോവൽ കൊറോണ വൈറസിനു ജന്മം നൽകിയ ചൈനയിൽനിന്ന് മഹാമാരി വിത്തുകൾക്കു പിറകേ, കടന്നാക്രമണത്തിന്റെ ചോരപ്പുഴ. ജൂൺ 15 ന് 20 ഇന്ത്യൻ സൈനികരുടെ വീരമൃത്യു. അതിന് ഇടയാക്കിയ സംഘർഷം ഇരട്ടിച്ചിരിക്കുന്നു. യുദ്ധസമാനമായ അന്തരീക്ഷമാണ് ലഡാക്ക് അതിർത്തിയിൽ. ഇരുരാജ്യങ്ങളും കൂടുതൽ സേനയെ വിന്യസിച്ചിരിക്കുന്നു.



ഈ വരികൾ കുറിച്ച ജൂൺ 28 ലെ ആഗോളതല കോവിഡ് വിശേഷം രോഗബാധിതർ ഒരു കോടി കവിഞ്ഞെന്നതാണ്. അഞ്ചു ലക്ഷം മരണം. ഇതുവരെ മരിച്ചത് 5,00,601 പേർ. രോഗബാധിതരായത് 1,00,72,555 പേർ. 54.51 ലക്ഷം പേർ രോഗമുക്തരായി. ഇന്ത്യയിൽ മരിച്ചത് 16,103 പേർ. രോഗബാധിതർ 5,29,577. 2.03 ലക്ഷം പേർ ചികിൽസയിലുണ്ട്. 3.10 ലക്ഷം പേർ രോഗമുക്തരായി. കേരളത്തിൽ കോവിഡ് ചികിൽസയിലുള്ളത് 1,939 പേർ. 1,67,978 പേരാണ് നിരീക്ഷണത്തിലുള്ളത്.



# കഥയും കാമ്പുമുള്ള പാട്ടുകൾ




തേജശ്രീ

സിനിമയിൽപ്പോലും കഥയില്ലാത്ത കാലമാണ്, പിന്നെയല്ലേ പാട്ടിൽ! പുതിയ സിനിമാപ്പാട്ടുകൾ മിക്കവയും എന്തൊക്കെയോ ശബ്ദങ്ങൾ മാത്രമാണെന്നു തോന്നിയിട്ടില്ലേ.. ഇതെന്താ എല്ലാ പാട്ടും ഒരുപോലിരിക്കുന്നത് എന്ന ചോദ്യം ഒട്ടേറെ ആളുകൾ ചോദിക്കുന്നു. ചോദ്യത്തിൽ കഴമ്പുണ്ട്. കീബോർഡ് പ്രോഗ്രാമിംഗ് അറിയാവുന്നവർ എല്ലാവരും സംഗീത സംവിധായകരായതിന്റെ കുഴപ്പമാണ്. പിന്നെ പാട്ടിനോടുള്ള സമീപനം മാറിയതിന്റെയും.

## സംസ്കാരത്തിന്റെ ഈണം

നമ്മുടെ നാടൻപാട്ടുകൾ കേട്ടിട്ടില്ലേ.. ഭാഷയ്ക്കും സാഹിത്യത്തിനുമൊക്കെ ഉപരിയായി വലിയൊരു സംസ്കാരത്തിന്റെ ചിഹ്നങ്ങളാണ് അവ. എന്തൊരു നിഷ്കളങ്കതയാണ് അവയ്ക്ക്! പല കാലങ്ങളിലൂടെ പരിണാമം സംഭവിച്ചവയാണ് മിക്ക നാടൻപാട്ടുകളും. പാടിപ്പാടി ഭംഗികൂടിയവ. ഒരു ജനതയുടെ നിത്യവൃത്തി, അന്നത്തെ പ്രകൃതി എന്നിവയുമായി അടുത്തബന്ധമുണ്ട് ആ പാട്ടുകൾക്ക്. ചുരുക്കിപ്പറഞ്ഞാൽ കഥയുണ്ട്

ആ പാട്ടുകളിൽ.

## പല പാട്ട്, ഒരു കൂട്ട്

നമ്മുടെ നാടൻപാട്ടുകളെ പലരീതികളിൽ തരംതിരിക്കാമെന്ന് ഈ രംഗത്തെ വിദ്ഗധർ പറഞ്ഞുവച്ചിട്ടുണ്ട്. ദേശം, ജാതി, തൊഴിൽ, വിശ്വാസം, കാലം, സംഗീതോപകരണങ്ങൾ ഇവയൊക്കെ മുൻനിർത്തിയാണ് ഓരോ ഇനം പാട്ടുകൾക്കും ഓരോ പേരു ലഭിച്ചിട്ടുള്ളത്.

ഒന്നുകൂടി വിശദമായി നോക്കാം. പുള്ളുവൻപാട്ട്, കുറത്തിപ്പാട്ട്, മാപ്പിളപ്പാട്ട് തുടങ്ങിയവ സമുദായങ്ങളുടെ പേരിലാണ് അറിയപ്പെടുന്നത്. വടക്കൻപാട്ട്, തെക്കൻപാട്ട് എന്നീ പേരുകൾ നോക്കൂ- ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പേര്. ഇനി, തിരുവാതിരപ്പാട്ട്, ഓണപ്പാട്ട് തുടങ്ങിയവയാകട്ടെ, ഓരോ കാലത്തിന്റെ പേരിൽ അറിയപ്പെട്ടവയാണ്. കോലടിപ്പാട്ട്, വില്ലടിച്ചാൻപാട്ട്, ഉടുക്കുപാട്ട്, നന്തുണിപ്പാട്ട് തുടങ്ങിയവയുടെ പേരുകൾ വന്നത് അതിലുപയോഗിക്കുന്ന സംഗീതോപകരണങ്ങളെ അടിസ്ഥാനമാക്കിയാണ്. വണ്ടിപ്പാട്ട്, വള്ളപ്പാട്ട്, ഞാറ്റുപാട്ട് തുടങ്ങിയ തൊഴിൽസംസ്കാരവുമായി നേരിട്ടു ബന്ധപ്പെട്ടുമിരിക്കുന്നു.

## പാട്ടിലെ കഥകൾ

രൂപഭാവങ്ങളനുസരിച്ച് നാടൻപാട്ടുകളെ പാട്ട് എന്നും കഥപ്പാട്ട് എന്നും രണ്ടായി തിരിക്കാം. ഇംഗ്ലീഷിൽ പറയുന്ന സോംഗും ബല്ലാഡും. പാശ്ചാത്യസംഗീത രംഗത്ത് ബല്ലാഡുകൾക്കുള്ള പ്രാധാന്യം പ്രത്യേകം ഓർക്കുക.

കഥപ്പാട്ടുകൾക്ക് കൂടുതൽ പ്രാധാന്യമുണ്ട്. സാഹിത്യ- സാംസ്കാരിക, ചരിത്ര പഠനത്തെയും അവലോകനത്തെയും ബന്ധപ്പെട്ടിരിക്കുന്നു ആ പാട്ടുകൾ. ഈണവും താളവും സംയോജിപ്പിച്ച് കഥ പറഞ്ഞുരസിക്കാനും, വിശ്രമ സമയം കൂടുതൽ ആനന്ദകരമാക്കാനും നമ്മുടെ പൂർവികർ കണ്ടുപിടിച്ച ഒരു വഴിയാണ് കഥപ്പാട്ടുകൾ.

സ്വതന്ത്രമായിരുന്നു അവ, ലളിതവും. എന്നാൽ ആ ഈണങ്ങൾ വലിയ വ്യത്യാസം കൂടാതെ തലമുറകൾ കടന്നുപോയി. വിവിധ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന ജനസാമാന്യത്തിന്റെ നിത്യവൃത്തികളിലേക്ക് ആ പാട്ടുകൾ നേരിട്ടു കൈചൂണ്ടി. മനസുകളിൽ ഉറച്ച ഈണം, ഹരംപകരുന്ന താളം, വായ്ത്താരികൾ.. വായ്മൊഴിയായി കഥപ്പാട്ടുകൾ പിൻതലമുറകളിലേക്കു പകർന്നുകൊണ്ടിരുന്നു.

## പാതയുടെ പാട്ട്

സത്യജിത് റേയുടെ വിഖ്യാത സിനിമ പഥേർ പാഞ്ചലിയെക്കുറിച്ചു കേട്ടിട്ടില്ലേ. അതേപേരിൽ ബിഭൂതിഭൂഷൻ ബന്ദോപാധ്യായ എഴുതിയ നോവലിനെ അടിസ്ഥാനമാക്കിയാണ് ആ സിനിമയുണ്ടായത്. ഇന്ത്യയ്ക്കകത്തും പുറത്തും ഒരുപോലെ ശ്രദ്ധയാ




കർഷിച്ച നോവൽ. പണ്ഡിതനായ ഹരിഹരറായ് എന്നയാളുടെ കുടുംബത്തിന് ജീവിതയാത്രയിൽ നടന്നുപോകേണ്ടിവന്ന വഴികളുടെ കഥയാണ് ഒട്ടും അതിശയോക്തിയില്ലാതെ നോവലിൽ പറയുന്നത്. ഹരിഹറിന്റെയും പത്നി സർവജയയുടെയും മകൻ അപു ആണ് കേന്ദ്ര കഥാപാത്രം. പഥേർ പാഞ്ചലി എന്നതിനർഥം പാതയുടെ പാട്ട് എന്നാണ്. പറഞ്ഞുവന്നത് അതാണ്- പാഞ്ചലി ഒരു പഴയ കാവ്യരചനാശൈലിയാണ്. ഒരു പ്രത്യേക ഈണത്തിൽ പാടുന്ന ഈ ശൈലി ഏതാണ്ട് നമ്മുടെ പഴയ കഥപ്പാട്ടിനു സമാനമത്രേ!

## കഥയുടെ ആഖ്യാനം

സംഗീതം കഥപറയാനുള്ള ഒരുപകരണമാണ് കഥപ്പാട്ടുകളിൽ. പണ്ടു സിനിമകളിൽ വലിയ കാലങ്ങളിലെ കഥയെ ഒരു പാട്ടിന്റെ ചിപ്പിയിൽ ഒതുക്കുമായിരുന്നു സംവിധായകർ. ലോക്ക്ഡൗൺ കെട്ടിപ്പൂട്ടൽ കഴിഞ്ഞ് കലയും സിനിമയും പുറത്തുവരുമ്പോൾ കഥയുള്ള പാട്ടുകളും വരുമെന്നു കരുതാം. ഒപ്പം, പഴയ കഥപ്പാട്ടുകളെയും ബല്ലാഡുകളെയും മറക്കാതെയുമിരിക്കാം. ●





# കൊറോണ കാലത്തെ ബിസിനസ്സ്

രാജേഷ്കുമാർ കെ. പിള്ള

**നാ**മേവരും അത്ഭുതപെടുകയാണ്, ഇങ്ങനെയും ഒരു കാലമോ? ഉത്കണ്ഠപ്പെടുകയാണ്, എവിടേക്കാണ് ഇതു നമ്മെ നയിക്കുന്നത്? എന്ന് അവസാനിക്കും? ഇതൊക്കെ തന്നെയാണ് ഒരു ശരാശരി മനുഷ്യന്റെഇന്നത്തെ അവസ്ഥ. ഇതു നമ്മുടെ രാജ്യത്തിന്റെ മാത്രം കാര്യമല്ല, ലോകത്താകമാനം ഇതു തന്നെയാണ് സ്ഥിതി. നാം മലയാളികളെന്ന് പറയുമ്പോൾനമുക്ക് രജ്യാതിർത്തികളില്ല, എന്തെന്നാൽ, ലോകം മുഴുവൻ നമ്മളുണ്ട്, നമുക്ക് ആളുകളുണ്ട്, ആസ്തികളുണ്ട്. വലിയ ലാഭം നൽകുന്ന ബിസിനസ്സുകളുണ്ട്.അതുകൊണ്ടു തന്നെ ലോകത്തുണ്ടാകുന്ന ഓരോചലനത്തിലും മലയാളിക്ക് സാധ്യതകളുണ്ട്, സ്വാധീനമുണ്ട്, ആശങ്കയുമുണ്ട്.

ഇന്ന് നമ്മുടെ മുൻപിൽ ഭീമാകാരരൂപം പൂണ്ടു നിൽക്കുന്ന പ്രതിസന്ധിഅമേരിക്ക ഇറാഖിൽ ബോംബിട്ടതല്ല, ഇറാഖ് കുവൈറ്റിൽ കടന്ന് കയറിയതല്ല, ഇറാന്റെ അണുബോംബുമല്ല, മറിച്ചോ, കണ്ണിന് കാണാൻ കഴിയാത്ത ഒരു കൃമി. ഈ കൃമി ഒരു കോമാളിയായി ലോകത്തെ കോടിക്കണക്കിനു വരുന്ന ജനങ്ങളുടെ മുൻപിൽ തിമിർത്താടുകയാണ്. നേരെ വെടിവച്ചു കൊല്ലാൻ നാം സ്വരുക്കൂട്ടിയ അണ്വായുധങ്ങൾ പോര. AK47 കൊണ്ടും കാര്യമില്ല. എന്ത് ചെയ്യാൻ കഴിയും എന്ന് ലോകത്തിലെ വമ്പൻ മരുന്ന് കമ്പനികൾ തലപുകയ്ക്കുന്നു. അതവർ ചെയ്യട്ടെ. കുടുംബം പുലർത്താൻഒരു സംരംഭകൻ ആകണമെന്ന സ്വപ്നത്തിൽ തുടങ്ങിയിട്ടുള്ള ബിസിനസ്സിനെ കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നത്.

കൊറോണക്ക് സമാനമായ സാഹചര്യം ഇതിനു മുൻപ് ഉണ്ടായിരുന്നു എന്ന സത്യം വിസ്മരിച്ചു കൂട. കൊറോണ എന്ന മഹാമാരിയെ ലോകമാകെ താരതമ്യം ചെയ്യുന്നത്, സ്പാനിഷ്ഫ്ളൂ എന്ന് വിളിക്കപ്പെട്ട ഇൻഫ്ലുൻസയുമായാണ്. ഒന്നാം ലോക മഹായുദ്ധം അവസാനിക്കുന്ന 1918നവംബർമാസത്തിനു മുൻപ് സ്പാനിഷ് ഫ്ളൂആരംഭിച്ചു എന്നാണ്ചരിത്രം പറയുന്നത്. 1918 ജനുവരി മാസത്തിൽ ആരംഭിച്ച ഫ്ളൂ1920അവസാനം വരെ ധീഷണമായി ഭൂമിയിൽ താണ്ഡവമാടി എന്നാണ് രേഖകൾ പറയുന്നത്. ആ മഹാമാരി ലോകത്തിലെ 50കോടിയിൽ പരം ജനങ്ങളെ പിടികൂടി എന്നും അതിൽ 5കോടിയോളം മനുഷ്യജീവനുകൾ നഷ്ടപ്പെട്ടു എന്നുമാണ് അനുമാനം. ഒന്നാം ലോകമഹായുദ്ധത്തിൽ പരസ്പരം ജയിക്കാനുള്ള മത്സരത്തിൽ, മനുഷ്യനെ കടന്നു പിടിച്ച ഫ്ളൂവിനെ യുദ്ധമുന്നണിയിലുള്ള രാഷ്ട്രങ്ങൾ അവഗണിച്ചു എന്നാണ് ചരിത്രം

സൂചിപ്പിക്കുന്നത്.

കൊറോണ ഇന്ന് ലോകത്താകമാനം പടർന്നു പിടിക്കുന്നത് കൃത്യമായ ചികിത്സ ഈ വൈറസ്സിനെതിരെ പ്രയോഗത്തിൽ ഇല്ലാത്തതിനാലാണ്.ലോക രാജ്യങ്ങൾ പല മരുന്നുകളും മാറി മാറി പ്രയോഗിക്കാൻ തയ്യാറാവുകയാണ്. അതിന്റെ ഭാഗമായി മലേറിയക്കെതിരെ പ്രയോഗിക്കുന്ന ഔഷധത്തിനായി ലോകരാജ്യങ്ങൾ നമ്മുടെ രാജ്യത്തെ സമീപിച്ചത് വലിയ വാർത്തയായി. ഉറ്റതോഴനെന്നു അവകാശപ്പെടുമ്പോഴും അമേരിക്ക നമ്മെ ഭീഷണിപ്പെടുത്തിയതായുള്ള വാർത്തകൾ നാം കണ്ടതാണല്ലോ. കൃത്യമായ മരുന്നിന്റെ അഭാവം, ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകരുന്നു എന്നീ കാരണങ്ങൾ കൊണ്ടാണ് ഇത് ആധുനീക ലോകത്ത് ഒരു മഹാമാരി ആയി മാറിയത്.ലക്ഷക്കണക്കിന്ആളുകൾ ഈ രോഗത്തിന് അടിമപ്പെടുകയും 5ലക്ഷത്തിൽകൂടുതൽപേർ മരണത്തിനു കീഴടങ്ങുകയും ചെയ്തു. ഈ കണക്കുകൾ മതിയാവില്ല എന്ന് കേൾക്കുന്നു

ഇതിന്റെ വ്യാപനം തടയാൻ മനുഷ്യർ കൂട്ടം കൂടുന്നത് ഒഴിവാക്കുക, പരസ്പരം ഉണ്ടാകുന്നസ്പർശനം, മറ്റുള്ളവരുടെ ഉമിനീർ പോലുള്ള സ്രവങ്ങൾ വീഴാതെ ശ്രദ്ധിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തിയാണ്സമൂഹവും രാജ്യങ്ങളും മുഴുവനായി അടച്ചിടുക എന്ന നിർദേശം ലോകാരോഗ്യ സംഘടനമുന്നോട്ട് വച്ചിട്ടുള്ളത്.ഇതു നമ്മുടെ രാജ്യത്ത് പൊട്ടിപ്പുറപ്പെട്ട അസുഖമല്ല. മറിച്ചു import ചെയ്യപ്പെട്ടിട്ടുള്ളതാണ്. Import ചെയ്യപ്പെടാതിരിക്കാൻ വേണ്ട ഇടപെടൽ നമ്മുടെ ഭരണാധികാരികൾക്ക് എടുക്കാമായിരുന്നില്ലേ എന്ന ചോദ്യം പ്രസക്തമാണ്.അത് വളരെ ലളിതമായിരുന്നു.ഫെബ്രുവരി മാസം മുതൽ തന്നെ എയർപോർട്ടുകളിൽ മുൻകരുതൽഎടുക്കുകയും, വിദേശത്ത് നിന്നും വരുന്നവരെ നിരീക്ഷണത്തിൽ വയ്ക്കുകയും ചെയ്യാമായിരുന്നില്ലേ?

## കൊറോണയും ബിസിനസ്സും.

ഇതുരണ്ടും തമ്മിൽ എന്താണ് ബന്ധം? ചന്തയിൽവാഴക്കുല കച്ചവടം നടത്തുന്നആളുമുതൽ വിമാനങ്ങളുണ്ടാക്കി വിൽക്കുന്ന ഹൈടെക് ബിസിനെസ്സ് വരെ കൊറോണയുടെ മുൻപിൽ പകച്ചു നിൽക്കുകയാണ്. നമ്മുടെ കൊച്ചു കേരളത്തിന്റെ ഭരണാധികാരികൾ മുതൽ വൻ സാമ്പത്തിക ശക്തികളെന്ന് പൊതുവെ അറിയപ്പെട്ടിരുന്ന അമേരിക്കയുടെ പ്രസിഡണ്ട് വരെ നാളെ എന്ത് എന്ന അങ്കലാപ്പിലാണ്.ലോകത്തിന്റെ മുഴുവൻ സാമ്പത്തിക സ്രോതസ്സുകളും നിശ്ചലമാണ്.അപ്പോൾ പിന്നെ നമ്മുടെ നാട്ടിലെ സാധാരണ കച്ചവടക്കാരന്റെ അവസ്ഥ പ്രത്യേകിച്ചു വിവരിക്കാനില്ലല്ലോ.സാധനങ്ങൾ കൊടുത്ത് സാധനങ്ങൾ വാങ്ങുന്ന barter system, അല്ലെങ്കിൽ exchange സിസ്റ്റം, ഇപ്പോൾ പ്രയോഗത്തിലില്ല. ക്രയവിക്രയങ്ങളുടെ ആധാരം ഇന്ന് currency ആണ്. അതു കൈകളിൽ നിന്നും കൈകളിലേക്ക് മറിഞ്ഞു കൊണ്ടേ ഇരിക്കേണ്ടതുണ്ട്. അതാണ് നിലച്ചു പോയത്.കൊറോണയുടെ വ്യാപനം ഏതെങ്കിലും ഒരു പ്രദേശത്തു മാത്രം നിലച്ചതുകൊണ്ട് കാര്യങ്ങൾ പഴയതു പോലെ ആകും എന്ന് ധരിക്കുന്നത് അപകടമാണ്.

നമ്മുടെകൊച്ചു കേരളത്തിന്റെ കാര്യം തന്നെ പരിശോധിക്കൂ, ഏപ്രിൽ മാസം 20മുതൽ കേരളത്തിലെ ചില പ്രദേശങ്ങളിൽ ലോക്ക്ഡൗൺ വ്യവസ്ഥകളിൽ ചില ഇളവുകൾ നല്കുകയുണ്ടായി. എന്നാൽ ആ പ്രദേശങ്ങളിൽ കാര്യങ്ങൾ പഴയത് പോലെ ആയില്ല എന്ന് മാത്രവുമല്ല, പുതിയതായി രോഗംസ്ഥിരീകരിച്ചതിനാൽവീണ്ടും നിയന്ത്രണങ്ങൾ കടുപ്പിക്കേണ്ട അവസ്ഥ വന്നു ചേരുകയും ചെയ്തു.ഈ രോഗം ഭൂമുഖത്തുനിന്നും പൂർണമായും തുടച്ചു നീക്കുക എന്നത് വളരെവിദൂരമായി മാത്രമേ സംഭാവ്യമാവുകയുള്ളൂ എന്ന് കരുതേണ്ടതുണ്ട്. ഇതു നമ്മുടെ കൂടെ തന്നെ നിലനിൽക്കും എന്ന് മുന്നിൽ കണ്ടു നമ്മുടെ ജീവിതം ചിട്ടപ്പെടുത്തുക തന്നെ.ഓരോ പ്രദേശത്തും രോഗം കണ്ടെത്തുന്നതിനനുസരിച്ചു containment zone ആയി മാറ്റുന്നു. അവിടേക്ക് പുറത്തു നിന്നും ആർക്കും പ്രവേശനം ഇല്ല അതുപോലെ ആർക്കും പുറത്തേക്കും കടക്കാനാവില്ല.അതിനാൽ നമ്മുടെ ബിസിനെസ്സിൽ കൊറോണയുടെ സ്വാധീനം നീണ്ടു നിൽക്കും. അതിനനുസരിച്ചു ബിസിനസ്സ് നയങ്ങളെയും മാറ്റേണ്ടിവരും. തങ്ങളുടെ ബിസിനസിനെ കൊറോണ എങ്ങനെ ബാധിച്ചു എന്ന ഒരു പ്രാഥമീക വിലയിരുത്തൽ നടത്തുക. ഇങ്ങനെ ഉള്ള വിശകലനത്തിൽ നിന്നാണ്ഇതു തരണം

ചെയ്യാനുള്ള വഴികൾ തെളിയുകയുള്ളു.നമ്മുടെ ജീവിത മാർഗമായ ചെറിയ ബിസിനസ്സുകൾ (നാടൻ ശീലിൽ പറഞ്ഞാൽ കച്ചവടം)അടച്ചുപൂട്ടൽ ഒഴിവാക്കി മുമ്പോട്ടുള്ള യാത്ര പ്ലാൻ ചെയ്യുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ കൂടി മനസ്സിൽ കരുതുക.പൊതുവെ വരാവുന്ന ചില കാര്യങ്ങൾ ആണ് കൊടുക്കുന്നത്, ഓരോ ബിസ്സിനസ്സിന്റെയും സ്വഭാവമനുസരിച്ചു മാറ്റങ്ങൾ ഉണ്ടാകാം.

## 1.Preserving Cash.

ഇതു എല്ലാവർക്കും അറിവുള്ളതാണ്, ബിസിനസ്സിന്റെ നിലനില്പിനും, വ്യക്തിപരമായ ജീവിത മാർഗത്തിനും ആവശ്യമായ തുക cash ആയോ വേഗം cash ആക്കി മാറ്റാവുന്നതോ ആയ നിക്ഷേപത്തിലോ സൂക്ഷിക്കേണ്ടതുണ്ട്. ഇതിന് എത്ര cash ആണ് ആവശ്യം എന്ന ചോദ്യം സാധാരണമാണ്.ഈ ആവശ്യം കണക്കാക്കുമ്പോൾ ജോലിക്കാരുടെ ശമ്പളം, ഫോൺ, ഇന്റർനെറ്റ്, statutory payments, വീട്ടിലെ നിത്യ നിദാന ചിലവുകൾ ഉൾപ്പെടെ കാണേണ്ടതുണ്ട്. ഈ സംഖ്യ30ദിവസത്തേക്കുള്ളതെങ്കിലുംകരുതണം. കോറോണയെ നിയന്ത്രിക്കാൻ, സർക്കാർ കൈക്കോള്ളുന്ന പ്രധാന നടപടിലോക്ക് ഡൗൺ, സോഷ്യൽ ഡിസ്റ്റൻസിങ് മുതലായവയാണ്. രോഗത്തിന്റെ വ്യാപനത്തിന്റെ തോത് അനുസരിച്ചും, പ്രദേശത്തിന്റെ ജനസംഖ്യ തോത് അനുസരിച്ചും, lockdown കാലയളവ് കൂടാം. എങ്കിലുംനമക്കു 45-60ദിവസം പിടിച്ചു നിൽക്കാൻ വേണ്ടകരുതൽ ധനം cash ആയി അല്ലെങ്കിൽ cash ആക്കാവുന്ന നിക്ഷേപമായി കരുതാനായാൽ നന്ന്.

## 2. Arrive at your ideal business cycle.

ബിസിനസ്സിൽ ഒരു സൈക്കിൾ അഥവാ ബിസിനസ് ചക്രം എന്നു പറയുന്നത്, നാം പൈസ മുടക്കി സ്റ്റോക്ക് എടുക്കുന്നത് മുതൽ അതു വിറ്റ് തിരിച്ച് പൈസ ആയി കൈയിൽ വരുന്ന കാലയളവിനെയാണ്.ഇതിനെ കഴിഞ്ഞ കുറച്ചു നാളുകളിലെ, 3-4 മാസങ്ങളിൽ നടന്ന സെയിൽസ്, സർവീസ് എന്നിവയുടെ വിശകലനത്തിലൂടെ സാധിക്കും. സാങ്കേതിക സഹായം വേണം എന്നു തോന്നിയാൽനിങ്ങളുടെ ഓഡിറ്ററുടെ സഹായം തേടുക. Business cycle കൃത്യമായിനിർണ്ണയിച്ചാൽ പ്രവർത്തന മൂലധനം കുറക്കാനുംഅതുവഴി ബാങ്ക് ലോൺ കുറച്ചു കൊണ്ടുവരാനുംബിസിനസ്സ് കൂടുതൽ ലാഭകരമാക്കാനും കഴിയും.

## 3. Expansion plans.

കൊറോണ പോലുള്ള രോഗങ്ങൾവരുമ്പോൾ ആദ്യം തന്നെ അതിന്റെ പരിണിത ഫലം അനുഭവിക്കുന്നത്, ഹോട്ടൽ, ടൂറിസം മേഖലകളെയും, അതിനോട് നേരിട്ട് ബന്ധമുള്ള ഇതര മേഖലകളെയുമാണ്.യാത്രകൾ ഇഷ്ടമില്ലാത്തവർ വിരളമാണ്. എന്നാൽ കൊറോണ ഈ താല്പര്യത്തിന്മേൽ വലിയ വിജയം കൈവരിച്ചു എന്ന് പറയാതെ വയ്യ. യാത്രകൾ ചുരുക്കാനും, ആശയ വിനിമയത്തിന് video conference മുതലായ ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കാനുള്ളസാധ്യത കൂടുതലാണ്.അതിനാൽ ടൂറിസവുമായി ബന്ധമുള്ള ബിസിനസ്സ് capacity addition അൽപ സമയം കഴിഞ്ഞു നടത്തുന്നതാകും ഉത്തമം. ഒന്ന് നമുക്ക് ഉറപ്പിക്കാം, അടുത്ത കുറച്ചു നാളുകളിൽ നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങൾ അടഞ്ഞു കിടക്കും, ഒരു പ്രദേശം തുറന്നു പ്രവർത്തിക്കുമ്പോൾ മറ്റൊന്നോ, അതിലധികമോ പ്രദേശങ്ങൾ വൈറസ് ബാധിതമാകും എന്നാണ് പൊതുവെ വിലയിരുത്തുന്നത്.ഇത് ലോകത്തിലെ പല രാജ്യങ്ങളും നേരിടുന്ന പ്രശ്നം ആകയാൽ യാത്രകൾ കുറയ്ക്കുവാൻ നിർബന്ധിതരാകും. കടമെടുത്തു ഇതുമായി ബന്ധം ഉള്ള നിക്ഷേപങ്ങൾ നടത്തുന്നതിൽ ജാഗ്രത ആവശ്യമാണ്. Hotel, lodge, tour operators, contract carriages എന്നിവ ഈ ഗണത്തിൽ പെടുന്നു. ഇത്തരം പ്രൊജക്റ്റ് കൾ പുതിയത് വരാനുള്ള സാഹചര്യം അല്ല ഇപ്പോൾ ഉള്ളത് എന്നതു കൊണ്ടു തന്നെ നിർമ്മാണ മേഖലയിൽ പുതിയ നിക്ഷേപസാധ്യതകൾ കുറവായിരിക്കും. ഈ മേഖലയുമായിഅടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കൂടുതൽ നിക്ഷേപം നടത്തുന്നത് നീട്ടിവയ്ക്കുന്നത് നന്നായിരിക്കും.

## 4.Profitability contraction.

Lockdown നീണ്ടു പോകുന്നതിനനുസരിച്ച്, ബിസിനസ്സിലുള്ള വെല്ലുവിളി നീണ്ടു പോകും. ചില ബിസിനസ്സുകളിലെങ്കിലും store ചെയ്തിരുന്ന stock നഷ്ടപ്പെടുകയോ, ഉപയോഗയോഗ്യമല്ലാതാകുകയോ വരാം, അത് finished goods, raw material എന്നിവയാകാം. ഇതു പ്രതീക്ഷിക്കാത്ത

സാമ്പത്തിക നഷ്ടം വരുത്താം. മാത്രമല്ല സെയിൽസ് നഷ്ടമാകുന്നതിലൂടെ ബിസിനസ്സ് ലാഭകരമല്ലാതാകുകയോ ലാഭത്തിൽ കുറവോ വരാം. സമൂഹത്തിൽ വ്യാപാര, വ്യവസായ പ്രവർത്തനങ്ങൾ നടക്കണമെങ്കിൽ അത് ഉപയോഗിക്കുന്ന ഉപഭോക്താക്കൾ സ്വതന്ത്രമായി പുറത്തേക്ക് വരാനുതകുന്ന സാഹചര്യം ആകണം സമൂഹത്തിൽ നിലനിൽക്കുന്നത്. അതിനാൽ പൊതുവെ ഉത്പന്നങ്ങൾക്ക് ഡിമാൻഡ് കുറയും., അതിനാൽ ബിസിനസ്സ് അതു മുന്നിൽകണ്ടുകൊണ്ട് പ്ലാൻ ചെയ്യാൻ വൈകരുത്. എല്ലാം ഉടൻ ശരിയാകും എന്ന നില സ്വീകരിക്കുന്നത് അപകടമാകാം. ഇനി എല്ലാം നേരെ ആയാൽ തന്നെയും,സമൂഹത്തിൽ ഒരു ഡിമാൻഡ് contraction നീണ്ടു നിന്നേക്കാം. വൻ തോതിലുള്ള ജോലി നഷ്ടം ആളുകളുടെ ക്രയശേഷിയിൽ വലിയ ഇടിവുണ്ടാക്കിയിട്ടുണ്ടെന്നത് ആർക്കുംനിഷേധിക്കാനാകില്ല. അതു കൊണ്ടു തന്നെ പണം ചിലവിടുന്നതിൽ ആളുകൾ കൂടുതൽ ജാഗ്രത കാട്ടും. അതിനാൽ ലഭ്യമായ വിവരങ്ങൾ വച്ച് ബിസിനസിനെ രൂപപ്പെടുത്തേണ്ടതുണ്ട്.

## 5.New opportunities.

കോവിഡ്, ആശങ്കകൾ മാത്രമല്ല ചില അവസരങ്ങളും നൽകുന്നുണ്ട്. ലോകത്താകമാനം പൊതുജനാരോഗ്യ രംഗത്ത് വലിയ മുതൽമുടക്ക് വേണ്ടിവരും എന്നാണ് കണക്കാക്കുന്നത്. കോവിഡ് പോലുള്ള മഹാമാരിയിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് മതിയായ പശ്ചാത്തല സംവിധാനങ്ങൾ സർക്കാർ, സ്വകാര്യ മേഖലകളിൽ ഉണ്ടാക്കേണ്ടതുണ്ട്. അതുപോലെ തന്നെ സുരക്ഷാ സംവിധാനങ്ങൾ, ശ്വസന സഹായികൾ എന്നിങ്ങനെ നിരവധി ആവശ്യങ്ങൾ ഉണ്ട്. ഇതെല്ലാം ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക്ബിസിനസ്സ് അവസരങ്ങൾ നൽകുന്നു. മറ്റൊന്ന് വിവര സാങ്കേതിക രംഗങ്ങളിൽ വളരുന്ന അവസരങ്ങളാണ്. കോവിഡ് കാലത്തെ lockdown ജീവിതം കുറെയെങ്കിലും സാധ്യമായതു, വിവര സാങ്കേതിക വിദ്യയുടെ വിപുലമായ ലഭ്യത കൊണ്ടാണെന്നു ഏവരും സമ്മതിക്കും.അതിനാൽ സാങ്കേതിക രംഗത്ത് പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങൾ കോവിഡ് കാലത്ത് ജീവിതം സുഗമമാക്കാൻ ഉതകുന്ന രീതിയിൽ തങ്ങളുടെ പ്രവർത്തനങ്ങൾ, പുതിയ ആപ്ലിക്കേഷൻ ഡെവലപ്പ്ചെയ്യുക എന്നിങ്ങനെയുള്ള പദ്ധതികൾ രൂപീകരിച്ചു മുന്നേറാവുന്നതാണ്.

## 6.New style of operation.

GST നടപ്പാക്കിയപ്പോൾ നമ്മുടെ രാജ്യത്തെ ബിസിനസ്സ്ചെയ്യുന്ന സമ്പ്രദായങ്ങൾ ഉടച്ചു വർക്കപ്പെട്ടു. പലരും decentralised ബിസിനസ്സ് ഓപ്പറേഷനിൽ നിന്നും മാറി സെൻട്രലൈസ്ഡ് ആക്കി. ലോക്കൽ ഗോഡൗൺ എന്ന കോൺസെപ്റ്റ് തന്നെ മാറ്റി. എന്നാൽ, നാം ഇനി കൊറോണയോടൊപ്പം ജീവിക്കാൻ ശീലിക്കുമ്പോൾ ഒരു decentralised supply chain ആവും ഉത്തമം. ലോക് ഡൗൺ ഉള്ള സ്ഥലങ്ങളും ഇല്ലാത്ത ഇടങ്ങളും ഉണ്ടാകാം നമ്മുടെ നഗരത്തിൽ അല്ലെങ്കിൽ ഗ്രാമത്തിൽ. ആളുകളുടെ കൂടിച്ചേരലുകൾ നിയന്ത്രിക്കപ്പെടുമ്പോൾ, പൊതു ഗതാഗതം നിയന്ത്രിക്കപ്പെടുമ്പോൾ ജനങ്ങളുടെ അയൽപക്കത്തുള്ള വ്യാപാരസ്ഥാപനങ്ങൾ പ്രയോജനം ചെയ്യും. നമ്മുടെ നാട്ടിലെ മാർക്കറ്റുകൾ കേന്ദ്രീകരിച്ചു, മൊബൈൽ അപ്ലിക്കേഷൻവഴി സാധനങ്ങൾഒരു 5കിലോമീറ്റർ ചുറ്റളവിൽ വിതരണം ചെയ്യാൻ കഴിയണം ഇതിന് വ്യാപാരികളുടെ സംഘടനകൾക്ക് ശ്രമിക്കാവുന്നതാണ്. നമ്മുടെ മിടുക്കന്മാരും മിടുക്കികളും രൂപം കൊടുത്ത സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് ഇതു സാധിക്കും. അങ്ങനെ നമുക്ക് ഓൺലൈൻ വിപണിയുടെ തള്ളിക്കയറ്റം ചെറുക്കാം.

## Conclusion.

ഞാൻ മുകളിൽ സൂചിപ്പിച്ചവസ്തുതകൾഎല്ലാവർക്കും ഒരുപോലെ പ്രയോജനമാണോ എന്നു പറയുക പ്രയാസം. ഓരോ ബിസിനസ്സിനെയും നന്നായി അറിയുന്നവർ അതിന്റെ ഉടമകളാണ്, അവരുടെ സ്വപ്നങ്ങളാണ് ബിസിനസ്സിന്റെ രൂപത്തിൽ നില്കുന്നത്. ജീവിതത്തിൽ നേടിയതൊക്കെയും ബിസിനസ്സിൽ നിക്ഷേപിച്ചും അതിലുപരി വിശ്രമമില്ലാതെ അധ്വാനിച്ചും വളർത്തിയെടുക്കുന്ന സംരംഭങ്ങൾ നിലനിർത്തുക എന്നത് ഇന്നത്തെ നിലക്ക് വളരെ ശ്രമകരമാണ്. ആർക്കും പ്രവചിക്കാൻ കഴിയാത്ത, ആരും ഇന്നേവരെ ദർശിക്കാത്ത ഒരു സവിശേഷമായഅവസ്ഥയിലൂടെ നാം കടന്നു പോകുമ്പോൾ വഴിയിൽ തെളിയുന്ന ഓരോ ചെറിയ ദീപനാളത്തേയും അണയാതെ കാക്കേണ്ടത് നമ്മളാണ്, നമ്മൾ മാത്രമാണ് എന്നത് മറക്കാതിരിക്കുക. ●

# കഥാപതിപ്പ്



# ജീവിതത്തിന്റെ കടൽ

**എം. ഹരിദാസ്**

*എ.കെ.അനിൽകുമാർ * യഹിയ മുഹമ്മദ്
* അക്ഷയ അശോക് * നിത്യലക്ഷ്മി * പി.സജീവ്കുമാർ
* ദിവ്യ സി.ആർ * സജന സന്തോഷ് * മാണി പയസ്
* ജോജിമോൾ ഷാജു * ശ്രീദേവി അമ്പലപുരം
* അജിത രാജൻ * നിമിഷ ഹിജു * സവിത ദാസ്
* വത്സൻ പി.സി. * രാജേശ്വരി തുളസി
* സിന്റ സേവി * സിന്റി സ്റ്റാലി

# ജീവിതത്തിന്റെ കടൽ



എം. ഹരിദാസ്

സാഹിത്യവിഭാഗങ്ങളുടെ താരതമ്യവിചിന്തനത്തിന് വലിയ പ്രസക്തിയില്ല. എങ്കിലും മലയാളത്തിൽ വില്പനയുടെ അടിസ്ഥാനത്തിൽ മുന്നിൽ നില്ക്കുന്നത് നോവലാണെന്നത് തർക്കരഹിതമാണ്. വില്പനയിൽ പുറകിൽ നിൽക്കുമ്പോഴും, സൃഷ്ടിസമ്പന്നതയിൽ മുന്തിനില്ക്കുന്നത് കവിതയാണ്. സൃഷ്ടികളുടെ എണ്ണത്തിലും, മികവിലും, വില്പനയിലും വിജയിച്ചുനില്ക്കുന്നതാകട്ടെ, കഥാ സാഹിത്യശാഖയുമാണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ ആരംഭിച്ചെങ്കിലും മലയാളത്തിൽ കഥ ഒരു പ്രബല സാഹിത്യശാഖയായ് ഉരുത്തിരിഞ്ഞത് തൊള്ളായിരത്തിനാല്പതുകളിൽ മാത്രമാണ്. ആ കാലഘട്ടം തൊട്ടേ മലയാളികളുടെ മാനസികപരിവർത്തനത്തിന് ചാലകശക്തിയാകുന്നതിൽ കവിതക്കൊപ്പം കഥയും ഉണ്ടായിരുന്നു. കഥയും കവിതയും കൈകോർത്ത് നവോത്ഥാനശക്തിയായി മാറുന്ന ഈ കാഴ്ച എഴുപതുകൾ വരെ തുടർന്നു. വൈലോപ്പിള്ളി, ഇടശ്ശേരി, എൻ.വി.കൃഷ്ണവാരിയർ, പി.ഭാസ്കരൻ, വയലാർ, ഒ.എൻ.വി.... തുടങ്ങി സുഗതകുമാരി, കടമ്മനിട്ട.... വരെയുള്ളവരുടെ കവിതകൾ മലയാളിയുടെ മനോഭാവസൃഷ്ടിയിൽ വഹിച്ച പങ്ക് നമുക്കറിയാം. അതിലും കൂടിയ സ്വാധീനം തകഴി, ദേവ്, ബഷീർ, അന്തർജനം, പൊറ്റെക്കാട്ട്, ഉറൂബ്, പൊൻകുന്നം വർക്കി, കാരൂർ തുടങ്ങി എം.ടി, പത്മനാഭൻ, മാധവിക്കുട്ടി വരെയുള്ളവരുടെ കഥകൾക്കും ഉണ്ടായിരുന്നു.

കഥയിലും കവിതയിലും പ്രമേയസ്വീകരണത്തിലും പരിചരണത്തിലും കാതലായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച ദശകങ്ങളാണ് ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തെ നാല് ദശകങ്ങൾ. വൈദേശിക തത്വദർശനങ്ങളുടെ അതിർകവിഞ്ഞ



സ്വാധീനവും, മനുഷ്യരാശിയുടെ പുരോയാനത്തിൽ വന്ന അശുഭചിന്തയും, പ്രതീക്ഷാരാഹിത്യവും, അസ്തിത്വത്തെക്കുറിച്ചുള്ള അലോസരങ്ങളും എല്ലാം അടങ്ങിയ ഈ കാലഘട്ടത്തിലെ സാഹിത്യം അത്യാധുനികം എന്ന് ഒരേ സമയം പ്രശംസാപരമായും, അധിക്ഷേപാർത്ഥത്തിലും വിളിക്കപ്പെട്ടു. ഈ നാഴികക്കല്ലിൽ വെച്ചാണ് കഥ കവിതയെ പിന്നിട്ട് അതിവേഗം മുന്നോട്ട് നീങ്ങിയത്. ആ കാലഘട്ടത്തിലാണ് കാക്കനാടൻ, മുകുന്ദൻ, സക്കറിയ, പുനത്തിൽ കുഞ്ഞബ്ദുള്ള, ഒ.വി.വിജയൻ, നാരായണപിള്ള, സേതു തുടങ്ങി മുതിർന്ന എഴുത്തുകാരുടെ സർഗശക്തി കൊണ്ടാടപ്പെടുന്നത്. അതോടൊപ്പം അവരുടെ ചില രചനകളെങ്കിലും ആരോഗ്യപൂർണ്ണമായ സമൂഹത്തിനോട് ഇഴചേർക്കാനാവാത്തതാണെന്ന ആരോപണവും ഉയരുകയുണ്ടായി. എന്നാൽ അവർക്ക് തൊട്ടുപുറകേ എം.സുകുമാരൻ, സി.വി.ശ്രീരാമൻ, വൈശാഖൻ, ടി.വി.കൊച്ചുവാവ, അശോകൻ ചെരുവിൽ, സാറാ ജോസഫ്, പി.വത്സല, വേണുഗോപൻ നായർ, ഹരികുമാർ......... തുടങ്ങി വളരെയധികം പേർ രചനയുടെ കയ്യൊതുക്കത്തിലും പ്രമേയത്തിന്റെ വൈവിധ്യത്തിലും നവീനവിഷയങ്ങളുടെ സ്വീകരണത്തിലും, പുരോഗമന ജീവിതദർശനത്തിലും ശ്രദ്ധാർഹമായ രചനകളുമായി വന്നതോടെ മലയാള കഥാസാഹിത്യത്തിലെ സർഗാത്മകത സുസ്ഥിരത കൈവരിച്ചു. ഈ രണ്ടാം വിഭാഗക്കാരുടെ ആരോഗ്യപൂർണ്ണമായ ജീവിതാപഗ്രഥനമാവട്ടെ, ആദ്യവിഭാഗത്തിൽ നിന്നുള്ള ശ്രദ്ധേയമായ വ്യതിയാനവുമായിരുന്നു.

കഥയിലെ ഈ പൂർവ്വപാരമ്പര്യത്തിന് അഭംഗുരമായ തുടർച്ച ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ഉണ്ടെന്നതിന് പിന്നിടുന്ന രണ്ട് ദശകങ്ങളിലെ രചനകൾ സാക്ഷ്യം വഹിക്കുന്നു. ഒട്ടേറെ പുതിയ കഥാകൃത്തുകൾ വൈവിധ്യപൂർണ്ണമായ പ്രമേയപശ്ചാത്തലങ്ങളിൽ ജീവിതാനുഭവങ്ങൾ ആലേഖനം ചെയ്തുകൊണ്ട് കഥാരചനയിലേക്ക് ചേക്കേറിയത് ഈ തുടർച്ചക്ക് കാരണമായിത്തീർന്നു. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ നിരവധി പുതിയ ആനുകാലികങ്ങൾ ആരംഭിച്ചത് കഥകളുടെ രചനയ്ക്കും പ്രകാശനത്തിനും അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു.

കഴിഞ്ഞ ഏതാനും മാസങ്ങളിലെ ആനുകാലികൾ പരിശോധിച്ചാൽ സേതു, ഗ്രേസി, രഘുനാഥ് പലേരി, മധുപാൽ, സി.വി.ബാലകൃഷ്ണൻ, കെ.പി.രാമനുണ്ണി തുടങ്ങി മുതിർന്ന പലരും ഇപ്പോഴും കഥാരചനയിൽ വ്യാപൃതരാണ് എന്ന് മനസിലാക്കാം. കവിയായ സച്ചിദാനന്ദൻ കഥകൾ എഴുതുന്നു എന്നതും ഈ കാലഘട്ടത്തിന്റെ സവിശേഷതയാണ്. നിധീഷ് ജി, ചന്ദ്രൻ പുക്കാട്, ഷാഹിന ഇ.കെ, മജീദ് സെയ്ത്, ടി.പി.വേണുഗോപാലൻ, എം.നന്ദകുമാർ.... തുടങ്ങി ഏറെ യുവാക്കളും കഥാരചനയിൽ സജീവമാണ്.

മാതൃഭൂമി ആഴ്ചപ്പതിപ്പ് നിർത്തിവെച്ചിരുന്ന വിദ്യാർഥികൾക്കുള്ള സാഹിത്യമത്സരം ഈ വർഷം പുനരാരംഭിച്ചപ്പോൾ കഥാമത്സരത്തിൽ ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ പ്രഖ്യാപിക്കുകയുണ്ടായി. മത്സരത്തിനയച്ചു കിട്ടിയ കവിതകളിൽ സമ്മാനാർഹമായവ കണ്ടെത്താനാവാതെ പ്രോത്സാഹന സമ്മാനങ്ങൾ കൊടുത്ത് അവസാനിപ്പിക്കുകയാണ് വിധികർത്താക്കൾ ചെയ്തതെന്ന് ഇവിടെ കൂട്ടിവായിക്കേണ്ടതാണ്.

മത്സരത്തിലെ വിധികർത്താക്കളിലൊരാളായ സാറാ ജോസഫ്, 'പുതുതലമുറക്കഥകൾ എന്ന് ആവേശം കൊള്ളിക്കുന്ന ഭാഷാപരവും ഘടനാപരവും ആശയപരവും ആയ വിച്ഛേദനങ്ങൾ ഈ കഥകളിൽ കണ്ടില്ല" എന്ന് നിരാശപ്പെടുകയുണ്ടായി. 'ആധുനികതയും ഉത്തരാധുനികതയും കടന്ന് ആഗോളീകരണത്തിന്റെ ലഗ്നത്തിൽ നില്ക്കുന്ന പുതിയ മലയാളകഥയിൽ വ്യക്തിശിഥിലത, അസന്തുഷ്ടി, പൊറുതികേട് തുടങ്ങിയ ആഗോളീകൃത സാ

ഹിത്യപ്രകൃതത്തിനൊപ്പം ഉത്തരാധുനികതയുടെ മുൻഗണനനയായ പാർശ്വവത്കൃത വിഭിന്ന ജീവിതങ്ങളും' പ്രതിഫലിക്കുന്നു എന്നാണ് മറ്റൊരു വിധികർത്താവായ കെ.പി.രാമനുണ്ണി രേഖപ്പെടുത്തിയത്. മുമ്പേ നടക്കുന്ന കഥാകൃത്തുക്കൾ പിൻപേ വരുന്നവരുടെ രചനോദ്യമങ്ങളെ എങ്ങനെ നിരീക്ഷിക്കുന്നു എന്ന് കാണിക്കുന്നതിനാണ് ഈ കഥാകൃത്തുക്കളുടെ അഭിപ്രായം ഉദ്ധരിച്ചത്. 'അകാല്പനികവും പരുക്കനും ആയ ഭാഷയിൽ' രചിക്കപ്പെടുന്ന പുതിയ കഥകളിൽ വിദേശകഥകളുടെ അനുകരണം ദൃശ്യമാണെങ്കിലും, കേരളീയമായ സമസ്യകൾക്കും വിഹ്വലതകൾക്കും ആശങ്കകൾക്കും ആവിഷ്കാരം നല്കുന്നവയാണ് അവ എന്നാണ് മറ്റൊരു വിധികർത്താവും വിമർശകനും ആയ ഇ.പി.രാജഗോപാലൻ രേഖപ്പെടുത്തിയിരിക്കുന്നത്.

വിഷുപ്പതിപ്പിന് തൊട്ടു മുന്നേ വന്ന ആഴ്ചപ്പതിപ്പിന്റെ ഒരു ലക്കം മലയാളത്തിലെ പുതിയ ഒമ്പത് കഥാകൃത്തുക്കളുടെ കഥകൾ ഉൾപ്പെടുത്തി നവകഥ എന്ന ദ്വയാർഥനാമത്തോടുകൂടി കഥാപതിപ്പായാണ് പ്രസിദ്ധീകരിച്ചത്. അതിന്നെഴുതിയ ആമുഖത്തിൽ പത്രാധിപർ സുഭാഷ്ചന്ദ്രൻ ഇപ്രകാരം പറയുന്നു. 'മനുഷ്യനെ കുറച്ചുകൂടി അടുത്തുനിന്നു കാണാനും ആ കാഴ്ചയെ സത്യസന്ധമായി ഭാഷയിലേക്ക് എടുത്ത് വെയ്ക്കാനും ഈ ചെറുപ്പക്കാർക്ക് കഴിഞ്ഞിരിക്കുന്നു. മതവും രാഷ്ട്രീയവും സർഗാത്മകതയും രതിയും കുടുംബവും സ്ത്രീസ്വത്വവും പുതുകാലജീവിതവുമെല്ലാം അവയിൽ പ്രമേയങ്ങളായി വരുന്നു.' രചനകളുടെ ചില പ്രത്യേക ഘടനകളിൽ അവർക്ക് പാരസ്പര്യം കണ്ടേക്കാമെങ്കിലും, കഥാചരിത്രത്തിൽ പുതിയൊരു ഘട്ടമായി സാമാന്യവൽക്കരിക്കാൻ കഴിയാത്ത മട്ടിലുള്ള വ്യതിരിക്തതകളും ഈ കഥകൾക്കുണ്ട് എന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്.

പുതിയ കഥകളെകുറിച്ചുള്ള ഈ വിശകലനങ്ങളിൽനിന്ന് ഉരുത്തിരിയുന്ന വസ്തുത ഇപ്രകാരം സംഗ്രഹിക്കാം. അവയുടെ വൈവിധ്യം അവയെ ഒരു സമാനവിതാനത്തിൽ അടയാളീകരിക്കാൻ സാധ്യമല്ലാത്ത വിധം വിപുലമാണ്. അത് ലോകസാഹിത്യത്തിലെ പുതുപ്രവണതകളെ സ്വാംശീകരിക്കുന്നതോടൊപ്പം നൂറ് ശതമാനവും തദ്ദേശീയമായി വർത്തിക്കുകയും ചെയ്യുന്നു. കാല്പനികസ്വപ്നങ്ങളല്ല യാഥാർത്ഥ്യബോധമാണ് ഈ കഥാകൃത്തുക്കളെ നയിക്കുന്നത്. വർത്തമാനജീവിതത്തിന്റെ വൈചിത്രപൂർണ്ണമായ കടലിരമ്പമാണ് അവർക്ക് മഷിപ്പാത്രം. അത് ആവിഷ്കരിക്കുന്നതിനാവശ്യമായ ഭാഷാനിർമാണത്തിലും അവർ കൃതഹസ്തത നേടുന്നു. സാമാന്യധർമങ്ങൾക്കതീതമായ സ്വത്വമുദ്രകൾ അവരെ ഓരോരുത്തരേയും വ്യത്യസ്തരാക്കുന്നു. ഒരു സാഹിത്യശാഖ സഫലവും പ്രസക്തവും ആയിത്തീരാൻ മതിയായ ഘടകങ്ങൾ തന്നെയാണ് ഇവയെല്ലാം.

മഹാമാരിയുടെ പിടിയിലമർന്ന മനുഷ്യരാശിയുടെ നിലനില്പ് ഭീഷണിയെ അഭിമുഖീകരിക്കുന്ന ഇന്നത്തെ വിഷമസന്ധി സർഗാവിഷ്കാരങ്ങൾക്ക് വലിയ വെല്ലുവിളിയാണ് ഉയർത്തിയിരിക്കുന്നത്. കാറും കോളും നീങ്ങി തമസ്സകലുന്ന വേളയിൽ ആ വെല്ലുവിളിയോട് സാർത്ഥകമായി പ്രതികരിക്കുന്ന സൃഷ്ടികൾ മലയാളകഥയിൽ അടയാളപ്പെടുത്താൻ ഇന്നത്തെ യുവകഥാകൃത്തുക്കൾക്ക് കഴിയും എന്ന പ്രത്യാശയോടെ ഈ കഥാപതിപ്പിന്റെ അകത്തളത്തിലേക്ക് നിങ്ങളെ സ്വാഗതം ചെയ്യുന്നു. ●

# പറയാൻ ബാക്കിവെച്ചത്



എ. കെ. അനിൽകുമാർ



**ആ**ളൊഴിഞ്ഞ ആ നഗരപ്രാന്ത പ്രദേശത്ത് ഒരു സെമിത്തേരിയുണ്ട്. പ്രണയിച്ച്, ഒടുവിൽ ആത്മഹത്യ ചെയ്യുന്ന കമിതാക്കളുടെ വിങ്ങുന്ന നൊമ്പരങ്ങൾ മൂടപ്പെടുന്ന സ്ഥലം. അവിടെ വളർന്നു നിൽക്കുന്ന മുള്ളിച്ചെടികൾക്കിടയ്ക്ക് അങ്ങിങ്ങ് ഒറ്റപ്പെട്ടു നിൽക്കുന്ന ചില ചെറിയ തെങ്ങുകൾ കാണാം. വളർച്ച മുരടിച്ച തെങ്ങുകൾ. അതിന്റെ തണൽപ്പറ്റി ചിലപ്പോഴൊക്കെ ചില കമിതാക്കൾ മനസ്സുകൾ തമ്മിൽ ഇഴകോർത്ത് അവിടെ ഇരിക്കുന്നതു കാണാം.

അവന്റെ മാറിൽ കരഞ്ഞു കലങ്ങിയ തന്റെ മിഴിനീരിൽ പടർന്നിറങ്ങുന്ന സ്വപ്നങ്ങളെ പകുത്തുകൊണ്ട് അവൾ പറഞ്ഞു: ‘ഞാൻ ചാവും...‘

അവളുടെ സമൃദ്ധമായ മുടിയിഴകളിൽ കൈവിരലുകൾ കൊണ്ട് സാന്ത്വന സ്പർശമേകി അവളുടെ മുഖം പിടിച്ചുയർത്തിക്കൊണ്ട് അവൻ ചോദിച്ചു: ‘ഒറ്റയ്ക്കോ ?‘

അവൾ അവന്റെ മുഖത്തുതന്നെ കണ്ണിമയ്ക്കാതെ നോക്കിയിരുന്നു. അവളുടെ ആ വലിയ രണ്ട് ഉണ്ടക്കണ്ണുകളിൽ അവന്റെ ചിരിക്കുന്ന മുഖം ഒരു താരാട്ടായി അവളുടെ ഹൃദയത്തിന്റെ ഉള്ളറകളിലേക്ക് മെല്ലെ ഇറങ്ങിപ്പോയി; ഒരു തണുത്ത കിനാവിൻ ഓർമ്മക്കുളിരുപോലെ. അവളുടെ മുഖം അവന്റെ മാറിലെ ഹൃദയസ്പന്ദനത്തിൻ തുടിപ്പേറ്റു മയങ്ങി.

അന്തരീക്ഷം പതുക്കെ മങ്ങി വന്നു. ആകാശത്ത് കട്ടിപിടിച്ചു നിന്ന കറുത്ത കമ്പളത്തിൻ തണൽ അവരെ വന്നു മൂടി. തണുത്ത കാറ്റ്. കുഞ്ഞ് വെള്ളത്തുള്ളികൾ അവരുടെ മേൽ സ്നേഹസ്പർശമായി അലിഞ്ഞിറങ്ങി.

‘നമുക്കൊന്ന് പറന്നാലോ...?‘ അവൻ അവളുടെ കണ്ണുകളോട് ചോദിച്ചു. അവൾക്കത് എപ്പോഴേ സമ്മതം.

അവർ പരസ്പരം കോർത്തിരുന്ന വിരൽത്തുമ്പുകൾ വിടർത്തിമാറ്റി. എന്നിട്ട് കൈകൾ രണ്ടും ആകാശത്തേയ്ക്ക് ഉയർത്തി മെല്ലെ മെല്ലെ വീശാൻ തുടങ്ങി.

ആകാശം വീണ്ടും ഇരുളാൻ തുടങ്ങി. അവർ പതുക്കെപ്പതുക്കെ കൈകൾ വീശി ആകാശത്തേക്ക് ഉയർന്നു. രണ്ടു മഴമേഘത്തുമ്പികളെപ്പോലെ അവർ അങ്ങനെ ഉയർന്നുയർന്ന് ആകാശയിരുളിലേക്ക് അമർന്നമർന്നു പോയി.

ദിവസങ്ങൾ കടന്നുപോയി. അവിടെ പുതിയ പുതിയ കമിതാക്കൾ വന്നുപോയ്ക്കൊണ്ടിരുന്നു. അവർക്കാർക്കും ഒരു ശല്യവുമുണ്ടാക്കാതെ, മുൾച്ചെടികൾ മൂടിയ രണ്ടു കുഴിമാടങ്ങളുടെ മുകളിൽ, പറയാൻ ബാക്കിവെച്ച ഏതോ ഓർമ്മകളുടെ കുളിരുള്ള നനുത്ത വിരൽസ്പർശവുമായി ചിലപ്പോഴൊക്കെ രണ്ടു മഴമേഘത്തുമ്പികൾ അവിടെ പാറിനടന്നിരുന്നു.

# മരുഭൂമിയിലെ പരൽ മീനുകൾ

‘എന്നാ മോള് ഫോണ് വച്ചോ
അപ്പ ഏർപോട്ടിൽ എത്തി’

കൃത്യമായ അളവിൽ നിശബ്ദത കൊണ്ട് തോരണം തൂക്കി നീണ്ടു പുളഞ്ഞു കിടക്കുന്ന ക്യൂവിൽ അവസാനത്തെ ബോഗിയായ് രഘുവും നിലയുറപ്പിച്ചു. ക്യൂ അത്ഭുതമായ കാലമാണിത്. മുമ്പൊന്നും കണ്ടു പരിചയമില്ലാത്ത അത്ഭുതങ്ങൾ ഒരു പാടുണ്ട് ഈ കാലത്ത്. കണ്ടാൽ സലാം പറഞ്ഞ് കെട്ടിപ്പിടിച്ച് മുത്തം വെക്കുന്ന അറബികൾ പോലും ഒന്ന് പുഞ്ചിരിക്കാൻ പേടിച്ച് മുഖം തിരിച്ച് നടക്കുന്ന അത്ഭുത കാലം

തലേന്ന് അമ്പലത്തിൽ പോയിരുന്നു. തുറക്കില്ലെന്നറിയാം, എന്നാലും ഒരു ശീലം. അമ്മ കൈമാറി തന്നു പോയ ഒരു പാട് ശീലങ്ങളിൽ ഒന്ന്. യാത്ര പോവുന്നതിന് മുമ്പ് അമ്പലത്തിൽ പോയി തൊഴണം, അതമ്മക്ക് നിർബന്ധമായിരുന്നു. ഇന്നേ വരെ രഘു ആ ശീലം തെറ്റിച്ചിട്ടില്ല.





മനാമാ സൂക്കിലൂടെ രഘു അമ്പലത്തിലേക്ക് നടന്നു. ആളൊഴിഞ്ഞ മരണ വീട് പോലെ നിശബ്ദമാണ് സൂക്ക് ഇന്ന് .

ആളാരവങ്ങൾ കൊണ്ട് നിറഞ്ഞെഴുകിയിരുന്ന സൂക്ക് എന്നും ഊദിന്റെ ഗന്ധത്താൽ സുഗന്ധ പൂരിതമായിരുന്നു പക്ഷേ ഇന്ന് എവിടുന്നോ വീശുന്ന കാറ്റിന്ന് കത്തിക്കരിഞ്ഞ മാംസത്തിന്റെ ഗന്ധവും ആരും വരാനില്ലെന്നറിഞ്ഞിട്ടും പ്രതീക്ഷയോടെ കടയുടെ മുന്നിലിരിക്കുന്ന കച്ചവടക്കാരുടെ ഉള്ളു പൊള്ളിയുള്ള ദീർഘശ്വാസത്തിന്റെ ചൂടും മാത്രമാണ്.

അമ്പലം അടഞ്ഞുതന്നെ കിടക്കുന്നു. കൃഷ്ണ ക്ഷേത്രമാണ് ദൈവം അകത്ത് തനിച്ചാണ്. ഒരുപാട് പറയാനുണ്ടായിരുന്നു രഘുവിന് ദൈവത്തോട്. പ്രത്യേകിച്ച് അഭിരാമിയുടെ കാര്യം. വലിയ ഭക്തനൊന്നുമല്ലെങ്കിലും ബഹുഭൂരിപക്ഷത്തെ പോല



**യഹിയാ മുഹമ്മദ്**

രഘുവും ഒരു വിശ്വാസിയാണ്. പുറത്തു നിന്ന് മനസ്സുരുകി പ്രാർത്ഥിച്ചിട്ടുണ്ട്. പ്രാർത്ഥന മുഴുവനും അവൾക്കു വേണ്ടിയായിരുന്നു.

വരിനീങ്ങിത്തുടങ്ങുന്നുണ്ട്. ആരോഗ്യ പ്രവർത്തകരും പോലീസുകാരും കർശനമായ പരിശോധന മുറയിലാണ്. ശരീരം മുഴുവനും മറച്ച ആരോഗ്യ പ്രവർത്തകരെ കണ്ടപ്പോൾ രഘുവിന് അന്യഗ്രഹമനുഷ്യരെ പോലെയാണ് തോന്നിയത് യാത്രക്കാരിൽ ചിലരും അങ്ങനെയുണ്ട്.

ചില മുൻകരുതലുകൾ രഘുവും കരുതിയിട്ടുണ്ട്. മാസ്ക്കും കൈയ്യുറയും, സാനിറ്റയ്സറും.

ക്യൂവിൽ നിൽക്കുന്നതിന്റെ വിരസത കൊണ്ടായിരിക്കും തലവേദന കുറച്ച് കനത്തിട്ടുണ്ട്. ഇന്നലെ വൈകുന്നേരം മുതലേ ചെറിയ തലവേദനയുണ്ട്. യാത്ര മുൻകൂട്ടി തീരുമാനിച്ചതൊന്നുമല്ലായിരുന്നല്ലോ

ലോക് ഡൗൺ തുടങ്ങുന്നതിനു മുൻപേ കമ്പനി പണിക്കാർക്കു പാതി സാലറിയോടെ ലീവ് അനുവദിച്ചിരുന്നു. നാട്ടിൽ പോവുന്നവർക്ക് പോവാം. ഇവിടെ തന്നെ നിൽക്കുന്നവർക്ക് റൂമും ഭക്ഷണവും കമ്പനി തരും. പലരും നാട്ടിൽ പോയെങ്കിലും രഘു വേണ്ടന്നു വച്ചു.

വീട്ടിൽ കുടിയിരിക്കല് കഴിഞ്ഞ് വന്നിട്ട് ഒരു വർഷം തികയുന്നേ ഉള്ളൂ. വീട് പണിയുടെ കുറച്ച് ബാധ്യത കൂടി ബാക്കിയുണ്ട്. അതു കഴിഞ്ഞ് അന്നൂന്റെ പഠിപ്പും വിവാഹത്തിനുമൊക്കെയായി കുറച്ച് മുതല് കരുതണം. എന്നിട്ട് പ്രവാസം അവസാനിപ്പിച്ച് ശിഷ്ടകാലം അഭിരാമിയോ

ടൊപ്പം സന്തോഷത്തോടെ കഴിയണം.

വിവാഹം കഴിഞ്ഞിട്ട് പത്ത് പതിനാല് വർഷാ യെങ്കിലും മനസ്സറിഞ്ഞ് അഭിയോടൊപ്പം കഴിഞ്ഞ ത് വളരെ തുച്ഛമായ ദിനങ്ങളാണ്.

അവളെ താലി കൊട്ടികൊണ്ടു വരുന്ന സമയ ത്ത് വീട്ടിൽ ഒരു പാട് അംഗങ്ങളുണ്ടായിരുന്നു. അത് കൊണ്ടു തന്നെ പാതി പട്ടിണിയും. എട്ടു വർഷത്തോളം അങ്ങനെ കടന്നു പോയി.

രഘുവിന്റെ പോക്കറ്റിൽ നിന്നും ഫോൺ മുര ണ്ടു തുടങ്ങി വൈബ്രേഷൻ മൂഡിലാണ് രഘു ഫോണെടുത്തു. മോളാണ്.

'ഹലോ എന്തായ് അപ്പ?'

'അപ്പ ക്യൂവിലാ. ചെക്കിംഗ് കഴിഞ്ഞ് ബോഡിം ഗ് പാസ് കിട്ടിയാ അപ്പ അങ്ങോട്ടു വിളിക്കാം'

'ആ'

'അമ്മ?'

'അമ്മ മയക്കത്തിലാ. നല്ല പെയിനുണ്ട്. മയ ക്കം തെളിയുമ്പോഴൊക്കെ അമ്മ മുരളുകയും ക രയുകയും ചെയ്യും. അതിനിടയിൽ അമ്മ അപ്പ യെ കൊണ്ട് ചോദിക്കും'

'നെക്സ്റ്റ്'

'അനൂ, മോള് ഫോണ് വച്ചേ. എനി അപ്പക്കു മുമ്പിൽ രണ്ടു പേരു കൂടിയേ ബാക്കി ഉള്ളൂ'.

അവളുടെ സ്നേഹം ഒരു കരുതലാണ്. അഭി രാമിക്ക് അവളുടെ കാര്യത്തേക്കാളും പ്രാധാന്യം എന്റെ കാര്യങ്ങളാണ്. അവളല്ലാത്ത ഒരു പ്രശന വും എനിക്കൊരു പ്രശ്നമേ ആയിരുന്നില്ലന്ന് തി രിച്ചറിഞ്ഞ ഏതാനും ദിവസങ്ങളായിരുന്നു കട ന്നു പോയത്

അഭിരാമി ഒരിക്കൽ പോലും ഒരു അസുഖമാ യി കിടന്നത് എന്റെ ഓർമ്മയിലില്ല. ഒരു വിധം ത ലപെന്തുമെങ്കിൽ അവളെണീക്കും

"എനിക്കൊന്നൂല്ല രഘുവേട്ടാ ഇതൊരു ചെറി യ പനിയല്ലേ"

എനിക്ക് ടെൻഷൻ അടിക്കും എന്ന് കരുതി യിട്ടാവും അസുഖങ്ങളെ കുറിച്ച് എന്നോട് പറ യാറേ ഇല്ല.

'നെക്സ്റ്റ്'

അടുത്തത് രഘുവിന്റെ ഊഴമാണ്. തലവേദ ന കൂടി കൂടി വരുന്നുണ്ട് നെഞ്ചിടിപ്പും. ടെൻഷൻ കൊണ്ടാവണം.

കൊറോണയേ കുറിച്ചുള്ള ടെൻഷനൊന്നും ര ഘുവിനില്ല. ഒരാഴ്ച മുമ്പ് ബാബുൽ ബഹ്റൈൻ പോലീസ് സ്റ്റേഷനടുത്ത് കൊറോണ ചെക്കിങ്ങ് നടക്കുമ്പോൾ രഘുവും പോയിരുന്നു. റിസൽട്ട് നെഗറ്റീവാണ്.

മനസ്സ് സമയത്തെ ഭേദിച്ച് സഞ്ചാരം തുടങ്ങി യതുകൊണ്ടാവും മനസും ശരീരവും ഒരു പോ ലെ ചൂടുപിടിക്കുന്നുണ്ട്.

പിന്നെ രണ്ട് ദിവസമായി ഉറക്കില്ലാത്ത ഓട്ട മായിരുന്നല്ലോ. നാട്ടിൽ പോവുക എന്നത് രണ്ട് ദിവസം മുമ്പെടുത്ത തീരുമാനമായിരുന്നു മുന്നൊ രുക്കളൊന്നും ഇല്ലാത്തത് കൊണ്ട് പലതും ചെ യ്തു തീർക്കാനുണ്ടായിരുന്നു. അതിലും വലിയ കടമ്പ ടിക്കറ്റെങ്ങനെ സംഘടിപ്പിക്കും എന്നതാ യിരുന്നു. സാമൂഹിക പ്രവർത്തകനും സുഹൃത്തു മായ സൂപ്പി സാഹിബിന്റെ ഇടപെടലുകാരണം ആ വലിയ കടമ്പ എളുപ്പമായി.

രാവിലെ തന്നെ രഘു എംബസിയിലേക്ക് പു റപ്പെട്ടു. റോഡിൽ കുറച്ച് നേരം ടാക്സിക്ക് കാ ത്തുനിന്നു. വാഹനങ്ങൾ വളരെ കുറവ്. മിക്ക സ മയവും റോഡ് വിജനമാണ്.

' കിതർ ജായെ ക'

ഒരറബി വണ്ടി നിർത്തി.

'ഇൻന്ത്യൻ എംബസി'

"സലാസ ദിനാർ തീൻ ദിനാർ'

അറബി അറബിയിലും ഹിന്ദിയിലും പറഞ്ഞു.

രഘു ഷർട്ടിന്റെ പോക്കറ്റ് അമർത്തി പിടിച്ച് ഇല്ല എന്നു തലയാട്ടി.

അറബിഎന്തൊക്കയോ പിറുപിറുത്ത് കടന്നു പോയി.

സൂര്യൻ ഉദിച്ച് വരുന്നേയുള്ളൂ. രഘു റോഡ രികിലെ തണൽ മരങ്ങളുടെയും, കടകളുടെയും ഓരം പറ്റി വലിഞ്ഞു നടന്നു.

എംപസി തുറക്കാൻ എനിയും ഒരു മണിക്കൂർ ബാക്കിയുണ്ട് എങ്കിലും തനിക്കു മുമ്പേ വന്നവർ നീണ്ട വരിയായ് തീർന്നിട്ടുണ്ട്. പതിനൊന്ന് മണി യോടെ രഘുവിന് ടിക്കറ്റ് കിട്ടി.

പഴയത് പോലെ പോക്കറ്റ് അടക്കിപിടിച്ച് ര ഘു റൂമിലേക്ക് വലിഞ്ഞു നടന്നു. സൂര്യൻ കത്തു ന്നുണ്ട്. ചൂട് സൂചിക്കുത്തുകളായ് കുത്തിനോവി ക്കുന്നു. വെയിലിന്റെ കാഠിന്യമായിരിക്കും, തല കനത്ത് തുടങ്ങിയത്. ഒപ്പം തലവേദനയും.

'നെക്സ്റ്റ് '

'ബായി തും കു ബുലാത്താ ഹെ '

ആദ്യത്തെ വിളി കേൾക്കാത്തതു കൊണ്ടാവ ണം, അടുത്തുള്ള പാക്കിസ്ഥാനി പോലീസുകാ രൻ കൈ കൊണ്ട് ആംഗ്യം കാണിച്ച് പരുക്കൻ ശബ്ദത്തിൽ വിളിച്ചത്.

'പേര്?'

'രഘു'

പേപ്പറുകൾ പരിശോധിക്കുന്നതിനിടയിൽ ഒ രു അന്യഗ്രഹജീവി രഘുവിന്റെ ബോഡി ടംപ്രേ ച്ചർ പരിശോധിച്ചു. ഒരു മിന്നായം പോലെ രഘു ആ നമ്പറുകൾ കണ്ടിരുന്നു. എന്തായാലും നാൽ പതിനു മുകളിലാണ്. ഉള്ളിൽ ഒരു ആധികളി. അ വൾ മറ്റ് രണ്ട് അന്യഗ്രഹ ജീവികളോട് എന്തൊ ക്കയോ സംസാരിച്ച് അവർ മൂന്ന് പേരും രഘുവി ന്റെ അടുത്തേക്ക് വന്ന് വീണ്ടും പരിശോധിച്ചു. അകലങ്ങളിൽ നിന്ന രണ്ട് മൂന്ന് പോലീസുകാർ രഘുവിനടുത്തേക്ക് വന്നു. റിസൽറ്റ് ഫോർട്ടി വൺ!

'ബായ് ഒ സൈഡ് മെ ജാഹോ '

ആറ് പേർ നിൽക്കുന്ന ഒരു ഭാഗത്തേക്ക് ചൂ ണ്ടി ഒരു പോലീസുകാരൻ പറഞ്ഞു. ആ ആറ് പേരും നോവുകളുടെ വൻകരകളായ് അവനു തോ ന്നി.

എന്തൊക്കെയോ പറയണമെന്നുണ്ടായിരുന്നു പക്ഷേ ഒന്നും പറയാൻ കഴിഞ്ഞില്ല. ദേഹമാസ കലം ഏതോ ശൂന്യത വന്ന് മൂടിയത് പോലെ...

'ദൈവമേ!'

അതൊരു വെറുംവിളിയായിരുന്നില്ല. ഉള്ളിൽ നീറുന്ന നോവുകളുടെ ശബ്ദ രൂപമായിരുന്നു.

ഇത്രയും ആഴത്തിലൊരു ദൈവവിളി രഘു മുമ്പെരിക്കലും നടത്തിയിട്ടില്ല.

ഈ യാത്ര മുടങ്ങിയാൽ രഘുവിന് ചിന്താക്കാവുന്നതിലുമപ്പുറമാണ്. ആരോട് പറയാൻ. 'ഈശ്വരാ!'

ഇപ്പൊ ആര് സഹായത്തിനെത്തിയാലും അവനാണ് ഈശ്വരൻ.

'ദൈവമേ എന്റെ അഭി......'

ഒരു മാസം മുമ്പാണ്. അഭിരാമിയെ പെട്ടന്ന് വീട്ടിൽ നിന്ന് കാണാതായത്

അനു വീട് മുഴുവൻ അരിച്ചുപെറുക്കി.

അവസാനം നോക്കുമ്പോൾ വീട്ടിൽ നിന്നും കുറച്ച മാറിസ്ഥിതി ചെയ്യുന്ന കിണറ്റിൻകരയിൽ അഭിരാമി വീണു കിടക്കുന്നു. ബോധമില്ല മകളും അയൽവക്കത്തെ സൈനത്താത്തയും കൂടി വെള്ളം കുടഞ്ഞ് ബോധം വരുത്തി.

'ഒന്നൂല്ല നടക്കുന്നതിനിടയിൽ പെട്ടന്നു ബോധം പോയി. അത് ചിലപ്പൊ പ്രഷറു കുറഞ്ഞോണ്ടായിരിക്കും'

എന്നാലും അഭീ നമുക്ക് ആശുപത്രീൽ പോവാം.

സൈനതാത്ത നിർബന്ധിച്ചു.

'വേണ്ട ഉപ്പിട്ട വെള്ളം കുടിച്ചാ മതി. അനൂ, അച്ഛനോട് പറയാൻ നിൽക്കണ്ട'

എന്നോട് പറഞ്ഞിട്ടുമില്ല.

അന്ന് വൈകുന്നേരമായപ്പോൾ വീഴ്ചയുടെ

ആഘാതത്തിൽ പറ്റിയ ചതവുകൊണ്ട് നടുവേദന തുടങ്ങി. ചികിത്സകൾ പലതും ചെയ്തു വേദന കൂടുകയല്ലാതെ കുറഞ്ഞില്ല. പിന്നെ അധികം ദിവസങ്ങൾ വേണ്ടി വന്നില്ല, അവൾ കിടക്കയിലാവാൻ. ചികിത്സ പുരോഗമിക്കുന്നതിനിടയിലാണ് മനസിലായത്. വയറ്റിൽ ഒരു മുഴ വളരുന്നുണ്ട് എത്രയും പെട്ടന്ന് ഓപ്പറേഷൻ ചെയതു നീക്കണം.

'രഘുവേട്ടൻ വരാതെ ഞാൻ ഓപ്പറേഷനു സമ്മതിക്കില്ല. ഓപ്പറേഷനെങ്ങാനും ഞാൻ മരിച്ചു പോയാൽ പിന്നൊരിക്കലും എനിക്ക് രഘുവേട്ടനെ കാണാൻ കഴിയില്ലല്ലോ'

പ്രതിധ്വനി മാറാത്ത വാക്കുകളായിരുന്നു അത്. കാതുകളിൽ സദാ സമയവും ആ വാക്കുകൾ ഓളമായ് അലതല്ലി കൊണ്ടേയിരുന്നു.

പിന്നെയെല്ലാം വേഗത്തിലായിരുന്നു. ആരുടെയൊക്കെയോ സഹായത്താൽ ഇവിടം വരെ എത്തി. പക്ഷേ... ഈ അവസാന നിമിഷം പരിചയമുള്ള ഒരു മുഖമെങ്കിലും നോക്കി രഘുവിന്റെ കണ്ണുകൾ പരക്കം പാഞ്ഞു

പെട്ടെന്ന് ഒരു ആംബുലൻസ് വന്നു നിന്നു. അതിൽ നിന്ന് മൂന്ന് അന്യഗ്രഹ ജീവികൾ പുറത്തിറങ്ങി. പോലീസുകാരുടെ അടുത്ത് പോയി ചില പേപ്പറുകളും മറ്റും വാങ്ങി ഞങ്ങളോട് ആംബുലൻസിലേക്ക് കയറാൻ ആംഗ്യം കാട്ടി.

തകർന്ന നെഞ്ചോടെയാവണം അവരോരുത്തരും ആ വണ്ടിയിൽ കയറിയിട്ടുണ്ടാവുക. അവസാനം കയറിയത് രഘുവാണ്.

ആംബുലൻസ് അതിവേഗം കുതിച്ചു കൊണ്ടിരുന്നു. ശൂന്യത മൂടിയ ആ വണ്ടിയിൽ ആർക്കും നാവില്ലായിരുന്നു. രഘു നാവിനെ പരാതി നോക്കി. നാവ്. വരണ്ട ഏതോ പ്രതലത്തിലേക്ക് ഉൾവലിഞ്ഞത് പോലെ. രഘു അവർ ആറുപേരുടെയും മുഖത്ത് മാറി മാറി നോക്കി. അവരുടെ തല ഒരു ഗ്രഹത്തോളം കനമുള്ളതായി തോന്നി. രഘുവിന്റെ തലക്കും കനം കൂടി കൂടി വരുന്നു. ഇപ്പം പൊട്ടി പോകുമോ എന്ന ഭയത്താൽ അവൻ കൈയ്യിൻമേൽ തലയമർത്തി കിടന്നു.

ഒരു അന്യഗ്രഹ ജീവി വാതിൽ തുറന്നു. അവർ പുറത്തിറങ്ങി. വിശാലമായ തരിശുപ്രദേശം. അവിടെതാൽക്കാലികമായ സ്ഥാപിച്ച ക്വാറന്റയിൻ ക്യാമ്പ്.

'ബായ് CPR ദിയോ '

രഘു പോഴ്സിൽ നിന്നും CPR എടുത്ത് കൗണ്ടറിൽ ഇരിക്കുന്ന സിസ്റ്റർക്കു നൽകി. അവൾ ഫോം പൂരിപ്പിച്ചു:

'ബെഡ് നമ്പർ: 602'

അടുത്തു നിന്ന ഒരു സെക്യൂരിറ്റി കൈയ്യിലെ ക്യാരി ബാഗ് വാങ്ങി നമ്പറിട്ടു. അതിനിടയിൽ ഫോൺ മുരളുന്നുണ്ടായിരുന്നു  മോളാണ്.

പിടയുന്ന നെഞ്ചിൽ ഒരു കഠാര കുത്തിയിറക്കുന്ന നോവോടെ രഘുഫോൺ എടുത്തു.

'ഹലോ അപ്പ, എന്തായി?'

രഘുവിന് ഒന്നും പറയാൻ കഴിഞ്ഞില്ല. പറയാൻ നാവില്ല എന്നു പറയുന്നതാവും ശരി.

'അനു, ഫോണിൽ അച്ഛനാണോ?'

മറുതലയിൽ അഭിരാമിയുടെ തളർന്ന ശബ്ദം അയാൾ അവ്യക്തമായി കേട്ടു

'മോളെ ഫോൺ അമ്മയുടെ അടുത്ത് കൊടുക്ക് '

എന്ന് പറയാൻ രഘു താണുപോയ നാവിനെ എവിടുന്നേ വലിച്ചിച്ചു കൊണ്ടു വന്നിരുന്നു. അപ്പോഴേക്കും

'ബായ്! ജൽദി. മുബൈൽ ദീജിയേ'

ഫോൺ സെക്യൂരിറ്റി വാങ്ങി.

"പേഴ്സ് ദിയോ". വീണ്ടും ഞാൻ വെറുത്തു പോയ ആ പരുക്കൻ ശബ്ദം.

'അപ്പാ... അപ്പാ 'എന്താ മോളെ അപ്പയുടെ റേയ്ജ് കട്ടായി കാണും'

ഫോൺ തനിയേ സംസാരിക്കുന്നതിനിടയിൽ സെക്യൂരിറ്റി ഫോൺ കട്ട് ചെയ്ത് പേഴ്സും ഫോണും ഒരു ബാഗിലിട്ട് എല്ലാം കൂടി 602 എന്ന നമ്പർലോക്കറിലേക്ക് മാറ്റി.

'ചിലപ്പോൾ ഇതുപോലെ ഒരോ ലോക്കറുകൾ ഞങ്ങൾ ഒരോരുത്തർക്കും കരുതി കാണും.'

രഘു 602-ാം നമ്പർ ബെഡിൽ മലർന്നു കിടന്നു. ഓരോ ബെഡുകളും ഓരോ ദ്വീപുകളായിരുന്നു

പ്രതീക്ഷയുടെ ആകാശത്ത് കണ്ണും നട്ട് നോവുകളുടെ കടലാഴങ്ങളിൽ തുഴയുന്ന കുറേയേറെ പരൽ മീനുകൾ... ●

# കലാലയ സ്വപ്നങ്ങൾ



അക്ഷയ അശോക്

**ആ** കോളേജ് ഗേറ്റിന്റെ മുന്നിൽ എത്തുമ്പോൾ അവളുടെ മനസ്സ് നിറയെ തന്റെ സ്വപ്നങ്ങൾക്ക് പറന്നുയരാൻ ഒരു ആകാശം ലഭിച്ചതിന്റെ നിർവൃതി ആയിരുന്നു. തന്റെ അച്ഛനും ബന്ധുക്കളും അടങ്ങുന്ന സമൂഹം ഒറ്റപ്പെടലിന്റെയും അവഗണനയുടെയും പരിഹാസത്തിന്റെയും ഇരുട്ടിലേക്ക് തള്ളിവിട്ടപ്പോഴും അവൾ മുറുകെ പിടിച്ച, അവളുടെ വെളിച്ചമായി മാറിയ സ്വപ്നങ്ങൾ...... ഒരു ഭിന്നലിംഗക്കാരിയുടെ സ്വപ്നങ്ങൾ.



യൂണിയൻ ചെയർമാന്റെ ശക്തമായ ഇടപെടൽ ഒന്നുകൊണ്ട് മാത്രം അവൾ അവിടെ അഡ്മിഷൻ കിട്ടിയ ആദ്യത്തെ ഭിന്നലിംഗക്കാരിയായി മാറി.

ഗേറ്റ് കഴിഞ്ഞു ഓരോ ചുവടു മുന്നോട്ട് വയ്ക്കുമ്പോഴും ഹൃദയത്തിൽ ഉൽക്കണ്ഠയുടെ തിരമാലകൾ ആഞ്ഞടിച്ചുകൊണ്ടിരുന്നു. ഒരു സ്ത്രീയ്ക്കോ പുരുഷനോ ഒരിക്കലും നേരിടേണ്ടി വരാത്ത തീക്ഷ്ണമായ വാക്കുകളേയും നോട്ടങ്ങളേയും കുറിച്ചുള്ള ഉൽക്കണ്ഠ. മുന്നോട്ട് നടന്നപ്പോൾ എതിരെ വന്നൊരു കുട്ടിയോട് ഫസ്റ്റ് ബികോം എവിടെയാണെന്ന് ചോദിച്ചു. ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്ക് ശേഷം അവൻ മറുപടി നൽകി 'മെയിൻ ബ്ലോക്കിൽ നാലാമത്തെ ക്ലാസ്സ്'. അവന്റെ കണ്ണുകളിൽ ഉണ്ടായിരുന്നത് കൗതുകമോ അതോ അവജ്ഞയോ? ക്ലാസ് മുറിയിൽ കൗതുകവും സഹതാപവും നിറഞ്ഞ കണ്ണുകളും അവജ്ഞയാൽ കോടിയ ചില മുഖങ്ങളും സൗഹൃദത്തിന്റെ പുഞ്ചിരികളും അവളെ സ്വാഗതം ചെയ്തു.

അന്ന് ഉച്ചയ്ക്ക് ലൈബ്രറിയിൽ ഇരിക്കുമ്പോൾ പുറത്ത് ആർപ്പുവിളികളുടെയും കരഘോഷങ്ങളുടെയും ഇടയിലൂടെ ആ ശബ്ദം അവളുടെ കാതുകളിൽ എത്തി. 'നമ്മുടെ നിരന്തരമായ ശ്രമത്തിനൊടുവിൽ ഈ വർഷം നമ്മുടെ കോളേജിൽ ആദ്യമായ് ഒരു ട്രാൻസ്ജൻഡർ സീറ്റ് മാനേജ്മെന്റ് അനുവദിച്ചിരിക്കുകയാണ്. സ്കൂളിൽ പഠിക്കാൻ അവസരം കിട്ടാത്തതിനാൽ സ്വന്തമായി പഠിച്ചു ഉയർന്ന മാർക്കോടെ പാസ്സായ അരുണ എന്ന കുട്ടിയാണ് ആ സീറ്റിൽ ഇവിടെ പഠിക്കാനായി എത്തിയിരിക്കുന്നത്'.

അവൾ അവിടെ നിന്നും എണീറ്റ് പ്രസംഗം നടക്കുന്ന വേദിയിലേക്ക് പോയി. അവിടെ 'നവാഗതർക്കു സ്വാഗതം' എന്നെഴുതിയ ബാനറിന്റെ മുന്നിൽ നിന്ന് വെളുത്ത് ഉയരമുള്ള ഒരാൾ

സംസാരിക്കുന്നു. അവിടെ കൂടിനിന്നിരുന്ന കുട്ടികളിൽ ആരോ പറഞ്ഞു അത് കോളേജ് ചെയർമാൻ ആണെന്ന്. 'അരുണയെ പോലെ ഒരു വിദ്യാർത്ഥിക്ക് ഈ കോളേജിൽ പഠിക്കാൻ അവസരം കിട്ടിയതിൽ ഞാൻ ഒരു കാരണം ആയി എന്നതിൽ ഞാൻ അങ്ങേയറ്റം സന്തോഷിക്കുന്നു. എല്ലാവരും തുല്യരാണ്, പഠിക്കാനും, ജോലി നേടാനും ആത്മാഭിമാനത്തോടെ ജീവിക്കാനുമുള്ള അധികാരം നമുക്ക് എല്ലാവർക്കും ഒരുപോലെയാണുള്ളത്. നമുക്ക് വെളിയിലുള്ള സമൂഹം അങ്ങനെ ഒരുപക്ഷേ ചിന്തിക്കുന്നില്ലായിരിക്കും. എന്നാൽ നമ്മേപോലുള്ള പുതുതലമുറയാണ് ഇതിന് മാറ്റം കൊണ്ടുവരേണ്ടത്. എല്ലാവരും നിറഞ്ഞ മനസ്സോടെ അരുണയെ സ്വീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു'. വീണ്ടും കരഘോഷങ്ങൾ. ഇവിടേക്ക് വരുമ്പോൾ മനസ്സ് നിറയെ തനിക്ക് ഈ അവസരം കിട്ടാൻ കാരണമായ അയാളോടുള്ള കടപ്പാടയിരുന്നു.

ആ നിമിഷം ഒരിക്കൽ പോലും മനസ്സിലേക്ക് കടന്ന് വരാത്ത  ഒന്ന് അവളുടെ മനസ്സിനെ അസ്വസ്ഥമാക്കി. പ്രണയം. ഏതൊരു മനുഷ്യ മനസിലും തോന്നാവുന്ന ഒന്ന്, അവളെപ്പോലുള്ളവർക്ക് സമൂഹം വിലക്കപ്പെട്ട കനി എന്ന് മുദ്രകുത്തിയ ഒന്ന്.  തിരസ്കാരത്തിന്റെ ശരങ്ങൾക്ക് പകരം ആദ്യമായ് അംഗീകാരത്തിന്റെ പുഷ്പങ്ങൾ ചൊരിഞ്ഞ, തന്റെ സ്വപ്നങ്ങൾക്ക് പറന്നുയരാൻ വഴിയൊരുക്കിയ അയാളെ അവൾ പ്രണയിച്ചു.

'അരുത്, അയാളെ പ്രണയിക്കാൻ നീയൊരു സ്ത്രീയല്ല' എന്നാരോ അവളുടെ ഉള്ളിൽ നിന്നും മന്ത്രിച്ചു. പക്ഷേ മനസ്സ് അയാളിലേക്ക് തന്നെ ഒഴുകിക്കൊണ്ടിരുന്നു. ക്ലാസ് മുറിയിൽ ഇരിക്കുമ്പോഴും ഹോസ്റ്റൽ റൂമിലെ ഏകാന്തതയിലും എല്ലാം അയാളുടെ മുഖമായിരുന്നു അവളുടെ മനസ്സ് നിറയെ. ക്യാമ്പസിലേക്ക് പോകുംവഴി എന്നും അവളുടെ കണ്ണുകൾ അയാളെ തിരഞ്ഞു. അയാൾ അറിയാതെ അയാളെ പിന്തുടരുക എന്നത് അവൾക്ക് ഒരു കൗതുകമായിരുന്നു. പലപ്പോഴും നേർക്കുനേർ വരുമ്പോൾ അവളുടെ ഹൃദയം ശക്തിയായി മിടിക്കും. പക്ഷേ അയാളുടെ കണ്ണിലും മുഖത്തും അന്ന് പറഞ്ഞ വാക്കുകളിൽ നിന്നും വത്യസ്ഥമായി അവജ്ഞയും പരിഹാസവും നിറഞ്ഞു നിന്നിരുന്നു. അത് കാണുമ്പോൾ അതു വെറും തോന്നൽ മാത്രമാണ് എന്നവൾ വിശ്വസിച്ചു.

ഒരിക്കൽ കൊളേജിലേക്കുള്ള വഴിയിൽ വച്ച് അയാൾ അവളെ തടഞ്ഞുനിർത്തി എന്തിനാണ് തന്നെ ഇപ്പോഴും പിന്തുടരുന്നത് എന്ന് ചോദിച്ചു. അവൾ നിശബ്ദയായി നിന്നു. അയാൾ ചോദ്യം ആവർത്തിച്ചു. അയാളുടെ കണ്ണുകളിലെ ക്രോധം അവളെ ഭയപ്പെടുത്തി. നിറകണ്ണുകളോടെ വിക്കി വിക്കി അവൾ പറഞ്ഞു 'ഞാൻ നിങ്ങളെ ......... പ്ര...ണ..യി..ക്കു..ന്നു'. അയാളുടെ കണ്ണുകളിൽ നിന്നും ക്രോധം പൊടുന്നനെ അപ്രത്യക്ഷമായി. അയാൾ ഉറക്കെ പൊട്ടിച്ചിരിച്ചു. എന്നിട്ട് തികഞ്ഞ പരിഹാസത്തോടെ ചോദിച്ചു 'നിങ്ങളുടെ വർഗത്തിനും ഇങ്ങനത്തെ വികാരങ്ങളൊക്കെയുണ്ടോ' അയാൾ വീണ്ടും പൊട്ടിച്ചിരിച്ചു. അവൾ സ്തബ്ധയായി. ചിരിയടക്കി അയാൾ തുടർന്നു 'പ്രണയവും വിവാഹവും കുടുംബവുമൊക്കെ സ്ത്രീകൾക്കും പുരുഷന്മാർക്കും പറഞ്ഞിട്ടുള്ളതാണ്. അല്ലാതെ നിന്നെപ്പോലെയുള്ളവർക്കല്ല. നിങ്ങളുടെ വർഗത്തിന് ഇതൊക്കെ എന്നും വിലക്കപ്പെട്ട കനിയാണ്'. അയാൾ വീണ്ടും ചിരിച്ചുകൊണ്ട് പറഞ്ഞു 'ഇന്നത്തേക്കുള്ള തമാശയായി'. അവൾക്ക് ചുറ്റും ഇരുൾ മൂടുന്നപോലെ തോന്നി. മനസ്സിൽ ഒരായിരം ചോദ്യങ്ങൾ,  വാക്കുകൾ തൊണ്ടയിൽ കുരുങ്ങുന്നത് പോലെ. കരഞ്ഞുകൊണ്ട് അവള് ചോദിച്ചു 'അന്ന് നിങ്ങൾ സ്റ്റേജിൽ വച്ച് പറഞ്ഞത്.....'. വീണ്ടും പൊട്ടിച്ചിരിച്ചുകൊണ്ട് അയാൾ പറഞ്ഞു 'അംഗീകാരവും പ്രശസ്തിയും ആഗ്രഹിക്കുന്നവനു വാക്കുകൾ പലപ്പോഴും കൈയടിക്കുള്ള ഉപാധിയാണ്. സ്വന്തം ആശയങ്ങൾ വാക്കുകളാക്കുമ്പോൾ അല്ല, മറിച്ച് സ്റ്റേജിൽ നിൽക്കുമ്പോൾ മുന്നിൽ നിൽക്കുന്നവർക്ക് സ്വീകാര്യമായ ആശയങ്ങൾ വക്കുകളാക്കുമ്പോഴാണ് നമ്മൾ അവർക്ക് പ്രിയപ്പെട്ട നേതാവാകുന്നത്. എന്റെ അത്തരം ഭംഗി വാക്കുകളിൽ നിന്നേപോലുള്ളവർ വിശ്വസിക്കുന്നു എന്നത് തന്നെയാണ് എന്നെ ഇവിടെ വരെ എത്തിച്ചത്. ഒരു പെൺകുട്ടിയായിരുന്നെങ്കിൽ ഞാൻ നിന്നെ സ്വീകരിക്കുന്നതിനെ കുറിച്ച് ഒരുപക്ഷേ ആലോചിച്ചേനെ'. അയാളുടെ ഹിംസാത്മകമായ വാക്കുകൾ അവളുടെയുള്ളിലെ പ്രണയവിഗ്രഹത്തെ തച്ചുടച്ചുകളഞ്ഞു. ഒരു നിമിഷം നിസംഗതയോടെ നിന്നിട്ട് പരിഹസച്ചുവയോടെ അവൾ പറഞ്ഞു 'ആർക്ക് വേണം മുഖംമൂടിക്കുള്ളിൽ ജീവിക്കുന്ന നിങ്ങളുടെ സ്നേഹം. ഈ  മുഖംമൂടിയാണ് നിങ്ങളുടെ മുഖമെന്ന് കരുതിയാണ് ഞാൻ സ്നേഹിച്ചത്.  മുഖവരാണത്തിന് പിന്നിലെ വികൃതവും അറപ്പുളവാക്കുന്നതുമായ  ഈ മുഖത്തെ ഞാൻ വെറുക്കുന്നു'. ഇത്രയും പറഞ്ഞു അവൾ നടന്നകന്നു മനസ്സിൽ തന്റെ ലക്ഷ്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട്.

കാലമേറെ കഴിഞ്ഞു, ഇന്ന് അവൾക്കും അവളെ പോലുള്ളവരുടെ പ്രണയസ്വപ്നങ്ങൾ വിലക്കപ്പെട്ട കനി അല്ല.  പക്ഷേ അത് അവൾ നിഷേധിച്ച കനിയാണ്. ഇന്നും പലപ്പോഴും തകർന്ന പ്രണയവിഗ്രഹത്തിന്റെ ചില്ലുകൾകൊണ്ട് അവളുടെ ഹൃദയത്തിൽ നിന്നും ചോര ചിന്താറുണ്ട്.

# ജാനകി



നിത്യലക്ഷ്മി

'മുല മുറിച്ചവൾ ജാനകിയോ ഗാന്ധാരിയോ ആകുകയില്ല. രാമൻ വലിച്ചെറിഞ്ഞ ശൂർപ്പണഖ മാത്രമേ ആകുകയുള്ളൂ.'

ക്ഷോഭത്തിൽ വാതിൽ പിടിച്ചടച്ച് അവൾ തന്റെ ചാരുകസേരയിലേക്ക് ചാഞ്ഞു കിടന്നു.

തീക്ഷ്ണമായ നോവിന്റെ പാതാള ഗർത്തങ്ങളിൽ കുതറുകയും, ഓരം ചേർന്ന് നടക്കുകയും ചെയ്യുന്ന ഒരു വാലാട്ടിപ്പട്ടിയുടെ ഗദ്ഗദം ആ മുറിയിലാകെ പരന്നു.

മാതൃത്വത്തിന്റെ ഭയാനകമായ ചില വേദനകൾ ഉള്ളിൽ പിടഞ്ഞപ്പോൾ, അവൾ പതിയെ വയറിനു മുകളിലൂടെ ഗർഭപാത്രത്തിലൊന്ന് തടവി നോക്കി.

പ്രണയത്തിന്റെ ചുംബനങ്ങൾക്ക് ഒരു താലി ചരട് കഴുത്തിൽ മുറുകുന്നത് വരെ മാത്രമേ ദൈർഘ്യമുള്ളൂ.

രണ്ട് ദിവസം മുൻപ് മാത്രമാണ് വിദ്യാനഗറിലെ സജീവിനിയെക്കുറിച്ചുള്ള കഥകൾ അവസാനിച്ചത്.



'മുല മുറിച്ചവൾക്ക് സ്ത്രീയെന്ന് വിളിക്കപ്പെടാൻ അവകാശമെന്ത്? '

അന്ന് കുടുംബയോഗത്തിൽ ചെന്നിരുന്നപ്പോൾ അമൃതയും നിവേദികയും നീണ്ട ചർച്ചയിലായിരുന്നു.

അന്നേ അവൾ മനസ്സിൽ കുറിച്ചതായിരുന്നു,

'മരിക്കുന്നെങ്കിൽ പെണ്ണായി തന്നെ മരിക്കുമെന്ന്. '

ഗർജ്ജിച്ചു കൊണ്ട് മഴ മണ്ണിനെ പുണരുവാൻ തുടങ്ങി.

സിംഹത്തിന്റെ മടയിൽ ചെന്ന് കയറിയ മാൻപേടയെപ്പോലെ, ഇടിവെട്ടലുകളുടെ ഘോരഗർജനത്തിൽ ചെടികളൊക്കെയും തലകുമ്പിട്ട് നിന്നു.

'നിന്റെ ചിരിയിൽ അലിഞ്ഞു ചേരുന്നതൊക്കെയും

എന്റെ ഹൃദയത്തിൽ നനഞ്ഞു കുതിരും.'

എപ്പോഴോ മനസ്സിന്റെ വാതിലുകൾക്കുള്ളിൽ പൂട്ടിയിട്ട ആ കത്തുകളെ ചികഞ്ഞു നോക്കി.

അതൊക്കെയും പ്രണയമായിരുന്നുവോ?

അവന്റെ ജീവിതത്തെപ്പറ്റി, അവന്റെ സ്വപ്നങ്ങളെപ്പറ്റി, അവനുണ്ടാകുന്ന കുഞ്ഞുങ്ങളുടെ ഭാവിയെപ്പറ്റി ഒക്കെ അവൻ അവളെ പറഞ്ഞു പഠിപ്പിക്കുകയല്ലായിരുന്നോ?!

അവൾ ആരായിരുന്നു?

നാവില്ലാത്തൊരു പാവയെപ്പോലെ എല്ലാം കേട്ടിരുന്ന വെറുമൊരു പ്രതിമയോ!

അടുത്ത മുറിയിൽ ഉറങ്ങിക്കിടക്കുന്ന ഒന്നര വയസ്സുള്ള കുഞ്ഞിനെ പോയി വാരിയെടുത്ത് മുലയൂട്ടാൻ അവളുടെ മാതൃഹൃദയം പിടഞ്ഞു.

ഒന്ന് കാണിച്ചശേഷം, എന്നും തന്റെ അരികിൽ നിന്ന് കുഞ്ഞിനെ എടുത്തു കൊണ്ട് പോകുന്ന അമ്മായിയെക്കുറിച്ചോർത്തപ്പോൾ, അകിടുനീരു വന്ന പശുവിന്റെ അടുത്തു നിന്ന് പൈക്കിടാവിനെ വലിച്ചിഴച്ചു കൊണ്ടുപോയി മാറ്റിക്കെട്ടുന്ന കറവക്കാരൻ വേലായുധനെയാണ് അവൾക്ക് ഓർമ വന്നത്.

അരികിലെ മൺപാതയ്ക്കപ്പുറം മഴയും പുഴയും ചേർന്ന് രതി നൃത്തമാടുകയാണ്.

ഇവിടെ ഒരു മുപ്പത്തിരണ്ടുകാരിയുടെ ഹൃദയം മരണമുഴക്കത്തിന്റെ ഒച്ചയിൽ ചലനമറ്റു പോകാനിരിക്കുന്നു.

'മുല മുറിച്ചെറിഞ്ഞ് ജീവിതം ആസ്വദിക്കുന്നവരെ ഞാൻ വേശ്യകളെന്ന് വിളിക്കും.'

കുടുംബയോഗത്തിൽ നിന്ന് പുരുഷന്മാർ ഒഴിഞ്ഞു പോയ ഒരു വേളയിൽ, സ്റ്റെല്ലാ ജോസഫ് ഒച്ചയിൽ പറഞ്ഞ ആ വാചകങ്ങൾക്ക് കിട്ടിയ കൈയ്യടി ഇന്ന് അവളുടെ കാതുകളെ അസ്വസ്ഥമാക്കുകയാണ്.

ചെവിക്കുള്ളിലൂടെ മുരണ്ടു പറക്കുന്ന ഒരു വണ്ടിന്റെ ഒച്ചയിൽ അവൾ ചെവി പൊത്തി.

'നിന്റെ ചിരിക്ക് മുകളിലെ ആകാശമാകാൻ,
നിന്റെ വിധിക്കു മുന്നിലെ സൗഭാഗ്യമാകാൻ..'

അതു കൂടെ വായിച്ചു കഴിഞ്ഞപ്പോൾ അവൾ മനസ്സിന്റെ ചില്ലയിൽ നിന്ന് ആ കത്ത് വലിച്ചെറിഞ്ഞു.

ദിവസങ്ങളോ മാസങ്ങളോ ആയിരുന്നു, അവൾ പുറത്തേക്കിറങ്ങിയിട്ട്.

ജീവൻ പിടിച്ചു നിർത്താനായി മാത്രം കുറച്ചു ഭക്ഷണം കഴിച്ചും, ബാക്കി സമയങ്ങളിൽ വേദനകളുടെ ലഹരികളിൽ മയങ്ങിയും അവൾ തന്റെ കുഞ്ഞിന് ഒരു സ്വപ്നമാളിക തന്നെ പണിതു.

സമൂഹത്തിന്റെ കണ്ണിൽ നല്ലൊരു സ്ത്രീയായി മരിക്കണമെന്ന് മാത്രം അവർ ആഗ്രഹിച്ചു.

മഴ നനഞ്ഞൊട്ടിയ കവിളുകളിൽ, ഓർമ്മകളുടെ നീരുറവകളിൽ നിന്നൊരു കാറ്റ് പതിയെ ചുംബിച്ചുറക്കിയ ആ രാത്രിക്ക് ശേഷമുള്ള രണ്ടാം ദിവസം, പത്രത്തിൽ ഒരു വാർത്ത വന്നു:

'സ്തനാർബുദത്തിന് കീഴടങ്ങി ;
ഒരു യുവതി കൂടി മരണത്തിന്റെ പിടിയിൽ.'

# മാസ്ക് 1



ഡോ. പി. സജീവ്കുമാർ



കൊറോണ വ്യാധിയിൽ നിന്നും രക്ഷക്കായി, എല്ലാവരും മാസ്ക് ധരിക്കുന്നത് ശീലമാക്കി.

എന്നാൽ പലർക്കും നേരത്തെ തന്നെ മാസ്ക് ഉണ്ടായിരുന്നു.

അത് അദൃശ്യമായ ഒരു മാസ്ക് ആയിരുന്നു. അതണിഞ്ഞായിരുന്നു അവർ ലോകത്തോട് സംവദിച്ചത്. ഇപ്പോൾ അവർക്ക്, ഡബിൾ മാസ്ക്.

******

# മാസ്ക് 2

കടുത്ത ഈശ്വര വിശ്വാസമുള്ളവരായിരുന്നു, രാജമ്മ. മഠത്തിലോരം, ഭഗവതിയെ കാലത്തു തൊഴുതു പോരാതെ, പച്ചവെള്ളം ഇറക്കില്ല. ലോക്ക് ഡൌൺ, വന്നപ്പോൾ പുറത്തിറങ്ങാനായില്ല. ഭഗവതിയും ലോക്കായി.

രാജമ്മ, മനോവിഷമം, കുടിച്ചു.

നിയന്ത്രണങ്ങളോടെ, ആരാധനാലയങ്ങൾ തുറക്കുന്നുവെന്ന് കേട്ടപ്പോൾ സമാധാനമായി.

മാസ്ക് അണിഞ്ഞാലും വേണ്ടില്ല. ഭഗോതിയെ കാണാലോ. പക്ഷെ, ഒരു സംശയം. മാസ്ക് അണിഞ്ഞാൽ തന്നെ ഭഗോതി തിരിച്ചറിയോ. എന്നിട്ടും, മാസ്കണിഞ്ഞ്, അകലം പാലിച്ച് ശ്രീകോവിലിന്റെ മുന്നിൽ നിന്നു.

കണ്ണു മിഴിച്ചുനോക്കിയപ്പോൾ, ഭഗവതിയും മാസ്ക് അണിഞ്ഞിരിക്കുന്നു.

●

# യാത്ര പറയാതെ..!



ദിവ്യ സി.ആർ

ഒരിക്കലും കാണാത്ത നാട്!

അവിടെ ഒരിക്കലും പ്രതീക്ഷിക്കാത്ത; സാധ്യതകളുടെ നേർത്ത മുനമ്പുകൾ പോലുമില്ലാത്ത ആ വൃദ്ധൻ. ഭാവനകളിൽ നിന്നിറങ്ങി സർഗ്ഗാത്മകമായി അയാളെ പകർത്തുമ്പോൾ സുദീർഘമായ ഒരു യാത്ര പോലും പ്രതീക്ഷിച്ചിരുന്നതല്ല. സായാഹ്നത്തിൻെറ മനോഹാരിതയെ ഭംഗിച്ചുകൊണ്ട്, കാർമേഘങ്ങൾ ചാറ്റൽ മഴയായി പെയ്തിറങ്ങിയ നേരമാണ്; നിരവധി പേരുടെ പ്രതീക്ഷയും സ്വപ്നങ്ങളും ആകുലതകളും നിറഞ്ഞ തീവണ്ടി ആ വഴി കടന്നു പോയത്. തണുത്ത കാറ്റും ചാറ്റൽ മഴയും പിന്തിരിപ്പിക്കാൻ ശ്രമിച്ചിട്ടും, ജാലക വാതിലിലൂടെ ദൂരേക്ക് നീളുന്ന കാഴ്ചകളിലേക്ക് മനസ്സർപ്പിച്ച് നിസ്സംഗതയോടെ ഞാനിരുന്നു. ഇരുൾ കനത്തപ്പോൾ മഴയും ചടുലതാളത്തിലേക്ക് ചുവടുമാറ്റുന്നതറിഞ്ഞ് സാരിത്തലപ്പിനുള്ളിൽ ഞാനെന്നെ പുതച്ചിരുന്നു...

വിദൂരതയിൽ നിന്നും എന്നെ മാത്രം തേടിയെത്തുന്ന എന്തോ ഒന്നിനെ പ്രതീക്ഷിച്ചെന്ന പോലെ...

വണ്ടി ഏതോ സ്റ്റേഷനിലേക്ക് അടുക്കാറായി. വേഗത കുറഞ്ഞു കുറഞ്ഞു വരുന്നു. കംപാർട്ട്മെന്റിലെ തിക്കും തിരക്കും മനസ്സിനെ വിദൂരതയിൽ നിന്നും തിരികെ ക്ഷണിച്ചു. പുറം കാഴ്ചയിൽ കണ്ണൊന്നുടക്കിയപ്പോൾ പ്രതീക്ഷിച്ചതെന്തോ തടഞ്ഞതു പോലെ. മുൻപൊരിക്കലും കേട്ടിട്ടില്ലാത്തൊരു ശബ്ദം, പ്രജ്ഞാശക്തിയാൽ വിളിക്കുന്നു. ഒരല്പം ഞെട്ടലോടെ തിരിഞ്ഞു നോക്കുമ്പോൾ ചുവന്ന മഞ്ഞനിറത്തിൽ പാറുന്ന തീജ്വാലകൾ..!

അരുകിലായി തീഷ്ണമായ നോട്ടം പായിച്ച് ആ വൃദ്ധൻ. അയാളുടെ ചുണ്ടുകൾ നിശബ്ദമാണ്. എനിക്ക് പരിചിതമായ രൂപവും ശബ്ദവും എന്നെ ക്ഷണിക്കുകയാണ്. ഇനിയും പറഞ്ഞു തീരാത്ത അയാളുടെ തൃഷ്ണകൾ എന്നോട് സംവദിക്കാൻ. വാദപ്രതിവാദങ്ങളിലേർപ്പെട്ട് ദയനീയമായി പരാജയപ്പെടുത്തി എൻെറമേൽ ആധിപത്യം സ്ഥാപിക്കുവാൻ !

ആ ശബ്ദം കേൾക്കാതിരിക്കുവാൻ എൻെറ കാതുകളും ആ നോട്ടം താങ്ങുവാനാകാതെ കണ്ണുകളും പിന്തിരിപ്പിക്കാൻ ശ്രമിച്ചു.

പക്ഷേ..

അയാളുടെ വാക്കുകൾ വെള്ളിടി പോലെ എന്നിൽ പ്രകമ്പനം സൃഷ്ടിച്ചുകൊണ്ടേയിരുന്നു.

'എന്തിനാ നീ എന്നെയിങ്ങനെ ഹിംസിക്കുന്നത്..?'

മറുപടിയ്ക്കായി ഒന്നു പരുങ്ങിയെങ്കിലും ആ ധാർഷ്ട്യത്തിനു മുന്നിൽ മൗനം ഭജിക്കുവാനേ കഴിഞ്ഞിരുന്നുള്ളൂ..

'നിൻെറ മനസാക്ഷിയിൽ ഞാനൊരു ക്രൂരനാണല്ലേ.. എനിക്കാരെയും ഉപദ്രവിക്കാൻ കഴിയില്ലെന്ന് അറിയില്ലേ..' അയാളുടെ അലർച്ച ആ സ്റ്റേഷൻ പരിസരമാകെ മുഴങ്ങി.

'അതൊരു കഥ മാത്രമല്ലേ..' എന്നയാളോട് പറയണമെന്നുണ്ടായിരുന്നു. കോപാകുലനായ അയാളുടെ മുഖത്തേക്ക് ആർദ്രമായി സംസാരിക്കാൻ എനിക്ക് കഴിയാതെ പോയി. അയാളുടെ ആക്രോശങ്ങൾ മുഴങ്ങുമ്പോഴേക്കും തീവണ്ടി പുറപ്പെടാനുള്ള സിഗ്നൽ മുഴങ്ങി. ഒന്നും സംഭവിക്കാത്തതുപോലെ അപ്പോഴും ആ അഗ്നികുണ്ഠത്തിനരുകിൽ അയാളുണ്ടായിരുന്നു.

അസ്വസ്ഥമായ മനസ്സ്, അയാളിൽ നിന്നും മടങ്ങുമ്പോഴേക്കും ആശ്വാസത്തിൻെറ ചെറുതിരയെന്നോണം തീവണ്ടി പഴയ വേഗതയിലേക്ക് മടങ്ങിയിരുന്നു..!



# സദാശിവന്റെ ലോകം



സജന സന്തോഷ്

'എടോ സദാശിവാ, എണീറ്റേ. എന്തൊരു ഉറക്കമാടോ. വാ നമുക്ക് പോകാം .' കൂർക്കം വലിച്ചുറങ്ങുകയായിരുന്ന സദാശിവൻ ഞെട്ടിയുണർന്നു. സമയമെത്രയായി. ഉച്ചയൂണ് ഇത്തിരി കൂടിപ്പോയി. വിഷു സദ്യയല്ലേ? അമ്മയുണ്ടാക്കിയ പാലടയൊക്കെ ആയപ്പോൾ പിന്നെ പറയാനുണ്ടോ?' അല്ല. ആരാ എന്നെ വിളിക്കുന്നത്. വാതിലൊക്കെ അടച്ചിട്ടാണല്ലോ ഞാൻ കിടന്നത്. പിന്നെ എങ്ങനെ ഇവിടെ ഒരാൾ?



സദാശിവൻ ചിന്തയിൽ നിന്നുണർന്ന് ചുറ്റും നോക്കി. തന്റെ മുന്നിൽ നില്ക്കുന്ന രൂപത്തെ കണ്ട് ആദ്യമൊന്ന് ഞെട്ടി. പിന്നെയും സൂക്ഷിച്ചു നോക്കി. കറുത്ത വസ്ത്രവും, തലയിൽ കിരീടവും, കട്ടി മീശയും, ഉണ്ടക്കണ്ണും.... ഈശ്വരാ ഇത് നമ്മുടെ കാലനല്ലേ? ഇയാളെന്തിനാ ഇപ്പൊ എന്റടുത്ത് .എനിക്ക് എഴുപതല്ലേ ആയിട്ടുള്ളൂ.

'നിങ്ങൾ മിസ്റ്റർ.കാലനല്ലേ?'. സദാശിവന്റെ ചോദ്യം കേട്ട് മുന്നിൽ നില്ക്കുന്ന രൂപം കോപത്തോടെ പറഞ്ഞു. 'കാലൻ നിന്റെ ..... ങ്ഹാ. അതേയ്.വിവരദോഷികൾ എന്നെ കാലൻ എന്നൊക്കെ വിളിക്കും.ഞാനതൊന്നും കാര്യമാക്കില്ല.ഞാൻ യമൻ.'

' അതെന്തെങ്കിലുമായിക്കോട്ടെ. നിങ്ങളിപ്പോൾ എന്തിനാ എന്റടുത്ത് വന്നിരിക്കുന്നത് മിസ്റ്റർ യമൻ?'സദാശിവൻ കട്ടിലിൽ കിടന്നുകൊണ്ട് അൽപ്പം ദേഷ്യത്തോടെ ചോദിച്ചു.പുറത്ത് ഒരു പോത്തിന്റെ അമറൽ കേൾക്കുന്നുണ്ട്.

'സദാശിവാ .അൽപ്പം കോമൺസെൻസ് ഒക്കെ വേണം. ഞാൻ വെറുതെ വരില്ലെന്ന് നിനക്കറിയാമല്ലോ? ദാ... നിനക്കുള്ള സമയം തീർന്നു. ന

മുക്ക് പുറപ്പെടാം.' യമൻ പറഞ്ഞു.

'ഓ.... ഈ യമൻ ചേട്ടന്റെ ഒരു കാര്യം? ഇവിടെ ഇരി. കുറച്ച് പറയാനുണ്ട്. എന്താ യാലും നിങ്ങൾ ഈ വെയിലത്ത് വന്ന് ആ കെ ക്ഷീണിച്ചിരിക്കുകയല്ലേ ! ഞാനിത്തി രി സർബത്ത് എടുക്കാം.'കാലനെ പിടിച്ചി രുത്തി സദാശിവൻ അടുക്കളയിലേക്കോടി. നല്ല നന്നാരി സർബത്തുമായി വന്ന് ഗ്ലാസ്സിൽ പകർന്നു കൊടുത്തു കൊണ്ട് സദാശിവൻ കാലനെ പറ്റിച്ചേർന്നിരുന്നു.

' മിസ്റ്റർ യമൻ. ഔപചാരികതയിൽ താ ല്പര്യമില്ലാത്ത വ്യക്തിയാണ് ഞാൻ. അതു കൊണ്ട് ഞാൻ നിങ്ങളെ യമൻ ചേട്ടാ ന്ന് വിളിക്കും. ദേഷ്യപ്പെട്ടിട്ടൊന്നും ഒരു കാര്യ വുമില്ല. ഇനി ഞാൻ പറയുന്നത് ശ്രദ്ധിച്ചു കേൾക്കണം. നിങ്ങളുടെ ഈ വേഷമുണ്ട ല്ലോ മഹാബോറാ.കുർത്തയും, ജീൻസുമി ട്ടാൽ ചേട്ടനെ എന്ത് ലുക്കായിരിക്കും? ദാ...വിഷുവായതിനാൽ പുതിയത് കുറെ കി ട്ടിയിട്ടുണ്ട്. ഒന്നു പരീക്ഷിച്ച് നോക്ക് ന്നേ യ്.' ഇതും പറഞ്ഞ് സദാശിവൻ അലമാര യിൽ നിന്ന് പുതിയ കുർത്തകളും, പാന്റ് സും എടുത്ത് കാലനു നേരെ നീട്ടി. അല് പം ദേഷ്യം വന്നെങ്കിലും പ്രലോഭനങ്ങളിൽ അകപ്പെടാതിരിക്കാൻ കാല നല്ല ആർക്കും പറ്റില്ല കേട്ടോ.

സദാശിവൻ നീട്ടിയ കുർത്തകളിൽ നിന്ന് കരിംനീല കുർത്തയും, ജീൻസും എ ടുത്തണിഞ്ഞ് കാലൻ കണ്ണാടിയ്ക്കു മുന്നി ലെത്തി. 'കൊള്ളാം' അയാൾ ആത്മഗതം ചെയ്തു. 'അല്ല, യമൻ ചേട്ടാ നിങ്ങടെ ഈ കിരീടവും, മാലകളുമൊക്കെ മാറ്റിയാലേ ഒ രു ലുക്കൊക്കെ വരൂ.' സദാശിവൻ കാലന്റെ അനുവാദം ചോദിക്കാതെ അതെല്ലാം അഴി ച്ചു മാറ്റി.

' അരികിൽ നീയുണ്ടായിരുന്നെങ്കിലെന്നു ഞാൻ,

ഒരു മാത്ര വെറുതെ നിനച്ചു പോയി. '

സദാശിവന്റെ മൊബൈലാണ് നിർ ത്താതെ പാടുന്നത്. കാലൻ നോക്കി നില് ക്കെ സദാശിവൻ ഓടിച്ചെന്ന് മൊബൈലെ ടുത്തു സംസാരം തുടങ്ങി.ഏറെ നേരമായി ട്ടും നിർത്തുന്ന മട്ടില്ല. കാലന് ക്ഷമകെട്ടു .സദാശിവനെച്ചെന്നു തോണ്ടി.സദാശിവൻ വേഗം സംസാരം നിർത്തി കാലന്റെ നേർ ക്ക് തിരിഞ്ഞു.

' യമൻ ചേട്ടാ... വന്നപ്പോൾ തന്നെ ചോ ദിക്കണമെന്നു കരുതിയതാ ചേട്ടന്റെ വാട് സ് ആപ്പ് നമ്പറൊന്നു പറഞ്ഞേ '.

കാലൻ അത്ഭുതത്തോടെ സദാശിവനെ നോക്കി.'നീയെന്താ സദാശിവാ ഇപ്പൊ പറ ഞ്ഞത്. അതെന്താ സാധനം?'

'അല്ല യമൻ ചേട്ടാ. നിങ്ങൾക്കൊരു സ് മാർട്ട് ഫോണൊന്നും ഇല്ലേ? കഷ്ടം. സാരം ല്ല്യ. അതിനും വഴിയുണ്ട്. ദാ....കുട്ടൻ ലണ്ട നീന്ന് വന്നപ്പൊ കൊണ്ടു വന്ന ഒരു ഫോ ണുണ്ട്. ഞാനത് ചേട്ടനു തരാം'. കാലന്റെ അനുവാദം കാത്തു നില്ക്കാതെ സദാശി വൻ പുതിയ സ്മാർട്ട് ഫോണെടുത്ത് അ ദ്ദേഹത്തിനു നേരെ നീട്ടി. കുരങ്ങന്റെ കൈ യ്യിൽ പൂമാല കിട്ടിയ അവസ്ഥയിലായിരു ന്ന കാലനെ നോക്കി സദാശിവൻ മൊഴി ഞ്ഞു. ' യമൻ ചേട്ടാ.... ഇതിൽ ഇൻസ്റ്റാഗ്രാ മും, വാട്സ് ആപ്പും, ഫേസ് ബുക്കും എ ല്ലാം ഉണ്ട്. ഇതൊക്കെ ഭംഗിയായി ഉപയോ ഗിക്കാൻ പഠിക്കണം. ചേട്ടന്റെ ഫോട്ടോ ഡി പിയാക്കി ഇടണം. അതല്ല, വേറെ ഏതെങ്കി ലും കൊച്ചു പിള്ളാരുടെ പടവും ഇടാം കേ ട്ടോ. എന്നിട്ട് ......'സദാശിവൻ അർദ്ധോക്തി യിൽ നിർത്തി. സ്ഥലകാലബോധം മറന്ന് കാലൻ സദാശിവന്റെ വാചകമടിയിൽ വീ ണു. 'എന്നിട്ട് .. ... 'കാലൻ സദാശിവനു നേർ ക്കു നോക്കി.

'എന്നിട്ട് ഫെയ്സ് ബുക്കിൽ പോക ണം.അതിൽ ചേട്ടൻ കിടന്നും, ഇരുന്നും, നി ന്നുമൊക്കെ സെൽഫിയെടുത്ത് പോസ്റ്റ് ചെ യ്യണം. ആർക്കും പിടികിട്ടാത്ത ഭാഷയിൽ രാഷ്ട്രീയവും, സാഹിത്യവും ചർച്ച ചെയ്യ ണം. പരമാവധി പേരെ സുഹൃത്തുക്കളാക്ക ണം. കൂടുതലും പെണ്ണുങ്ങളാവണം. സുഹൃ ത്തായി കഴിഞ്ഞാൽ മെസഞ്ചറിൽ പോയി ദൗർബല്യങ്ങളിൽ പിടിച്ച് മുന്നേറണം. പ തുക്കെ ഫോൺ നമ്പർ വാങ്ങണം. വാട്സ് ആപ്പ് നമ്പറും, ഫോൺ നമ്പറും ചിലപ്പോൾ രണ്ടായിരിക്കും. അതു വാങ്ങിക്കഴിഞ്ഞാൽ ദിവസവും സുപ്രഭാതവും, ശുഭരാത്രിയും പ

റഞ്ഞു തുടങ്ങണം. പിന്നെ വീട്ടുവിശേഷങ്ങൾ ചോദിക്കാതെ തന്നെ പറയിക്കണം. പിന്നെ പേടിക്കാനില്ല. സമയം പോകുന്നതറിയില്ല. പിന്നെ, മറ്റൊരു കാര്യം ഈ പെണ്ണുങ്ങളുണ്ടല്ലോ ഒന്നുമറിയാത്ത പാവങ്ങളെപ്പോലെ അഭിനയിക്കും. നമ്മൾ ഇതു കേട്ട് നമ്മുടെ വിവരം മുഴുവൻ അവരെ പഠിപ്പിക്കാൻ തുടങ്ങിയാൽ എല്ലാം കേട്ട് അവരങ്ങ് മനസ്സാൽ ചിരിക്കും. മഹാബുദ്ധിമതികളാ.സൂക്ഷിച്ച് കൈകാര്യം ചെയ്യേണ്ട കേസാ. ഒന്നു ശ്രദ്ധിച്ചാ പിന്നെ ചേട്ടന് ഈ കയറും പിടിച്ചുള്ള ബോറ് പരിപാടിയ്ക്കിറങ്ങേണ്ടി വരില്ല.'സദാശിവന്റെ ഉപദേശം കേട്ട് കാലൻ ചിന്താധീനനായി.

'എടോ സദാശിവാ നമുക്ക് പോകേണ്ട സമയമായി. ബാക്കിയെല്ലാം അവിടെ ചെന്നിട്ട് ' .

' യമൻ ചേട്ടാ... നമുക്ക് പോകാം. അതിനു മുൻപ് കുറച്ചു കൂടി പറയട്ടെ. ഞാനിപ്പൊ വന്നാലുണ്ടല്ലോ എന്റെ ആരാധികമാർ ഹൃദയം തകർന്ന് ചാവും. ദാ. ഇപ്പൊ വിളിച്ചവളുണ്ടല്ലോ ഞാൻ വിളിക്കുന്നതും കാത്തിരിക്കുകയാ. ഒപ്പം ഒളിച്ചോടാൻ. വയസ്സ് 75 ആയി .എന്നേക്കാൾ 5 വയസ്സ് മൂപ്പ്. ഇനിയുമുണ്ട് ഒരു പാട് പേർ .'സദാശിവൻ വളരെ സങ്കടത്തിൽ അറിയിച്ചു.

'സദാശിവാ ...താൻ തമാശ പറയാ. നല്ല പ്രായത്തിൽ പ്രണയിച്ചതൊന്നും പോരാഞ്ഞിട്ടാണോ താനിങ്ങനെ?കഷ്ടം .' കാലൻ ഇത്തിരി അനിഷ്ടത്തോടു കൂടി പറഞ്ഞു.

'എന്റെ യമൻ ചേട്ടാ.... ഈ നല്ല കാലം ന്നൊക്കെ പറയുമ്പോൾ അന്നത്തെ കാലത്തേയ് ഈ മരം ചുറ്റി പ്രേമമൊക്കെ ആയിരുന്നില്ലേ? പിന്നെ കത്തെഴുതൽ ... അങ്ങനെ പോകുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അതാണോ? ഒരിക്കൽ പോലും കണ്ടില്ലെങ്കിലും നമുക്കങ്ങ് പ്രണയിക്കാം.പിന്നെ, ആരും കാണാതെ വീഡിയോ ചാറ്റ്.ആനന്ദലബ്ധിയ്ക്ക് ഇനിയെന്തു വേണം? പിന്നെ 70 വയസ്സ് ഒരു പ്രായമല്ലെന്ന് ഇപ്പഴാ അറിഞ്ഞത്. എത്ര പേരാ ദിവസവും വിളിക്കുക എന്നറിയോ? ഈ നല്ല സമയത്ത് എന്നെ കൊണ്ടു പോയാൽ ചേട്ടന് പാപം തട്ടും '.സദാശിവൻ വളരെയധികം സങ്കടത്തോടെ പറഞ്ഞു.

പുറത്ത് പോത്തിന്റെ അമറൽ. കാലൻ ആകാശത്തേയ്ക്ക് നോക്കി. അമ്പിളി പുഞ്ചിരിയോടെ നില്ക്കുന്നു. കാലൻ സദാശിവനെ നോക്കി.

'എടോ, ഈ പോത്തിന് കൊടുക്കാൻ എന്തെങ്കിലും ഇരുപ്പുണ്ടോ?'.

സദാശിവൻ അടുക്കളയിലേയ്ക്കോടി അതേ വേഗതയിൽ വലിയൊരു പാത്രവുമായി പുറത്തേയ്ക്കും ., ഒപ്പം കാലനും .പോത്തിന് സുഭിക്ഷമായി കഴിക്കാൻ ചോറ് .ആർത്തിയോടെ ചോറ് തിന്നുന്ന പോത്തിനെ നോക്കി സദാശിവൻ കാലനോട് പറഞ്ഞു. 'ചേട്ടാ, ഈ പോത്തിന്റെ പുറത്തുള്ള യാത്രയൊക്കെ ഒഴിവാക്കാറായി. മൃഗ സ്നേഹികൾ കണ്ടാൽ വലിയ പ്രശ്നാവും. പറ്റുമെങ്കിൽ കാറെടുക്കണം. ഇല്ലേൽ ബുള്ളറ്റ് .ചേട്ടാ ... കാലത്തിനനുസരിച്ച് കോലം കെട്ടണം ന്ന് കേട്ടിട്ടില്ലേ?'.

കാലൻ സദാശിവനെ നോക്കി. സമയം അതിക്രമിച്ചിരിക്കുന്നു. ഇനിയിപ്പൊ ഇവനെ കൊണ്ടു പോകാൻ പറ്റില്ല. അല്ലെങ്കിലും കൊറോണ കാരണം കുറെ എണ്ണം എത്തിയിട്ടുണ്ട്. ഇനിയിപ്പൊ പഴയ ലിസ്റ്റിലുള്ളവരെക്കൂടി കൊണ്ടു പോയാൽ ക്യാമ്പ് തുടങ്ങേണ്ടി വരും.തല്ക്കാലം ഇയാളിവിടെ കഴിയട്ടെ.

'സദാശിവാ, ഞാൻ പോകുന്നു. അടുത്ത തവണ വരുമ്പോൾ ഒരു ന്യായവും പറഞ്ഞ് ജയിക്കാമെന്ന് കരുതണ്ട. കേട്ടല്ലോ '. കാലൻ ഇത്രയും പറഞ്ഞ് യാത്രയായി.

സദാശിവൻ ഒരു കള്ളച്ചിരിയോടെ കാലനെ യും നോക്കി നിന്നു.' അരികിൽ നീയുണ്ടായിരുന്നെങ്കിലെന്നു ഞാൻ.....' .മൊബൈൽ പാടുന്നു.സദാശിവൻ വീണ്ടും തിരക്കിലേയ്ക്ക്.





മാണി പയസ്

# ആകസ്മികം

നഗരത്തിലെ പ്രമുഖരായ ബാർ ഹോട്ടലിലെ മൈലാഞ്ചി ചെടികൾ മനോഹരമായി വെട്ടിനിർത്തിയ ലോണിന്റെ ഒരറ്റത്താണ് ഞാൻ സ്ഥിരമായി ഇരിക്കാറ്. അറ്റത്തായതിൽ സ്വകാര്യത തോന്നും. മറ്റ് ഇരിപ്പിടങ്ങൾ നിറഞ്ഞാലേ ഇവിടേക്ക് ആളുകൾ വരൂ.

ലോണിൽ പഴയ ഹിന്ദി ഗാനങ്ങൾ മെല്ലെ ഉയരും. വർണവിളക്കുകൾ മിന്നിത്തിളങ്ങും. ഇടയ്ക്കു ബാർ ജീവനക്കാർ കുന്തിരിക്കം പുകയ്ക്കും. ഇതെല്ലാം എനിക്കിഷ്ടമാണ്. കുന്തിരിക്കപ്പുകയുടെ പശ്ചാത്തലത്തിൽ മദ്യപിക്കുമ്പോൾ എന്റെ മനസ്സിൽ പറഞ്ഞറിയിക്കാൻ കഴിയാത്ത വികാരങ്ങൾ ഉണരാറുണ്ട്.

മാൻഷൻ ഹൗസ് ബ്രാൻഡിയുടെ പെഗിൽ മിതമായി തണുത്ത ക്ലബ് സോഡ ഒഴിച്ച് കഴിക്കുമ്പോൾ ടേസ്റ്റ് എനിക്കു വലിയ ഇഷ്ടമാണ്. രണ്ട് ലാർജ് ഒരുമിച്ച് ഓർഡർ ചെയ്യുകയാണ് എന്റെ രീതി. കൂടെ ഒരു പായ്ക്കറ്റ് അണ്ടിപ്പരിപ്പും രണ്ട് ചപ്പാത്തിയും ഒരു പ്ലേറ്റ് മുയലിറച്ചി ഫ്രൈയുമാണ് മെനു. മൂന്നാമത്തെ ലാർജിൽ അന്നത്തെ ആഘോഷം അവസാനിപ്പിക്കും.

ആദ്യ ലാർജ് തീരാൻ ഇരുപത്തഞ്ചു, മുപ്പതു മിനിറ്റെടുക്കും. അതിനുള്ള അനുസാരിയാണ് അണ്ടിപ്പരിപ്പ്. രണ്ടാമത്തെ ലാർജിൽ കൈവയ്ക്കുമ്പോഴേക്കും ചൂടുള്ള മുയലിറച്ചി എത്തും. അതിൽനിന്ന് ഒരു കഷണമെടുത്ത് ടേസ്റ്റ് ചെയ്ത ശേഷം രണ്ടാമത്തെ പെഗ് ചുണ്ടിൽ വയ്ക്കും. അന്നത്തെ എല്ലാ അലച്ചിലുകളും തിക്താനുഭവങ്ങളും ഉറച്ചുരുക്കളഞ്ഞ മനസ്സുമായി ലോകത്തോട് മുഴുവൻ ഇഷ്ടം തോന്നുന്ന സന്ദർഭമാണ് അത്.

അപ്പോഴാണ് ഞാൻ ശ്രദ്ധാപൂർവം ചുറ്റിലും നോക്കുക. മറ്റുള്ളവരെ നിരീക്ഷിക്കുക, അവർ നോക്കുന്നുണ്ടെങ്കിൽ ചിരിക്കുക, സംസാരിക്കാൻ അവസരം ഉണ്ടാക്കുക എന്നതൊക്കെ തൊഴിലിന്റെ ഭാഗമായി ഞാൻ ചെയ്യുന്ന കാര്യങ്ങളാണ്. അങ്ങനെയാണ് ചെയർമാൻ ക്ലബിൽ അംഗത്വമുള്ള ഇൻഷ്വറൻസ് ഏജന്റായത്. പക്ഷേ മദ്യപിക്കുമ്പോൾ ഞാൻ സ്വകാര്യതയും ഏകാന്തതയും ഇഷ്ടപ്പെടുന്നു.

ഈ ജോലിയിൽ ഏർപ്പെടും മുമ്പ് ഞാൻ ഒരു സായാഹ്ന പത്രത്തിന്റെ റിപ്പോർട്ടറായിരുന്നു. നിരീക്ഷണവും സംസാരവും അന്വേഷണ താൽപര്യവും ആ ജോലിയുടെ ഭാഗമായും ഉണ്ടായിരുന്നു. സാമ്പത്തിക പ്രതിസന്ധിമൂലം പത്രസ്ഥാപനം പൂട്ടുമെന്നായപ്പോൾ കിട്ടിയ നഷ്ടപരിഹാരവും വാങ്ങി പുറത്തുപോന്നു. തുടർന്നു കണ്ടെത്തിയ ജീവിതമാർഗമാണ് ഇൻഷ്വറൻസ് വിജിലൻസി.

ലോണിൽ മറ്റുള്ളവരെ നിരീക്ഷിക്കുന്ന സന്ദർഭത്തിലാണ് അയാൾ ദൃഷ്ടിയിൽ പെട്ടത്. ഞാനിരിക്കുന്നതുപോലെ സ്ഥിരം ഒരു സീറ്റിലല്ല അയാൾ ഇരിക്കാറ്. ഓരോ ദിവസവും അയാളുടെ കൂടെ വരുന്നവരും മാറിക്കൊണ്ടിരിക്കും.

രണ്ട് പെഗ് അകത്തായി കഴിഞ്ഞാൽ അയാൾ പാടിത്തുടങ്ങും. മറ്റൊന്നിലും മനസ്സ് കേന്ദ്രീകരിക്കാതാവുമ്പോൾ ഞാൻ അയാളുടെ പാട്ടിനു ചെവിയോർക്കും. പഴയ മലയാള സിനിമാഗാനങ്ങളാണ് അയാൾ പാടുക. നല്ല ഈണമുണ്ട്. കൂട്ടുകാരുടെ ജോലി താളം പിടിക്കലും തലയാട്ടലുമാണ്. ഒന്നൊന്നായി പെഗുകൾ വിഴുങ്ങുകയും ചെയ്യും. ഓരോ ദിവസവും തന്റെ പാട്ടു കേൾക്കാൻ അയാൾ ആളുകളെ സ്പോൺസർ ചെയ്തു കൊണ്ടുവരുന്നതായാണ് എനിക്കു തോന്നിയത്. എപ്പോഴും അയാളാണ് ബില്ല് പേ ചെയ്തിരുന്നത്.

ഒരു ദിവസം അയാളുടെ കൂടെ ആരും ഉണ്ടായിരുന്നില്ല. പ്രതീക്ഷിച്ചതിലും വലിയ ഒരു പോളിസി ഒത്തുകിട്ടിയതിനാൽ അന്നെനിക്കു വളരെ സന്തോഷമുള്ള ദിവസമായിരുന്നു. അത് ആരോടെങ്കിലും പങ്ക് വയ്ക്കാനുള്ള മൂഡും ഉണ്ടായിരുന്നു. അല്പനേരം നോക്കിയിരുന്നശേഷം ഞാൻ അയാളുടെ അടുത്തേക്ക് ചെന്നു പരിചയപ്പെട്ടു. ഒരു കമ്പനി കാത്തിരിക്കുകയായിരുന്നു അയാളന്നു വ്യക്തമാക്കി. പെഗ് ഒഴിച്ച ഗ്ലാസും കപ്പലണ്ടി പാത്രവുമായി അയാൾ എന്റെ ടേബിളിലേക്ക് പോന്നു. ഞാനത്രയും പ്രതീക്ഷിച്ചില്ല. അയാളുടെ പാട്ടുകളെപ്പറ്റി ഞാൻ പറഞ്ഞ നല്ല വാക്കുകളാവാം അയാളെ കീഴടക്കിയത്.

അയാളുടെ പാട്ടിന് എന്തോ ഒരു വശ്യതയുണ്ട്. അയാൾ പാടുമ്പോൾ പാട്ടിൽ പതിഞ്ഞ രീതിയിൽ കിടക്കുന്ന സംഗതികൾ പോലും പെട്ടെന്നു തെളിഞ്ഞു കിട്ടും. ഞാനതു പറയുക മാത്രമല്ല, അയാളോടൊപ്പം പാടാൻ ശ്രമിക്കുകയും ചെയ്തു. അതയാളെ ആകർഷിച്ചു. പിന്നീട് ഒരു സംഗീതാധ്യാപകനെ പോലെ ചില പാട്ടുകളുടെ വരികൾ എന്നെക്കൊണ്ട് പാടിപ്പിച്ചു. അതിലെ അപാകതകൾ ചൂണ്ടിക്കാട്ടി.

പാട്ടിന്റെ ഇടവേളകളിൽ മദ്യം അകത്താക്കുന്നതോടൊപ്പം ഞങ്ങൾ കൂടുതൽ പരിചയപ്പെട്ടു. അയാളുടെ രണ്ട് ആൺ മക്കളും ഗൾഫിലാണെന്നറിഞ്ഞപ്പോൾ എന്നിലെ ഇൻഷ്വറൻസ് അഡ്വൈസർ പുതിയ ബിസിനസ് സാധ്യത കണ്ടു.

അന്നത്തെ ദിവസത്തിനു ശേഷം ഞങ്ങളുടെ ഇരിപ്പിടങ്ങൾ ഒരരേ മേശയ്ക്കു ചുറ്റുമായി. മിക്ക ദിവസങ്ങളും അയാളാണ് നേരത്തെ എത്തുക. ഞാൻ വരാനായി കാത്തിരിക്കും. ഞാനുമായുള്ള സൗഹൃദം ഉറച്ചതിനുശേഷം അയാൾ സുഹൃത്തക്കളെ ഒപ്പം കൂട്ടിയിരുന്നില്ല.

മദ്യപിക്കുക മാത്രമല്ല, അയാൾ നിർത്താതെ സിഗററ്റ് വലിക്കും. അടുത്തു വരുമ്പോൾ പുകയിലയുടെ രൂക്ഷ ഗന്ധം മദ്യഗന്ധത്തെയും ഭേദിച്ചു പൊങ്ങും. അയാളുടെ ഭാര്യ ഇതെങ്ങനെ സഹിക്കുന്നുവെന്നു ഞാനോർത്തു.

ഒരു ദിവസം ഞങ്ങളുടെ മദ്യപാനം അമിതാഘോഷമായി മുന്നോട്ടു നീങ്ങുമ്പോഴാണ് അയാൾ സ്വകാര്യ ദുഃഖങ്ങളുടെ കെട്ടഴിച്ചു വിട്ടത്. അന്ന് മാൻഷൻ ഹൗസ് ബ്രാൻഡിയുടെ നാല് പെഗ് കഴിഞ്ഞിട്ടും എനിക്കു നിർത്തണമെന്നു തോന്നിയില്ല. അയാളും അത്രയും പെഗ് അകത്താക്കിയിരുന്നു.

'ഓരോ പെഗ് കൂടി ആയാലോ?'– ഞാൻ അയാളോടു ചോദിച്ചു.

അയാൾ മറ്റന്തോ ആലോചനയിലായിരുന്നു. എന്റെ ചോദ്യം കേട്ടില്ലെന്നു കരുതി. ഞാൻ തമായശയായി ചോദിച്ചു: 'എന്താ ബി പി കൂടിയോ?'

മദ്യപാനിയുടെ സംസാരഭാഷയിൽ ബി പി എന്നതിന്റെ വികസിതരൂപം 'ഭാര്യയെ പേടി' എന്നാണ്. ഇത്തവണ അയാൾ എന്റെ ചോദ്യം കേട്ടു. 'ആർക്ക് എനിക്കോ, ഏതു ഭാര്യ' എന്നായിരുന്നു പ്രതികരണം.

അയാളുടെ കുടുംബജീവിതം അസ്വസ്ഥതകൾ നിറഞ്ഞതാണെന്നു അയാളുടെ വാക്കുകളിൽ നിന്ന് പലപ്പോഴായി മനസ്സിലാക്കിയിരുന്നു.

അന്ന് നന്നായി മദ്യപിച്ചിട്ടും അയാൾ പാട്ടൊന്നും പാടിയില്ല. പാടിപ്പിക്കാനുള്ള എന്റെ ശ്രമങ്ങളെല്ലാം പരാജയപ്പെടുകയായിരുന്നു. ഇടയ്ക്ക് അയാൾ എന്തോ പറയാൻ ശ്രമിക്കുന്നതായി തോന്നി. അയാൾ തന്നെ അത് വേണ്ടാന്നു വച്ചതായും തോന്നി. അന്നു യാത്ര പറയുമ്പോൾ അയാളുടെ മുഖം ദുഃഖഭരിതമായിരുന്നു. മദ്യലഹരിക്കും മായിച്ചു കളയാൻ കഴിയാതിരുന്ന ദുഃഖം.

അടുത്ത മൂന്നു ദിവസത്തേക്ക് എനിക്കു ബാറിൽ വരാൻ പറ്റിയില്ല. നാലാമത്തെ ദിവസം എത്തിയപ്പോൾ അയാൾ എത്തിയില്ല. മൂന്നു ദിവസം കഴിഞ്ഞിട്ടും അയാളെ കാണാതായപ്പോൾ ഞാൻ വെയിറ്ററോട് അയാളെക്കുറിച്ച് അന്വേഷിച്ചു.

വെയിറ്റർ അദ്ഭുതത്തോടെ എന്നെ നോക്കി. എന്നിട്ട് സ്വരം താഴ്ത്തി പറഞ്ഞു: 'അദ്ദേഹം ആത്മഹത്യ ചെയ്ത വിവരം സാർ അറിഞ്ഞില്ലേ'.

അപ്രതീക്ഷിതമായി തലയ്ക്ക് അടികിട്ടിയ പോലെയായി ഞാൻ. മൂന്നു നാലു ദിവസമായി പത്രം ശരിക്കും വായിച്ചിട്ട്. ചരമപേജ് നോക്കുന്ന ശീലം പണ്ടു മുതലേ ഇല്ല.

ഞാനപ്പോൾ രണ്ടാമത്തെ പെഗിൽ കൈ വച്ചിരുന്നില്ല. വെയിറ്ററോട് പറഞ്ഞു: ' മുയൽ ഫ്രൈ കാൻസൽ ചെയ്തോളൂ'. ഇന്നിനി ഇറച്ചി കഴിക്കാൻ പറ്റില്ല. മനസ്സിൽ അയാളുടെ പ്രിയപ്പെട്ട പാട്ട് മുഴങ്ങി:

'സുഖമെവിടെ, ദുഃഖമെവിടെ?
സ്വപ്നമരീചിക മാഞ്ഞു കഴിഞ്ഞാൽ
ആശയെവിടെ, നിരാശയെവിടെ?'

# ഇവിടം സ്വർഗ്ഗമാണ്



**ജോജിമോൾ ഷാജു**

**ശാ**രിക തന്റെ നയനങ്ങൾ എത്ര ഇറുക്കിയടച്ചിട്ടും നിദ്ര തന്റെ കൺപോളകളെ സ്പർശിച്ചില്ല. നിശയുടെ ഓരോ യാമങ്ങളിലും തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോഴും തനിക്കു മുകളിൽ തിരിയുന്ന ഫാനിന്റെ ശബ്ദം ചെവികളിൽ ഒരു ഹുങ്കാരം പോലെ അലയടിച്ചുകൊണ്ടിരുന്നു. എന്തു ചെയ്യണം? മനസിൽ ഒരായിരം ചോദ്യങ്ങൾ തികട്ടിവന്നു. മറ്റൊന്നും ഇനി ചിന്തിക്കണ്ട.ജീവിതം അവസാനിപ്പിക്കുക തന്നെ. എങ്ങനെ അവസാനിപ്പിക്കണം? തന്റെ നെഞ്ചോട് ചേർന്നുറങ്ങുന്ന സാന്ദ്രമോളെയും തൊട്ടപ്പുറത്തു ചുരുണ്ടുകിടക്കുന്ന അനൂപിനേയും നോക്കി മനസ് അറിയാതെ ദീർഘനിശ്വാസം കൊണ്ടു.

ഞാനും എന്റെ രണ്ടു മക്കളും ഇന്ന് ഈ ലോകത്തിന് ഭാരമാണ്. ഒരല്ലലും അറിയിക്കാതെയാണ് എന്നേയും മക്കളേയും സൂരജ് നോക്കിയത്. ഒരു താണജാതിക്കാരനെ സ്നേഹിച്ചകുറ്റത്തിന് ഞങ്ങളുടെ വിവാഹം കഴിഞ്ഞ അന്നുതന്നെ എന്നെ പടിയടച്ച് പിണ്ഡം വെച്ചതാണ്.ദേഷ്യമെല്ലാം ഇന്നുമാറും നാളെമാറുമെന്നു കരുതി കണ്ണിലെണ്ണയൊഴിച്ച് കാത്തിരുന്ന എനിക്ക് നിരാശയായിരുന്നു ഫലം. എങ്കിലും എന്റെ സൂരജ് എന്നേയും മക്കളേയും പൊന്നുപോലെയാണ് നോക്കിയത്. നീ നമ്മുടെ മക്കളെ നോക്കിയിരുന്നാൽ മാത്രം മതിയെന്നു പറഞ്ഞ് ജോലിക്കാരിയേയും വെച്ച് എല്ലാ ഐശ്വര്യങ്ങളിലൂടേയും കടന്നുപോയ ആ നാളുകളോർത്ത് കണ്ണുനിറഞ്ഞു. കരയാനിനി കണ്ണിൽ ഒരു തുള്ളി ബാക്കിയില്ല. ബൈക്കപകടത്തിൽപ്പെട്ട് സൂരജിന്റെ മരണത്തിനുശേ



ഷം ഇതുവരെയെന്നെ ഒരു ബന്ധുക്കളും കൂട്ടുകാരും നാട്ടുകാരും തിരിഞ്ഞുനോക്കിയിട്ടില്ല.

അതുവരെ കാണിച്ച അവരുടെ സ്നേഹവും സൗഹൃദവും അഭിനയമായിരുന്നുവോ? ദാ നാളെകൂടി കഴിഞ്ഞാൽ ഈ വാടക വീട്ടിൽ നിന്നും ഒഴിഞ്ഞുതരണമെന്ന് വീടിന്റെ ഉടമസ്ഥൻ. പറക്കമുറ്റാത്ത ഈ കുട്ടികളെ കൊണ്ട് ഞാൻ എവിടെ പോകുമെന്ന ചോദ്യത്തിന് അവിടെ ഒട്ടും പ്രസക്തി ഉണ്ടായിരുന്നില്ല. താമസംപോട്ടെ, എന്റെ മക്കൾക്ക് വയറുനിറയാൻ ഞാൻ എന്തുചെയ്യും?നീലാകാശത്തുനിന്ന് പെട്ടെന്ന് ആഴിയുടെ അഗാധതയിലേയ്ക്ക് വീണതുപോലെ.ഈ വീട്ടിലെ അവസാനരാത്രിയാണ്. ജീവിതം അവസാനിപ്പിക്കാനുള്ള ശക്തി തരണേയെന്നു മനസുരുകി പ്രാർഥിച്ച് എപ്പോഴോ ശാരിക മയക്കത്തിലേയ്ക്ക് ഊളിയിട്ടു.

കോളിംങ്ങ് ബെല്ലിന്റെ ശബ്ദം കേട്ടാണ് ശാരിക ഞെട്ടിയുണർന്നത്.ശ്ശോ നേരം വല്ലാതെ വെളുത്തല്ലോ. അവൾ തന്റെ മറോട്ചേർന്നു കിടക്കുന്ന കൊച്ചിനെ മാറ്റികിടത്തിയശേഷം വാതിൽക്കലേയ്ക്കു പാഞ്ഞു.വാതിൽ തുറക്കുമ്പോഴും വീട്ടുടമയാകല്ലേയെന്ന് മനസിൽ ഒരായിരം ആവർത്തി പ്രാർത്ഥിച്ചു. മോളെ... ഇതുഞാനാ. ഈ അമ്മാളുവമ്മ. ഇന്നലെ രാത്രിയാണ് നിന്റെ വിവരങ്ങൾ അറിഞ്ഞത്. എങ്ങനെയാ നേരം വെളുപ്പിച്ചതെന്നറിയില്ല. ആദ്യത്തെ ബസിനുതന്നെ ഇങ്ങോട്ടു പോന്നു. മോള് വല്ലതും കഴിച്ചോ? ഈ അമ്മാളുവമ്മ അടുക്കളയിൽ കയറാം... മുറുക്കിതുപ്പികൊണ്ട് അമ്മാളുവമ്മ അകത്തേയ്ക്കു കയറി.

ആദ്യം മനസിൽ പുച്ഛമാണ്തോന്നിയത്. സൂരജ് ഉള്ളപ്പോഴെ തനിക്കു കണ്ണെടുത്തുകണ്ടുകൂടാത്ത തള്ളയായിരുന്നു പപ്പടക്കാരി അമ്മാളുവമ്മ. താൻ ഉണ്ടാക്കിയ പപ്പടം പിടിപ്പിക്കാൻ ആഴ്ചതോറും തന്റെ വീട്ടിൽ കയറിയിറങ്ങുന്ന ഈ അശ്രീകരത്തെ തനിക്കു കാണുന്നതേ വെറുപ്പാ. അപ്പുറത്തേയും ഇപ്പുറത്തേയും കുറ്റം പറയാനുള്ള ഈ തള്ളയുടെ താല്പര്യമൊന്നു കാണണം.ഒരാട്ടുവെച്ചുകൊടുത്ത് പുറത്തുപോ തള്ളേയെന്നു പറയാനാണ് ആദ്യം മനസ് ത്രസിച്ചത്. പിന്നെയൊരു നിമിഷം ചിന്തിച്ചു. തന്റെ സൂരജ് മരിച്ചിട്ട് ഇന്നേയ്ക്കു പത്താം ദിവസമായി. ഈ തള്ളയൊഴിച്ച് ഒരാളുപോലും ഇവിടേയ്ക്കു തിരിഞ്ഞുനോക്കിയില്ല. ഇവരോടെങ്ങനെ പറയും.മനസ് മരവിച്ച് നിലത്ത് തളർന്നിരുന്നു.

ചൂടോടെ നല്ല കട്ടൻചായയുമിട്ട് അമ്മാളുവമ്മ അവളുടെ അടുത്തുകൊണ്ടുവെച്ച് തന്റെ തോളിൽ തലോടികൊണ്ട് ' ഇതുകുടിക്കുമോളെ' എന്നു പറഞ്ഞു കേട്ടതും മൂടിക്കെട്ടിയ ആകാശം ആർത്തലച്ചു പെയ്തതുപോലെ ശാരിക അറിയാതെ പൊട്ടികരഞ്ഞുപോയി. നാളുകൾക്കുശേഷം കേട്ട ഒരാശ്വാസ വാക്കിന് ഇത്രമാത്രം ആശ്വാസമുണ്ടാകുമെന്ന് അന്നാണ് തിരിച്ചറിഞ്ഞത്. പിന്നെയങ്ങോട്ട് അറിയാതെ തന്നെ ഉള്ളിലെ അണപൊട്ടി സങ്കടങ്ങളെല്ലാം അമ്മാളുവമ്മയിലേയ്ക്കു ചൊരിഞ്ഞു. എല്ലാം കേട്ട്... 'നീ ആ വീട്ടുടമസ്ഥൻ മരങ്ങോടനോട് പോകാൻ പറ. ചെറുതെങ്കിലും ഈ അമ്മാളുവമ്മയുടെ വീടുണ്ട് മോൾക്കും മക്കൾക്കും. ഒരു പട്ടിയും അവിടെ നിന്നിറങ്ങിപോകാൻ പറയില്ല'

അമ്മാളുവമ്മയുടെ വാക്കുകളിലെ ഘനവും വ്യാപ്തിയും തീവ്രമായിരുന്നുവെങ്കിലും എത്രനാൾ.... ഇനിയിങ്ങനെ എത്രനാൾ... ആ ചോദ്യത്തിനും അമ്മാളുവമ്മ ഉത്തരം കണ്ടു. 'മോളെ ഈ അമ്മാളുവമ്മ പെട്ടെന്നൊരു മഴയ്ക്ക് കിളിർത്തുണ്ടായതല്ല. കൊടിയ വേനലും കൊടുങ്കാറ്റും കൊണ്ട് തഴമ്പിച്ചെത്തിയതാണ് ഇവിടംവരെ. നമ്മുക്ക് ആരുടേയും ഓശാരം വേണ്ട'

പിന്നെയങ്ങോട്ടുള്ള നാളുകൾ പെട്ടെന്നാണ് നീങ്ങിയത്. അമ്മാളുവമ്മ പപ്പടം ഉണ്ടാക്കും. ശാരിക അത് പലപല വീടുകളിൽ,കടകളിൽ,മാളുകളിൽ... ഇന്നിപ്പോൾ വലിയൊരു പപ്പടകമ്പനിയുടെ ഉടമയാണ് ശാരിക. തനിക്കുചുറ്റുമുള്ള അബലരും അനാഥരുമായ ഒരു പറ്റം പാവങ്ങളെ കൈപ്പിടിച്ചുയർത്തി അമ്മാളുവമ്മയുടെ ഒരൊറ്റവാക്കിന്റെ ശക്തിയിൽ കെട്ടിപടുത്ത സ്വർഗ്ഗം. അതേ.... 'ഇവിടം സ്വർഗ്ഗമാണ്'.

# സമയമുണ്ട്



ശ്രീദേവി അമ്പലപുരം



'അമ്മേ.... ഇനിയ്ക്കിത്തിരി വെള്ളം വേണം... നാരങ്ങ പിഴിഞ്ഞത് മതീട്ടോ... ' മുറിയിൽ നിന്നും മകൻ വിളിച്ചു പറഞ്ഞു.

'അമ്മേ.... ന്റെ ചായപ്പെൻസില് കാണാനില്യാ.... ഒന്നെടുത്തു തരോ?' – സ്വീകരണ മുറിയിൽ നിന്നും മകളുടെ ആവശ്യം.

'ഭാമ്..... മുഷിഞ്ഞു. ഒരു ചായയിട്.'

ന്യൂസ്പേപ്പറിന്റെ അവസാനപേജിലെ മുക്കുംമൂലയും നോക്കിയിരിക്കുന്നതിനിടയിൽ, സിറ്റൗട്ടിൽ നിന്നും ഭർത്താവിന്റെ കല്പന.

'മൂക്കടപ്പുണ്ട്. മോളേ... ആ വിക്സിന്റെ ബോട്ടിലൊന്നു വേണം' – അമ്മായിയച്ഛന്റെ ആവശ്യം.

മണി പന്ത്രണ്ടര കഴിഞ്ഞു. ഇതുവരെ കുളിയ്ക്കാനായിട്ടില്ല. കോവിഡ് ബാധയെ തുടർന്ന് എല്ലാവരും വീട്ടിനുള്ളിലായതിനാൽ പലർക്കും സമയം പോകുന്നില്ലെന്നാണ് പരാതി. ഇവിടെ നിന്നു തിരിയാൻ നേരംല്യാ.... ഇതിലും ഭേദം ജോലിയ്ക്കു പോവുകയായിരുന്നു.

വൈകി എണീറ്റാൽ മതിയെന്നു വിചാരിയ്ക്കും. പറ്റില്ല. ആറുമണിയ്ക്കു തന്നെ അമ്മായിയച്ഛന് ചായ വേണം. പിന്നെ അടുക്കള..... മുറ്റം... വീടിനകം.... പണി തന്നെ.

അമ്മായിയച്ഛന് ഇഡ്ഢലിയാണിഷ്ടം. 'ജോലിയ്ക്കൊന്നും പോണ്ടല്ലോ. ഉണ്ടാക്കി കൊടുക്ക്.' – ഭർത്താവിന്റെ അഭിപ്രായം. മക്കൾക്ക് മൊരിഞ്ഞ ദോശയാണിഷ്ടം. കഴിയ്ക്കാനിരിയ്ക്കുമ്പോഴെ, ദോശക്കല്ല് അടുപ്പത്ത് വെയ്ക്കാവൂ....

വീട് ദൂരത്തായതിനാൽ പണിക്കാരി വരുന്നില്ല. മാത്രമല്ല, അവരെയൊന്നും വരുത്തേണ്ടെന്ന് ഭർത്താവ് മുന്നറിയിപ്പ് തന്നിട്ടുണ്ട്. അതിനാൽ അടുച്ചുവാരി തുടയ്ക്കൽ, അലക്ക്, മുറ്റമടി... ഒക്കെ ചെയ്യണം.

ഇപ്പോഴല്ലേ മക്കൾക്ക് എന്തെങ്കിലും നല്ലത് തിന്നാനൊക്കു.... കുറച്ച് അപ്പമുണ്ടാക്ക്. ചക്ക വറുക്ക്. രണ്ടു ചക്ക പഴുപ്പിച്ചാൽ വരട്ടാംട്ടോ.... ഭർത്താവ് നയത്തിൽ കൂടും. ചക്ക കൊണ്ട് എന്തൊക്കെ വിഭവങ്ങളാ ഓരോരുത്തർ ഉണ്ടാക്കണതെന്ന് പതുക്കെ പറഞ്ഞ് പോവുകയും ചെയ്യും. തിരിച്ചു വന്ന് ഒന്നു കൂടി ഓർമ്മിപ്പിയ്ക്കും. 'പിന്നേയ്.... ആ വട്ടേപ്പം പോലുള്ളത് ഉണ്ടാക്ക്യാലേ... അച്ഛന് പറ്റുള്ളൂട്ടോ.'

ഞാനെന്താ മെഷ്യേനൊന്നുമല്ലല്ലോ..... മനുഷ്യ സ്ത്രീയല്ലേയെന്നു ചോദിച്ചാൽ, മ

ക്കളും ഭർത്താവും ഒപ്പം പറയും – ഇപ്പോ ജോലിയ്ക്ക് പൂവണ്ടല്ലോ...

ഒരു മണിയാവും കുളിച്ചെത്തുമ്പോൾ. അപ്പോഴേയ്ക്കും ഭർത്താവിന്റെ ഉച്ച ഊണിനുള്ള സമയമായിരിയ്ക്കും. ഒപ്പം മറ്റുള്ളോർക്കും. അടുക്കളയിലേയ്ക്കെത്തുമ്പോഴേയ്ക്കും ഭർത്താവ് ധൃതി കൂട്ടും. – ദേ, അച്ഛന് ഉണ്ണാറായിട്ടോ... അച്ഛന് എന്നു പറഞ്ഞാൽ എല്ലാവർക്കും എന്നാണർത്ഥം.

ഊണിനിരിയ്ക്കാൻ തുടങ്ങുമ്പോഴാവും പപ്പടം കാച്ചിയിട്ടില്ലെന്നോർമ്മ വരിക. സ്റ്റൗ കത്തിയ്ക്കുമ്പോൾ മകൻ വിളിച്ചു പറയും – അമ്മേ എനിയ്ക്ക് മഞ്ഞപപ്പടം മതീട്ടോ.... നോള് പറയും... നിയ്ക്ക് ചൊമന്നത് മതി. കൂട്ടത്തിൽ ഭർത്താവ് ഓർമ്മിപ്പിക്കും – ഭാമേ കയ്പയ്ക്കകൊണ്ടാട്ടംകൂടി വറുത്തോ....

ഊണു കഴിയ്ക്കുമ്പോൾ ഓരോരുത്തർക്ക് ഓരോ പരാതിയാണ് – ഈ ഈ അമ്മയ്ക്കെന്നും ചക്കക്കുരുവും മുരിങ്ങക്കായുമാണ്. അത് മോളുടെ വക.

'അമ്മേ.... ഫ്രൈഡ് റൈസും ചിക്കൻ കറിയും കഴിയ്ക്കാൻ തോന്നുന്നു. നാളെ അത് മതീട്ടോ.....' മകന്റെ ആവശ്യം.

'ഭാമേ... അച്ഛന് മോര് കൊടുത്തിട്ടില്ല്യാ....' ഭർത്താവ് പറയുംമുമ്പേ അടുക്കളയിലേയ്ക്കോടും. പച്ചമുളകും കറിവേപ്പിലയും ഉപ്പുമൊക്കെ ചേർത്ത മോര് മേശമേൽ കൊണ്ടുവന്നു വെയ്ക്കുമ്പോൾ മോൻ ഓർമ്മിപ്പിയ്ക്കും – അമ്മേ.... നിയ്ക്ക് തൈര് കിട്ടീല്ല്യാ... അതു കൊണ്ടു വന്ന് വെയ്ക്കുമ്പോൾ ഭർത്താവ് ചോറിൽ നിന്നും മുഖമുയർത്തി ചോദിയ്ക്കും – 'ഇന്നെന്താ അരിയ്ക്ക് വേവു കുറവാണോ? അട്ഠന് നല്ലോണം വേവണംന്നറിയില്ല്യേ?' പക്ഷേ അച്ഛൻ ഒരു പരാതിയും പറയാതെയാണ് ഊണ് കഴിയ്ക്കുക. അതെങ്കിലും ആശ്വാസമെന്ന് തോന്നും. എല്ലാവർക്കും നല്ലോണം വെന്തതാണിഷ്ടമെങ്കിൽ അങ്ങനെയാവാം.

അതു വേണ്ട..... അതു വേണ്ടാ... മക്കൾ ഒപ്പം പറയും. ഇരുന്ന് വിമർശിയ്ക്കയല്ലാതെ നീയിരിക്ക്, അമ്മ ഊണു കഴിയ്ക്കൂ എന്നൊന്നു ആരും പറയാറില്ല്യാ.....

ഊണുകഴിച്ച് അടുക്കള വൃത്തിയാക്കി, രണ്ട് മണിയോടുകൂടി പത്രം വായിയ്ക്കാനെടുക്കുമ്പോൾ, ടി. വി. ഓഫ് ചെയ്ത് ഉച്ചയുറക്കത്തിന് മുകളിലേയ്ക്ക് കോണി കയറുന്ന ഭർത്താവ് അല്പമുറക്കെ സ്വഗതം ചെയ്യും – എല്ലായിടത്തും മാറാല കെട്ടീട്ടുണ്ട്.

അത് ശ്രദ്ധിക്കാതെ പത്രം നിവർത്തു. മനസ്സിൽ പറയും – ഞാനൊന്നിരിയ്ക്കട്ടെ. രണ്ട് വരിയെങ്കിലും ന്യൂസ് വായിയ്ക്കട്ടെ.

വായിയ്ക്കുന്നതിനിടയിൽ അറിയാതെ കണ്ണടഞ്ഞു പോകുമ്പോഴായിരിയ്ക്കും അപ്പുറത്തു നിന്ന് മക്കളുടെ ലഹള. ഒപ്പം അമ്മേ, അമ്മേ എന്നു വിളിയും. വഴക്കു തീർക്കാൻ ചെന്നില്ലെങ്കിൽ പ്രശ്നം ഗുരുതരമാവും. രണ്ടാളും വിട്ടുകൊടുക്കണോരല്ല....

നാലുമണിയ്ക്ക് ചായയ്ക്ക് എന്തെങ്കിലും ഉണ്ടാക്കണം. ജോലിയ്ക്കു പോകുന്നില്ലല്ലോ.... സമയമുണ്ടല്ലോ..... കുട്ട്യോൾക്ക് ഇപ്പോഴല്ലാതെ പിന്നെപ്പോഴാ ഉണ്ടാക്കിക്കൊടുക്കാ? ഭർത്താവിന്റെ അഭിപ്രായം.

'അമ്മേ... ഇന്ന് പഴംപൊരി മതീട്ടോ.... പ്ലീസ്....' മോളുടെ കെഞ്ചൽ.

'അത് മിനിഞ്ഞാന്ന് ഉണ്ടാക്കീതല്ലെടീ...?' അമ്മേ... അരിയുണ്ട മതി. അതിന് നല്ല സ്വാദാ.... 'അതു വേണ്ടാ.... പഴംപൊരി തന്നെ മതി...'

അച്ഛനും അച്ഛാച്ഛനും എന്താ വേണ്ടതെന്ന് ചോദിയ്ക്ക്. അപ്പോ നാലു തരം ഒപ്പം ഉണ്ടാക്കാലോ....

അടുക്കളയിലേയ്ക്ക് കടക്കുമ്പോൾ അമ്മ പറയുന്നത് കേട്ട്, ഞാൻ ചോദിക്കാമെന്നു പറഞ്ഞ് മകൾ ഓടിപ്പോയി. ഈ പെണ്ണിനിത്ര ബോധംല്ല്യേ എന്നു പറഞ്ഞ് മകൻ പിന്നാലെ പോകുന്നതി കണ്ടപ്പോൾ ചിരിയാണ് വന്നത്. രാത്രി എല്ലാവർക്കും ചപ്പാത്തിയാണ്. അതിനുള്ള ഒരുക്കങ്ങൾ തുടങ്ങുമ്പോൾ ഭർത്താവ് വന്നു പറഞ്ഞു.

അച്ഛന് ജലദോഷോം, മൂക്കടപ്പുമുണ്ട്... അച്ഛന് ചപ്പാത്തി കൊടുക്കണ്ട. നീ രസം വെയ്ക്ക്. പൊടിയരിക്കഞ്ഞി മതീട്ടോ അച്ഛന്.

പനിയും തൊണ്ടവേദനയും വരാഞ്ഞാൽ മതി. കൊറോണക്കാലമല്ലേ? ഏയ് അതുണ്ടാവില്ല്യാ... രണ്ടാഴ്ചയായി ആരും പുറത്തിറങ്ങുന്നില്ലല്ലോ...... വീട്ടുതടങ്കിലല്ലേ? ഇതിലും ഭേദം ശരിയ്ക്കുള്ള ജയിലാണെന്നു തോന്നുന്നു.

അരി അരയ്ക്കാനുള്ള കാര്യം മറന്നു. പത്തുമണിയ്ക്കു ശേഷമേ വോൾട്ടേജ് ഉണ്ടാവൂ.... അതിനാൽ അതിനൊരുങ്ങുമ്പോൾ ഉറങ്ങാൻ പോകുന്ന ഭർത്താവ് വിളിച്ചു പറഞ്ഞു – ഭാമേ.... ദാ.... കോണിച്ചോട്ടില് ചിതല് വന്നിട്ടുണ്ട്ട്ടോ...

ഇതു കഴിയട്ടെ. എല്ലാവരും ഉറങ്ങിയാൽ പിന്നേയും സമയമുണ്ടല്ലോ... അപ്പോഴാവാം മാറാലയടിയ്ക്കലും ചിതൽ തട്ടലും.

ഉഴുന്നും അരിയും അരഞ്ഞരഞ്ഞ് സ്വത്വം നഷ്ടപ്പെടുന്നതും നോക്കി നിൽക്കുമ്പോൾ ഉറക്കം കൺപോളകളെ വലിച്ചടയ്ക്കാൻ ശ്രമിക്കുകയായിരുന്നു. ●

# ഭാവാന്തരങ്ങൾ



അജിത രാജൻ

**നാ**ട്ടുവൈദ്യങ്ങൾ പലതും ചെയ്തു നോക്കിയെങ്കിലും ഷാജുവിന്റെ കാൽപാദത്തിലെ ചൊറിഞ്ഞു പൊട്ടുന്ന അസുഖത്തിന് കുറവൊന്നും ഉണ്ടായില്ല. എലൈറ്റ് ആശുപത്രിയിൽ ത്വക്കിന്റെ നല്ല ഡോക്ടർ ഉണ്ടെന്ന് അടുത്ത വീട്ടിലെ ബാലേട്ടൻ പറഞ്ഞതാണ്.പക്ഷെ പണത്തിന്റെ ബുദ്ധിമുട്ടുകൊണ്ടാണ് അങ്ങോട്ട് പോകേണ്ടെന്നുവെച്ചതും മെഡിക്കൽ കോളേജിൽ ചികത്സ തുടരാമെന്നു തീരുമാനിച്ചതും...

എന്നാൽ മൂന്നു മാസം കഴിഞ്ഞിട്ടും ചൊറിച്ചലിന് കുറവൊന്നും കണ്ടില്ല! എങ്കിലും എന്നെങ്കിലും മാറുമെന്ന പ്രതീക്ഷയിൽ

മെഡിക്കൽ കോളേജിലേക്ക് പുറപ്പെട്ടു.

യാത്രക്കിടയിൽ അയാൾ ഓർക്കുകയായിരുന്നു..

ഡോക്ടറുടെ അടുത്തു ചെന്നാൽ, രോഗികൾക്കുള്ള സീറ്റിലൊന്നിരിക്കാൻ പോലും പറയാറില്ല ചൊറിഞ്ഞു പൊട്ടുന്നിടം കാണിച്ച് വിവരം പറയാമെന്ന് ആഗ്രഹിച്ചാണ് പോവുക.എന്നാൽ താൻ രോഗ വിവരം പറയുമ്പോഴേക്കും മരുന്നിന് എഴുതി കഴിഞ്ഞിരിക്കും പലപ്പോഴും തന്റെ കാലിലേക്ക് ഡോക്ടറുടെ കണ്ണുകളെത്താറില്ല!



ആശുപത്രിയിൽ ചെന്നപ്പോഴാണ് ഡോക്ടർ ലീവാണെന്ന് അറിയുന്നത്. ആശുപത്രിയുടെ സമീപത്തുതന്നെ താമസിക്കുന്ന ഡോക്ടർ ഇന്ന് വീട്ടിൽ കൺസൾട്ടിങ്ങ് നടത്തുന്നുണ്ടെന്നറിഞ്ഞു. പുറപ്പെട്ടതല്ലെ.. ഡോക്ടറെ വീട്ടിൽ പോയി കാണാൻ തന്നെ തീരുമാനിച്ചു. ബാലേട്ടന്റെ കയ്യിൽ നിന്നും വായ്പ വാങ്ങിയ 200 രൂപ തന്റെ പോക്കറ്റിൽ തന്നെ ഉണ്ടെന്ന് ഉറപ്പു വരുത്തി...തിരക്ക് കുറവായതിനാൽ ഡോക്ടറെ പെട്ടെന്നു തന്നെ കാണാനായി. പരിശോധനാ റൂമിൽ കടന്ന ഉടനെ ഡോക്ടർ,രോഗിയ്ക്ക് ഇരിക്കാനുള്ള സീറ്റ് തന്നോട്ടടുപ്പിച്ചിട്ട് ഉദ്വേഗത്തോടെ പറഞ്ഞു..

'ഇരിക്കൂ...എന്തുപറ്റി...'

രോഗവിവരം പറഞ്ഞപ്പോൾ അയാളെ ചേർത്തിരുത്തി. ആദ്യമായി ഡോക്ടർ അയാളുടെ കാലിലേക്ക് നോക്കി! മാത്രവുമല്ല ഭൂതക്കണ്ണാടി വെച്ചു നോക്കി! ഗ്ലൗസിട്ട കരം കൊണ്ട് തലോടി!

ഒരു തൂവൽസ്പർശം പോലെ തോന്നി അയാൾക്ക് ഓരോ മരുന്നും എപ്പോഴൊക്കെ കഴിക്കണമെന്ന് സ്നേഹപൂർവ്വം പറഞ്ഞു തന്നു...

ഡോക്ടറുടെ ഭാവാന്തരങ്ങൾ കണ്ട ഷാജു അന്തംവിട്ട് ഇരുന്നു പോയി...

# പിറന്നാളോർമ്മ



**പു**ലരിയിലെ പാതി മയക്കത്തിൽ ആണെന്ന് തോന്നുന്നു ആ ഓർമ്മ വന്നത് - ഇന്ന് ഉണ്ണീടെ പിറന്നാൾ അല്ലേ? പേറ്റുനോവിന്റെ ഇനിയും മറക്കാത്ത അനുഭവം കൊണ്ടാണ് എന്ന് പറയാം അതിവേഗം പിടഞ്ഞെണീറ്റു. ലോക്കാണ്, എന്നാലും കുട്ടികളുടെ സന്തോഷം അല്ലേ? തൊടിയിൽ നിന്നും പറിച്ചെടുത്ത പലതും ഫ്രിഡ്ജിൽ ഉണ്ടായതു കൊണ്ടു വിഭവങ്ങൾ ഒരുക്കിയെടുത്തു...... വിഷുവിന് എടുത്തു വെച്ചിരുന്ന പാലടയും ഉപയോഗിച്ചു.... അടുക്കളയിൽ നിന്നും ഉയർന്ന പലതരം ഗന്ധങ്ങളിലൂടെ കയറിയിറങ്ങിയിരുന്ന പിറന്നാളുക്കാരൻ വിയർത്തൊട്ടിയ ഉദരത്തെ വരിഞ്ഞുക്കെട്ടിയ സാരിത്തലപ്പ് വലിച്ചുകൊണ്ട് ചോദിച്ചു: 'അമ്മേ, അമ്മേടെ പിറന്നാൾ എന്നാ?' പലതരം ഓർമ്മകൾ നികത്തിവന്ന ആ ചോദ്യത്തിന് എന്തുമാത്രം ഉത്തരങ്ങൾ ആയിരുന്നു? പുതിയ കലണ്ടർ കിട്ടിയാൽ ആദ്യമേ മക്കളുടെ പിറന്നാൾ നോക്കിയിരുന്ന, പിന്നെ അതോർത്തു വച്ചുകൊണ്ട് എത്ര അകലെ ആണെങ്കിലും, എത്ര വയ്യെങ്കിലും ഫോണിലൂടെയും അല്ലാതെയും നെറ്റിമേൽ സ്നേഹചുംബനം നൽകിയിരുന്ന അമ്മയ്ക്കൊപ്പം പിറന്നാളുകളും മരണപ്പെട്ടുവെന്നോ? അതോ എല്ലാ പിറന്നാളുകളും ഓർത്തുവെച്ച് കൊണ്ട് കഴിഞ്ഞുക്കൂടുന്നവരുടെ പിറന്നാൾ ആരും ഓർത്തു വെക്കാറില്ലെന്നോ? ജീവിതത്തിന്റെ കയ്പ്പുകൾ ഞാൻ എങ്ങനെ പറഞ്ഞു മനസിലാക്കും കുഞ്ഞേ?

'ഉണ്ണീ... അമ്മ പപ്പടം കാച്ചാണ്... ദേഹത്ത് തെറിക്കും... നീ ഒന്ന് പോയെ...!!

എന്നിട്ടും അവൻ വിടാൻ സമ്മതിക്കുന്നില്ല... 'അപ്പൊ അമ്മയ്ക്ക് മാത്രം പിറന്നാൾ ഇല്ല്യേ?'

'ഇല്ല ഉണ്ണീ... അമ്മേടെ പിറന്നാൾ അടുക്കളേൽ കരിപ്പെട്ടുപോയി..'

വീണ്ടും കളികളിലേക്ക് ഓടിയകലുന്ന അവനിൽ നിന്നും തുളുമ്പിയ കണ്ണീർ തുള്ളികൾ ഒളിപ്പിക്കുകയായിരുന്നു ഞാനപ്പോൾ...



നിമിഷ ഹിജു



# പെണ്ണ് കാണൽ



സവിതദാസ്

**അ**ജയൻ തന്റെ വിവാഹം സ്വപ്നം കാണാൻ തുടങ്ങിയിരിക്കുന്നു. ഒരു പ്രവാസിയുടെ വിവാഹം. അത് ഇത്തിരി പാടാ..അച്ഛൻ മരിച്ചുപോയ അവനു ഒരു അമ്മയുണ്ട് നാട്ടിൽ. പെറ്റമ്മ അല്ലെങ്കിലും അതുപോലെ സ്നേഹിക്കുന്ന അമ്മയെ തന്നെ ദൈവം തന്നു എന്നത് നിസാരകാര്യമല്ല. അതിന് എന്നും അവനു ദൈവത്തോട് നന്ദിയുണ്ട്. രണ്ടാനമ്മ നടത്തുന്ന പരാക്രമങ്ങൾ ഒരുപാട് കൂട്ടുകാർ പറഞ്ഞു കേട്ട് ഭയന്ന് ഉറങ്ങാത്ത ഒരുപാട് രാത്രികൾ അവനുണ്ടായിരുന്നു. ഇന്ന് അവൻ സന്തോഷവാനാണ്. രണ്ട് അനുജന്മാർ കൂടി ഉണ്ട് അവന്. അവർ തന്നെക്കാൾ ഒരുപാട് ഇളയതാണ്. പതിനാലും പതിനാറും ആയിട്ടേയുള്ളൂ അവർക്ക്. അജയന് ഈ ചിങ്ങത്തിൽ ഇരുപത്തിയെട്ട് തികയും. കൂടെ കളിച്ചു വളർന്നവർ വിവാഹ ഫോട്ടോ ഫേസ് ബുക്കിൽ അപ്‌ലോഡ് ചെയ്യുന്നത് കാണുമ്പോൾ അവനും തന്റെ വിവാഹം സ്വപ്നം കണ്ടു. അനുജന്മാരെ പോലെ അല്ല കാഴ്ച്ചയിൽ അജയൻ. നിറം ഇത്തിരി കുറവാണ് പൊക്കവും. അനുജന്മാർക്ക് അവനെക്കാൾ നിറം ഉണ്ട് അഞ്ചു വർഷം കൂടി കഴിഞ്ഞാൽ പൊക്കവും തന്നെക്കാൾ കൂടുതൽ വരും. അത് അവന് ഇത്തിരി വേദന തന്നെയാണ്. കല്യാണക്കാര്യം നാട്ടിലുള്ള കൂട്ടുകാർ ആണ് വീട്ടിൽ പറഞ്ഞത്. അവർ പെണ്ണിനേയും കണ്ടെത്തി കൊടുക്കാം എന്ന് ഏറ്റിട്ടുണ്ട്. ദിവസവും പെൺകുട്ടികളുടെ ഫോട്ടോസ് അവന് മെയിൽ വന്നു തുടങ്ങി. അവന് അത് കാണുമ്പോൾ ഒന്നു മാത്രമാണ് ചിന്ത. തന്റെ ഫോട്ടോ പെൺകുട്ടികൾക്ക് ഇഷ്ടമാകുമോ??

കല്യാണം നിസാര കാര്യമല്ല, ഇതുവരെയും ഇല്ലാത്ത ഒരു തല വേദന..ഒരുപാട് ആലോചനകൾക്ക് ശേഷം അവൻ ഉറങ്ങി. പിറ്റേന്ന് നേരത്തേ ഉണർന്നു വിവാഹം ഒരു വർഷം കൂടി കഴിഞ്ഞു മതീന്ന് അവൻ തീരുമാനിച്ചു. നാളെ ചില പുതിയ ചിട്ടകൾ തുടങ്ങണം .നല്ല ഒരു ബ്യൂട്ടി ക്രീം വാങ്ങണം, ഒരുപാട് ഇല്ലേലും കുറച്ച് ഒന്നു വെളുക്കാൻ തന്നെ അവൻ ഉറപ്പിച്ചു. കുറേ ജോലിയുണ്ട് ചെയ്തു തീർക്കാൻ അവൻ തിടുക്കപ്പെട്ടു പുറത്തേക്കു പോയി.

ഏറെ വൈകിയാണ് അജയൻ റൂമിൽ എത്തിയത്. മുഖത്ത് വല്ലാത്ത ക്ഷീണം ഉണ്ട്, എന്നാൽ ഇതുവരെ കാണാത്ത ഒരു പക്വത അവന്റെ മുഖത്ത് കാണാമായിരുന്നു.

സൗന്ദര്യ കാര്യത്തിൽ ഇത്തിരി ശ്രദ്ധ കൂടി. കണ്ണാടിയുടെ മുന്നിൽ സമയം കൂടുതൽ വേണ്ടിവന്നു. ഒരുപാട് മെയിൽ വരുന്നുണ്ട്. തന്റെ കൂട്ടുകാരെ കുറിച്ച് അവന് അഭിമാനം തോന്നി.

ഒരു ദിവസം ഒരു മിസ്സ്ഡ് കാൾ വന്നു. രാജു ആണ് ഫോട്ടോ അയച്ചു തന്നതിന് മറുപടി കിട്ടാത്തതിന്റെ വിളിയാകും. തിരിച്ചു വിളിച്ചപ്പോൾ ഞാൻ അവസാനം അയച്ചമെയിൽ നീ കണ്ടില്ലേ? നല്ല ബന്ധമാണ്.. ഏഴ് പൊരുത്തം ഉണ്ട്. ഞാനും നിന്റെ അമ്മയും കൂടി പോയി നോക്കി. നീ നോക്കിയിട്ട് പെട്ടെന്ന് തീരുമാനം പറയണം ഇല്ലേൽ പെണ്ണിനെ വേറെ ആണുങ്ങൾ കൊണ്ടുപോകും. ഒറ്റ മോളാടാ മോ

നേ..കട്ടിയ്ക്ക് കിട്ടും അവൻ കൂട്ടിചേർത്തു.

ഫോൺ കട്ട് ആയ ഉടൻ തന്റെ ഭാവി വധുവിനെ കാണാൻ തിടുക്കമായി. ഒന്നല്ല രണ്ട് ഫോട്ടോ.. വെളുത്തു മെലിഞ്ഞ ഒരു കുട്ടി. വലിയ സൗന്ദര്യം ഒന്നുമല്ല എങ്കിലും തനിക്ക് കിട്ടാതെ പോയ വെളുത്ത നിറം അത് അവൾക്കുണ്ട്. ആ നിറം അവനെ ആകർഷിച്ചു. തിരികെ രാജുവിനെ വിളിച്ചു. എനിക്കിഷ്ടമായി, അവരെ ഫോട്ടോ കാണിച്ചോ ?? നീളം ഒക്കെ എങ്ങനാ?

അവർക്ക് താല്പര്യം ഉണ്ട്. നീളം ഒക്കെ ഉണ്ടെഡേയ്.. നടത്തുന്നേൽ ഉടനെ വേണം പെണ്ണിന് ഇരുപത്തിമൂന്ന് കഴിയും മുൻപ് അവർക്ക് നടത്തണം. വരുന്ന തുലാം അതിന് ഇരുപത്തിമൂന്ന് ആകും.

അജയൻ ആകെ ആശയക്കുഴപ്പത്തിലായി. ഒരു വർഷം കൊണ്ട് എന്തൊക്കെ പ്ലാൻ ചെയ്തതാ..

പിന്നെ ഒക്കെ വളരെ വേഗത്തിൽ നടന്നു. കല്യാണ ഒരുക്കങ്ങൾ തുടങ്ങി..നാളുകൾ കടന്നുപോയി.. നാട്ടിലെത്തി ഏഴ് ദിവസം കഴിഞ്ഞാൽ വിവാഹം.. എല്ലാം കൂട്ടുകാരും വീട്ടുകാരും കൂടി ഒരുക്കിക്കഴിഞ്ഞു. അജയന് ഇനി താലി കെട്ടുന്ന ജോലി മാത്രം. നാട്ടിൽ എത്തിയ ഉടൻ തന്റെ വധുവിനെ കാണാൻ തിടുക്കമായി. രാജുവിനെയും ഒപ്പം കൂട്ടി. പുതിയ ഷർട്ട്, പാന്റ്, ബെൽറ്റ്, ഷൂസ് ഒക്കെ ഇട്ടു...ഒന്നിനും ഒരു കുറവ് വേണ്ട.

പെണ്ണിന്റെ വീട്ടിൽ എത്തി. വിചാരിച്ച പോലെ അല്ല എങ്കിലും വീട് തന്റെ വീടിനെക്കാൾ വലുത് തന്നെ. അവിടെ പത്തു പതിനഞ്ചുപേർ ഉണ്ട് ഇന്ന് ചെരുപ്പുകളുടെ കൂട്ടീ കണ്ടപ്പോൾ മനസിലായി. അജയൻ വിയർക്കാൻ തുടങ്ങി. പെണ്ണിന്റെ അച്ഛൻ അവരെ അകത്തേക്ക് സ്വീകരിച്ചിരുത്തി. പതിവ് ചടങ്ങുകൾ നടക്കുന്നു. മോളെ വിളിക്കാൻ അച്ഛൻ ആരോടോ പറയുന്നത് കേട്ടു.. ചായയും ആയി അമ്മയാണ് വന്നത്.. അമ്മ നല്ല കറുത്തിട്ടാണ് അജയൻ മനസ്സിൽ പറഞ്ഞു. അച്ഛനും വലിയ നിറം ഇല്ല..മകൾ വെളുത്തത് ആണല്ലോ അതുമതി . പെട്ടെന്ന് ഒരു നിശബ്ദത പരന്നു. അവൻ മുഖം ഉയർത്തി .. ഇങ്ങോട്ട് വന്നു നിൽക്കുമോളേ.. അച്ഛൻ പറഞ്ഞത് കേട്ട് അവൻ അവളുടെ മുഖത്തേക്ക് നോക്കി. ചതി ചതി താൻ ഫോട്ടോയിൽ കണ്ട പെണ്ണാണോ ഇത് അവൻ മനസ്സിൽ പറഞ്ഞു. നന്നേ കറുത്തു മെലിഞ്ഞ ഒരു പെണ്ണ്. ഇനി വെയിലത്ത് നിന്നും കയറി വന്നിട്ടാകുമോ കാറിൽ അല്ലേ വന്നത് എങ്കിലും അവൻ പ്രതീക്ഷ കൈവിട്ടില്ല. കണ്ണ് ഇറുക്കിയടച്ചു തുറന്ന് ഒന്നൂടി അവളെ നോക്കി. അവന്റെ ചങ്കു പൊട്ടി. തന്നെക്കാൾ ഒരുപാട് കറുത്തിട്ടാണ് അവൾ. മനസ്സ് തകർന്ന അവൻ രാജുവിനെ നോക്കി. രാജുവിന്റെ മുഖവും വല്ലാതെ വിളറിയിട്ടുണ്ട്. മനസിലുള്ളത് ഇനി പുറത്ത് കാട്ടാൻ മാർഗ്ഗമില്ല. രണ്ടാളും ചായ കുടിച്ചു എന്നു വരുത്തി തിരികെ പൊന്നു. കാറിൽ കയറിയ ഉടൻ അജയൻ പറഞ്ഞു കുറച്ചു മാറ്റി ഒന്നു ഒതുക്കി നിർത്താൻ അത് കേട്ടപാടെ രാജു തന്റെ നിരപരാധിത്വം വെളിപ്പെടുത്തി. ഞാനും ഫോട്ടോയാണ് കണ്ടത്. നിന്റെ അമ്മ വന്നു പെണ്ണിനെ കണ്ടതല്ലേ..അവൻ കൂട്ടിചേർത്തു.

നേരെ വീട്ടിൽ എത്തി അമ്മ അവനെയും കാത്തു നിൽക്കുന്ന പോലെ അവന് തോന്നി. അവൻ അമ്മയെ ഒന്നു നോക്കി എന്നിട്ട് ഒന്നും മിണ്ടാതെ റൂമിൽ കയറി വാതിൽ അടച്ചു. അമ്മ കതകു തുറക്കാൻ പറഞ്ഞതും ദേഷ്യത്തോടെ അവൻ വാതിൽ ശക്തിയായി തുറന്നപ്പോൾ അമ്മ ഒന്നു പേടിച്ചു.

നിനക്ക് ഇഷ്ടമായി എന്ന് നീ പറഞ്ഞതോ.. പെണ്ണിനെ കണ്ടിട്ട് വന്നു ഞാൻ നിന്നോട് എത്ര തവണ ചോദിച്ചതാ.. ഇതു മതീന്ന് നീ അല്ലേ വാശി പിടിച്ചത്. അമ്മ പറഞ്ഞു നിർത്തി. ശരിയാണ് ഞാൻ അങ്ങനെ പറഞ്ഞു പക്ഷേ ഞാൻ കണ്ടത് ഫോട്ടോയാണ് അതിൽ.. അവൻ എന്തൊക്കെയോ പിറുപിറുത്തു. എന്തുപറ്റി അനിയൻ റൂമിലേക്ക് എത്തിനോക്കി. ഒന്നുമില്ലേടാ സ്ലിപ്പർ ഇട്ടു പോയാൽ മതിയാരുന്നു എന്നു പറഞ്ഞതാ..

ഷൂസ് ഊരി എറിഞ്ഞു കൊണ്ട് അജയൻ പറഞ്ഞു. പന്തൽ പണി കഴിഞ്ഞു ഏട്ടാ എങ്ങനുണ്ട് എന്നു നോക്ക്. നീ നോക്കിയാൽ മതി എന്നു പറഞ്ഞ് അവൻ കട്ടിലിലേക്ക് വീണു. രണ്ടു മണിക്കൂർ കഴിഞ്ഞു അജയാ മതി എഴുന്നേൽക്കു.. അമ്മ വിളിക്കുന്നത് കേട്ടാണ് അവൻ ഉണർന്നത്. അമ്മയുടെ അടുത്തേക്ക് ചെന്ന് ചോദ്യ ഭാവത്തിൽ അവൻ ഒന്നു നോക്കി. അമ്മ എന്താടാ എന്ന ഭാവത്തിൽ ഒന്നു മൂളി. അവളുടെ മനസ്സ് വെളുത്തത് ആയിരിക്കും അല്ലേ അമ്മേ? അവന്റെ ചോദ്യം അമ്മയുടെ മനസിനെ വീണ്ടും ഒന്നു പിടിച്ചുലച്ചു എങ്കിലും അമ്മ അവനെ ആശ്വസിപ്പിച്ചു. ഒരു ദീർഘ നിശ്വാസത്തോടെ അവൻ പന്തലിൽ എത്തി കുറച്ച് കസേരകൾ എടുത്തു നിവർത്തി ഇട്ടു. അപ്പോൾ അമ്മ അവൻ അറിയാതെ അവനെ നോക്കി കണ്ണുതുടയ്ക്കുന്നുണ്ടായിരുന്നു. 'നിറത്തിന്റെ കാര്യം തനിക്ക് ഒന്നു പറയാരുന്നുന്നില്ലേ അവനോട്' എന്ന് പരിഭവം പറഞ്ഞ് ഒരു ഇളം കാറ്റ് ആ അമ്മയെ തലോടി കടന്നുപോയി.

# നഷ്ടം



വത്സൻ.പി.സി

വർഷങ്ങൾക്കു ശേഷം യാദൃച്ഛികമായി കാണുകയായിരുന്നു അഞ്ജലിയെ. അവളിപ്പോൾ ഏതോ ഒരു ടി വി ചാനലിൽ ജോലി ചെയ്യുകയാണ്. 'ഇറ്റ് ഫോക് ' ഇന്റർനാഷണൽ നാടകോത്സവത്തിന് അഥിതിയായെത്തിയ ഒരു വിദേശിയെ ഇന്റർവ്യു ചെയ്യാൻ തൃശൂർ റീജണൽ തിയ്യറ്ററിന്റെ വരാന്തയിൽ അയാൾക്കഭിമുഖമായി ക്യാമറയൊരുക്കി നിൽക്കുകയായിരുന്നു അവൾ. എന്നെ കണ്ടമാത്രയിൽ ഒരാശ്ചര്യം അവളിലുദിക്കുകയുണ്ടായി. പ്രിയപ്പെട്ടതെന്തോ കണ്ണിൽ പെട്ടതുപോലുള്ള ആഹ്ലാദം ഒരു നിമിഷാർദ്ധം അവളുടെ മുഖത്ത് മിന്നി. വളരെ പെട്ടെന്നുതന്നെ സംയമനം വീണ്ടെടുത്ത് ജോലിത്തിരക്കിന്റെ നാട്യത്തിൽ അവൾ വളരെ മാന്യമായി എന്നെ അവഗണിച്ചു. ഇനിയൊരു നിമിഷംപോലും അവിടെ നിൽക്കേണ്ടതില്ലെന്ന് മനസ്സ് മന്ത്രിച്ചു. എങ്കിലും ആ മുഖത്തുനോക്കി ഒരുവാക്കെങ്കിലും മിണ്ടാതെ അവിടെനിന്ന് പിൻവാങ്ങാൻ മനസ്സ് അനുവദിച്ചില്ല. അവളുടെ ദൗത്യം കഴിയുംവരെ പുറത്ത് മാവിൻചുവട്ടിലെ സിമന്റുതറയിൽ ഞാനിരുന്നു. സ്വദേശികളും വിദേരികളുമായി ഒരുപാടാളുകൾ പരിസരമാകെ നിറഞ്ഞിരുന്നു. ഒരുഭാഗത്ത് ഓപ്പൺ വേദിയിൽ കേരളത്തിന്റെ നാടോടി കലാരൂപങ്ങളുടെ ആവിഷ്കാരത്തെകുറിച്ച് വിലയിരുത്തലും ചർച്ചയും പുരോഗമിക്കുന്നു. വൈകീട്ട് അരങ്ങേറാൻ പോകുന്ന നാടകം കാണാനായി ആളുകൾ വാഹനങ്ങളിലായും കാൽനടയായും റീജണൽ തിയ്യറ്ററിന്റെ കവാടം കടന്ന് വന്നുകൊണ്ടിരുന്നു. മറ്റു മരച്ചുവടുകളിലും സിമന്റു ബഞ്ചുകളിലും നാടകപ്രവർത്തകരുടെയും സഹൃദയരുടെയും കുശലാന്വേഷണങ്ങളും ആശയവിനിമയങ്ങളും...



ഞാനിരിക്കുന്ന മരച്ചുവടും എന്നേയും അഞ്ജലിക്ക് വ്യക്തമായി കാണാമായിരുന്നു. എന്നിട്ടും., മനുഷ്യ സഹജമായ ചാപല്യത്താൽ ഇടയ്ക്കൊരു പാളിനോട്ടം എന്നിലേക്കുണ്ടാവാതെ അവൾ ശ്രദ്ധിച്ചു. ഇന്റർവ്യു കഴിഞ്ഞ് വിദേശിയോട് നന്ദി പറഞ്ഞ് ബാഗുമെടുത്ത് സഹപ്രവർത്തകരോടൊപ്പം അവൾ പടികളിറങ്ങി മുന്നോട്ട് നടക്കവെ ഞാൻ വിളിച്ചു.

‘ അഞ്ജലീ.. ”

ഫോണിൽ വിരലുകൾ ചലിപ്പിച്ച് ഭാവഭേദങ്ങളേതുമില്ലാതെ അവൾ എനിക്കരികിൽ വന്നു.

” നിനക്ക് സുഖല്ലേ.. ”

ഞാൻ ചോദിച്ചു.

‘ സുഖം. ‘

അവളുടെ മറുപടി.

അവൾ വല്ലാതെ ക്ഷീണിച്ചിരിക്കുന്നു. കൈവിരലുകളിലെ ചുളിവുകൾ പ്രായത്തേക്കാൾ അവശത തോന്നിപ്പിച്ചു. മുഖം രക്തോട്ടം കുറഞ്ഞ് വിളറി വരണ്ടതുപോലെ. മുടിയിഴകളിലെ നര ’ഡൈ’ ചെയ്ത് കറുപ്പിച്ചിട്ടുണ്ടെന്ന് വ്യക്തം. അവളിൽ പണ്ടത്തേതുപോലുള്ള ചുറുചുറുക്കില്ല. സംസാരിക്കുമ്പോൾ വാക്കുകൾക്കൊപ്പം വിരിയുന്ന പുഞ്ചിരിയില്ല. കുസൃതി നിറഞ്ഞ ചടുല ഭാവങ്ങളില്ല. അതെല്ലാം അവളിൽ നിന്ന് എവിടെയ്ക്കോ ഓടിയകന്നിരിക്കുന്നു.

‘ ഞാൻ പോകുന്നു. ബിസിയാണ്.”

അവൾ രക്ഷപെടാൻ ഭാവിച്ചു.

” നിൽക്കൂ.., വീണ്ടും ഇതുപോലെ കാണുവാനോ സംസാരിക്കുവാനോ ഒരവസരം ഉണ്ടായെന്നുവരില്ല.”

ഞാൻ പറഞ്ഞു. ദൈന്യം കലർന്ന എന്റെ കണ്ണിലെ ഖേദം അവഗണിച്ചുപോകാൻ അവൾ പാടുപെട്ടു. അവൾ ധൃതി വെടിഞ്ഞു., സഹപ്രവർത്തകരെ ഒഴിവാക്കി.

‘ നിന്റെ ഭർത്താവ്..? ”

‘ മരിച്ചു. ”

അവൾ പാഞ്ഞു.

‘ ഒരർത്ഥത്തിൽ ആത്മഹത്യയാണെന്നുപറയാം. കുടിച്ചു കുടിച്ചു മരിച്ചു. മരിക്കാൻ വേണ്ടി കുടിച്ചു. മദ്യത്തോട് അവസാനത്തെ തോൽവി നിശ്ചയിച്ചതുപോലെ.. നിങ്ങൾ സ്നേഹിച്ചതിലും ഒരുപാട് എന്നെ സ്നേഹിക്കാൻ അദ്ദേഹം പാടുപെട്ടു. അദ്ദേഹത്തിന് അപ്രാപ്യമായി എന്നിലെ എന്നെ ഞാൻ എവിടെയോ പ്രതിഷ്ഠിച്ചിരുന്നു. കണ്ടെത്താൻ ശ്രമിക്കുമ്പോഴും വിദൂരങ്ങളിൽ അജ്ഞാതമായ ഒരു നിഗൂഢ ഭൂഖണ്ഡമായി അദ്ദേഹത്തിനു മുന്നിൽ ഞാൻ. അദ്ദേഹം പരാജിതനായി. ഒടുവിൽ വിഫലജന്മമായിപോയി താനെന്ന ആത്മനിന്ദയിൽ കൂപ്പുകുത്തി. എന്റെ പൂർവ്വകാലം എല്ലാം അറിഞ്ഞിട്ടും എന്നോടുള്ള സ്നേഹവും വാത്സല്യവും കാരണം ഒരിക്കലും ഒരു കുത്തിനോവിപ്പിക്കലുണ്ടായില്ല. ”

പെട്ടെന്ന് നെഞ്ചിൽ ഒരു സൂചിമുനയുടെ നോവ് ഞാനറിഞ്ഞു. അതിന്റെ വിങ്ങൽ അല്പനേരത്തേക്കുള്ള മൗനത്തിനു കാരണമായി.

‘ നമ്മൾ അകന്നുപോകേണ്ടിയിരുന്നോ..? ‘

ഞാൻ ചോദിച്ചു. അതിന് മറുപടിയുണ്ടായില്ല. പകരം വിളറിയ ചിരിയോടെ ഒരു നോട്ടം അവളെന്നിലേക്കെറിഞ്ഞു. അത് ഒരുപാട് ചോദ്യങ്ങളായി എന്നിൽ പുകഞ്ഞു. കാലമിത്രയായിട്ടും ശാഠ്യം നിറഞ്ഞ ആ തീരുമാനത്തെ എത്രയോ പഴിച്ചിരിക്കുന്നു. പകുതിയിൽ മുറിഞ്ഞ കിനാവിന്റെ തുടർച്ച കൊതിച്ച് കാത്തുകിടക്കുംപോലെ പിന്നിട്ട കാലങ്ങൾ...

‘ അഞ്ജലീ... നമ്മൾ തമ്മിൽ ശരിയാവില്ല. പിരിയുന്നതാണ് നല്ലത് എനിക്കും നിനക്കും. ”

ഞാനായിരുന്നു അന്ന് അത് പ്രഖ്യാപിച്ചത്. അടുക്കുംതോറും അകലാനുള്ള കാരണങ്ങൾ കണ്ടുപിടിക്കാനുള്ള യാത്രയായിരുന്നുവോ നമ്മുടെ പ്രണയം...? എന്റെ ആൺകോയ്മാ വാശികൾക്കുമുമ്പിൽ നീ നീയായി തന്നെ നിന്നു. അതെന്നിലുണ്ടാക്കിയ അപകർഷതാബോധം... ’അല്ലാതെ മറ്റെന്ത്..!?

കാലങ്ങൾക്കിപ്പുറം എല്ലാം അറിയുന്നു. ക്ഷമാപണപൂർവ്വം ഭവ്യതയോടെ ഞാൻ അഞ്ജലിക്കുമുന്നിൽ നിന്നു. പ്രായത്തിന്റെ പക്വതയില്ലായ്മ, അഹങ്കാരം, വാശി, കലഹം...!

എല്ലാം കലങ്ങിമറിഞ്ഞ ഒരു ഒഴുക്ക്..

ഒടുവിൽ രണ്ടു കൈവഴികളിലായി ഒഴുകിയകന്നു. കാലം തീർത്ത മടുപ്പുകൾക്കൊടുവിൽ രണ്ടുപേർക്കും രണ്ടു ജീവിതങ്ങളുണ്ടായി. അതൊരു ജീവിതമായിരുന്നുവോ...?

അവളുടെ സഹപ്രവർത്തകർ കാന്റീനിൽനിന്ന് ചായകുടിച്ച് പുറത്തിറങ്ങി. തിരിച്ചുപോകാനുള്ള തയ്യാറെടുപ്പിലായിരുന്നു അവർ. ചാനലിന്റെ വണ്ടി വന്നുനിന്നു. അവൾ യാത്രപറയാതെ നടന്നു വണ്ടിയിൽ കയറി. കോമ്പൗണ്ടിന്റെ ഗെയ്റ്റ് കടന്ന് വണ്ടി ഒരു പൊട്ടുപോലെ അകലുന്നത് ഞാൻ നോക്കിനിന്നു. സ്നേഹമില്ലാത്തവളും അഹങ്കാരിയുമായ എന്റെ ഭാര്യയെ ഓർത്ത് ആ നിമിഷം എന്തുകൊണ്ടോ ഒരിക്കൽകൂടി എന്നിൽ സങ്കടമുണ്ടായി. ●

# തോറ്റുപോയവൾ



രാജേശ്വരി തുളസി

**‘ത്ഫൂ...‘**

മനസ്സിലുള്ള സർവ്വ വിദ്വേഷവും ആവാഹിച്ച് മുറ്റത്തേക്ക് മുറുക്കിച്ചുവപ്പിച്ച്  നീട്ടിയൊരു തുപ്പായിരുന്നു രാധമ്മ....ആയിരം തെച്ചിപ്പൂക്കളേപ്പോലെ അവ മുറ്റത്തേക്ക് ചിതറുമ്പോൾ ഓരോ തുള്ളിയിലും പ്രഭാകരക്കുറുപ്പിന്റെ മുഖം കണ്ണുചുകന്നും, മീശപിരിച്ചും , ചുണ്ടുകോട്ടിയും തിളങ്ങുന്നത് രാധമ്മ കണ്ടു....വിദ്വേഷത്തിന്റെ ഒരായിരം  ഓർമ്മകൾ ഉള്ളിൽ ഫണം വിടർത്തിയാടി... തൻപാതിയെന്ന് മറന്നിടത്തുതുടങ്ങിയ വെറുപ്പ് തേരട്ടപോലെ ഉള്ളിൽക്കിടന്ന്

പുളഞ്ഞു... തെക്കേപ്പറമ്പിലെ ചിതയിൽ നിന്നും ഒരു പുകച്ചുരുൾ ദീർഘശ്വാസം വിടും പോലെ ഏങ്ങിവലിഞ്ഞ് മുകളിലോട്ട് പോകുന്നത് ജനൽവഴി രാധമ്മ വന്യമായൊരു തൃപ്തിയോടെ നോക്കിനിന്നു...കോലായിൽക്കിടക്കുന്ന പ്രഭാകരക്കുറുപ്പിന്റെ ചാരുകസേരയിലേക്കിരുന്ന് ഇരുകാലുകളും കസേരക്കൈകളിലേക്ക് കയറ്റി പിന്നോട്ട് ചാരിയൊന്നുകിടന്നപ്പോൾ പ്രഭാകരക്കുറുപ്പിന്റെ



ആത്മാവ് തിരിച്ച് ഭൂമിയിലേക്ക് വരാൻ വാശിപിടിച്ചിട്ടുണ്ടാവും....

അടുക്കളയിൽ കരിപിടിച്ച് കൊഴിഞ്ഞുവീണ അമ്പത് കൊല്ലങ്ങൾ ഇനിതിരികെയെത്തില്ലെന്ന് നന്നായറിയാം...ആശകൾക്കൊപ്പം വാക്കുകളേയും വിഴുങ്ങിക്കഴിഞ്ഞ ഇരുണ്ട നാളുകൾ

തിരക്കുകൂട്ടി ഓടിയകന്നതാണ് ...

പതിനേഴാം വയസ്സിൽ നഷ്ടമായ മുഖപ്രസാദം ഭർത്താവിന്റെ മരണത്തോടെ തിരിച്ചെത്തിയത്

തിരിച്ചറിഞ്ഞത് രാധമ്മതന്നെയാണ് ...അത് പുറത്തേക്ക് പലരീതിയിൽ പ്രസരിക്കുന്നത്

കണ്ട് ബന്ധുക്കൾ നെറ്റിചുളിച്ചു...

വീടിനുള്ളിൽ മക്കൾ തിരക്കുകൂട്ടുന്നതും ,  പേരക്കിടാങ്ങൾ ഓടിക്കളിക്കുന്നതും നിറഞ്ഞ പുഞ്ചിരിയോടാണവർ നോക്കിയിരുന്നത് ....രാധമ്മയുടെ ഭാവമാറ്റത്തിൽ മക്കൾ വല്ലാതാശങ്കപ്പെട്ടു...

മരുമക്കൾ കാതോട് കാത്  പിറുപിറുത്തു..

‘ തള്ളയ്ക്ക് വട്ടായെന്നാ തോന്നുന്നേ...‘

അവരുടെ ആശങ്കയിൽ രാധമ്മയ്ക്ക്  കൂസലില്ലായിരുന്നു...

തടങ്കൽപ്പാളയത്തിന്റെ താക്കോലും കളഞ്ഞ് പ്രഭാകരക്കുറുപ്പ് ഇഹലോകവാസം വെടിഞ്ഞപ്പോൾ ആജീവനാന്ത തടവുപുള്ളിയാക്കപ്പെട്ട രാധമ്മയിലേക്ക് സ്വാതന്ത്ര്യത്തിന്റെ കാറ്റ് ഒരുചൂളം വിളിയോടെയാണെത്തിയത് ...

പ്രഭാകരക്കുറുപ്പിന്റെ വാത്സല്യത്തേക്കാളേറെ കാർ

ക്കശ്യ സ്വഭാവംകണ്ടാണ് മക്കൾ വളർന്നത് ...

സ്നേഹം പ്രകടമാക്കാനറിയാത്ത അച്ഛനെ മക്കൾ ശൗര്യമുള്ളൊരു നായേപ്പോലെ ഭയന്നിരുന്നു...

പ്രഭാകരക്കുറുപ്പ് നാലുമക്കളിൽ മൂന്ന് മക്കൾക്ക് പേരും പ്രശസ്തിയുമുള്ള തറവാടുകളിൽനിന്നും വിവാഹം നടത്തി...മൂത്ത മകനായ പ്രേമാനന്ദനൊരു പ്രേമമുള്ളത് അച്ഛനോട് പറയാൻ ധൈര്യമില്ലാതെ മനസ്സിലിട്ട് മുക്കിക്കൊന്നിരുന്നു ...പ്രേമം പേരിൽ മാത്രം മുഴച്ചുനിന്നു അയാൾ അച്ഛന്റെ മുഖമോർത്ത് കാമുകിയെ മനസ്സിൽ നിന്നുംപടിയിറക്കി...

മക്കളുടെ വിവാഹക്കാര്യങ്ങളിൽ മക്കളുടേയോ, രാധമ്മയുടേയോ അഭിപ്രായം അയാൾ ആരാഞ്ഞുമില്ല...അടുക്കളയുടെ പിന്നിലെ പഴയ വീട്ടുസാധനങ്ങളേപ്പോലെ ഭാര്യയും തുരുമ്പെടുത്തുകിടന്നു...

വിവാഹം മക്കൾക്ക് കിട്ടിയ പരോളായിരുന്നു...ഇരുചിറകും വീശി അവരാവിഹായസ്സിലേക്ക് പറന്നുയർന്നപ്പോൾ രാധമ്മ ആശ്വാസത്താൽ നെടുവീർപ്പിട്ടു...

ഇളയമകൾ ഭാനുമതിക്ക് ഇതരമതസ്ഥനായ പയ്യനോട് കടുത്തപ്രണയം...വിദ്യാസമ്പന്നയായ മകളുടെ ആവശ്യം കേട്ടപ്പോൾ രാധമ്മയാണാസ്ഥാനത്തെന്ന് സ്വയം സങ്കൽപ്പിച്ചു നോക്കി..

അറിയാതൊരാവേശം ഞരമ്പുകളിൽ ത്രസിച്ചു...

ആഴക്കടലിൽ മുങ്ങിച്ചത്ത തന്റെ ജീവിതമിനി തിരിച്ചുകിട്ടില്ല...അത്തരമൊരു ജീവിതം മകൾക്കും വന്നൂകൂടാ.... നാളത്തെ മറ്റൊരു രാധമ്മയെ സൃഷ്ടിക്കപ്പെടാതിരിക്കാനൊരുറച്ച നിലപാടെടുക്കാൻ രാധമ്മയും തീരുമാനിച്ചു...

ഭർത്താവിന് മുന്നിൽ ആദ്യമായൊരാവശ്യമുന്നയിക്കാൻ അവർ തയ്യാറെടുത്തു...പറയാനുള്ളത് പലവുരു രാധമ്മ സ്വയം പറഞ്ഞു പഠിച്ചു...

വീടിനുമുന്നിലെ വഴിയിലേക്ക് തലയും ചെരിച്ച് കസേരയിൽ നീണ്ടുനിവർന്നു കിടക്കുന്ന പ്രഭാകരക്കുറുപ്പിന്റെ മുന്നിലേക്ക് ചെല്ലുമ്പോൾ രാധമ്മയുടെ കാലുകളിലൂടൊരു വിറയൽ കടന്നുപോയി....പതിവില്ലാത്ത ഭാര്യയുടെ വരവ് കണ്ട് പ്രഭാകരക്കുറുപ്പിന്റെ മിഴികളിൽ ചോദ്യം ശരങ്ങളേപ്പോലെ കൂർത്ത് നിന്നു...

വായിലെമുറുക്കാൻ ഒന്നുകാറി മുകളിലേക്ക് വലിച്ചുകൊണ്ടയാൾ ചോദിച്ചു...

'ഉം എന്താടി..'

സാരിത്തലപ്പ് വിരലിൽച്ചുറ്റി രാധമ്മ നിന്നു വാക്കുകൾക്കായി പരതി..

' നീ നിന്നു നൃത്തംചെയ്യാതെ കാര്യംപറ...' അയാൾക്ക് ക്ഷമനശിച്ചു..

' അത് ഭാനുമതിക്ക് ഒരു പയ്യനോടിഷ്ടം...കല്യാണം നടത്തിക്കൊടുക്കണമെന്ന് ....'

ഒറ്റശ്വാസത്തിലാണവർ അത്രയും പറഞ്ഞത് ...

അയാളുടെ കണ്ണുകളിൽ അഗ്നിപാറി....പുരികങ്ങൾ ചോദ്യശരമെയ്തു...പയ്യനേതെന്ന ചോദ്യത്തിനുള്ള മറുപടി അയാളെ കൂടുതൽ ക്ഷുഭിതനാക്കി...അയാൾ ഉച്ചത്തിൽ അലറിക്കൊണ്ട് നീണ്ടകാല് വലിച്ചൊരൊറ്റച്ചവിട്ടിന് അവരെ മുറ്റത്തേക്ക് തെറിപ്പിച്ചു...

' നിനക്കെങ്ങനെ ധൈര്യംവന്നെടി എന്റെ മുന്നിൽ വന്നിതുപറയാൻ...?

മണ്ണ് തട്ടിക്കുടഞ്ഞെഴുന്നേറ്റ് പകച്ചുനിന്നു...എവിടെനിന്നോവന്നൊരാവേശത്തിലവർ പറഞ്ഞു...

' അവൾ നിങ്ങൾക്ക് പിറന്ന മോളായത്കൊണ്ട് ...' രാധമ്മയുടെശബ്ദത്തിന് വല്ലാത്ത കനമുണ്ടായിരുന്നു...

അവരിലെ കണ്ണിലെ ഉറച്ച നിലപാടിൽ പ്രഭാകരക്കുറുപ്പൊന്നുവാടി...

ആദ്യമായാണ് രാധമ്മ അയാളോടൊരു മറുവാക്ക് പറയുന്നത് ...

ഒഴുകിപ്പോകുന്ന പുഴയ്ക്കൊന്ന് തിരിച്ചൊഴുകാൻ തോന്നുംപോലെ, എന്നേക്കുമായി തോറ്റുപോകുന്നൊരാൾ ഒരു വിജയത്തിനാശിക്കുമ്പോലെ രാധമ്മയുടെ ആദ്യവിജയത്തിനായി അവർ കരുക്കൾ നീക്കി....

പിറ്റേന്ന് മകളുടെ അഭാവം പ്രഭാകരക്കുറുപ്പിനെ ഭ്രാന്തനാക്കി....അയാളൊരുവെട്ടുകത്തി കൈയിലെടുത്തു ....മേലിൽ വീടിന് മുന്നിൽ ഭാര്യയെക്കണ്ടാൽ വെട്ടിനുറുക്കുമെന്നയാൾ ശപഥം ചെയ്തു...ആ വെട്ടുകത്തി അയാളുടെ കസേരക്കീഴിൽ ഇതുവരേയും സുഖനിദ്രയിലായിരുന്നു....വർഷം പതിനഞ്ചായി അടുക്കളപ്പുറത്ത് രാധമ്മ വാസം തുടങ്ങീട്ട് ....ആഹാരമുണ്ടാക്കി തീൻമേശയിൽ വെച്ച്

മറഞ്ഞുനിന്ന് കാലംകഴിച്ച രാധമ്മ , ഹൃദയംപണിമുടക്കിയ പ്രഭാകരക്കുറുപ്പിന്റെ ദീനരോദനം കേട്ടാണ് അന്ന് പൂമുഖത്തേക്കോടിയെത്തിയതും, മനസ്സിൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചതും...!

●

# ശ്വേതയുടെ വിജയങ്ങൾ



സിന്റ സേവി

**വൈ**കിയാണ് ഉറങ്ങാൻ കിടന്നതെങ്കിലും നേരത്തെ എണീക്കണം എന്നു കരുതിയിരുന്നു. അലാമിന്റെ ഉണർത്തുപാട്ട് അരോചകമായിതോന്നി. എങ്കിലും അത് അതിന്റെ ദൗത്യം തുടർന്നുകൊണ്ടിരുന്നു. ഒടുവിൽ തോൽവി സമ്മതിക്കേണ്ടിവന്നു. ഇന്ന് ഒരുഗ്ലാസ്സ് ചായയിട്ടു തരാൻ ആരെങ്കിലും ഉണ്ടായെങ്കിൽ !വെറുതെ മോഹിക്കും, ആര് തരാൻ. അവിടെയും തോൽക്കും. വാരിക്കെട്ടിയ മുടിയുമായി പ്രഭാതകൃത്യങ്ങൾക്കു പോകുമ്പോൾ മുഴുക്കുടിയനായയവന്റെ വിറയ്ക്കുന്ന ശരീരം  താങ്ങാൻ പാടുപെടുന്ന കാലുകൾ പോലെയായിരുന്നു ശ്വേതയുടെ കാലുകളുടെ അവസ്ഥ. നേരിയചാറ്റൽ മഴയുടെ തണുപ്പ് ആലസ്യം കൂട്ടി. എങ്കിലും അതെല്ലാം അവഗണിച്ചേ പറ്റൂ. പിന്നെ കീ കൊടുത്താൽ ഓടുന്ന കളിപ്പാവ പോലെ ഓടാൻ തുടങ്ങി.



പ്രാതലിനുള്ള ദോശക്കു ചമ്മന്തി അരക്കുമ്പോൾ കടിഞ്ഞൂൽ പുത്രൻ വന്നു പുറകിൽ നിന്ന് കെട്ടിപ്പിടിച്ചു. 'അമ്മാ എന്താ ബ്രേക്ഫാസ്റ്? ദോശയാണോ, മസാല ദോശ ആക്കാമായിരുന്നില്ലേ, അല്പം ഉരുളക്കിഴങ്ങു കറി കൂടി ആയാൽ അടിപൊളി. ' പിന്നെ ഉരുളക്കിഴങ്ങ് ദോശ, വേണമെങ്കി കഴിച്ചിട്ട് പോ. ' ഉള്ളിലെ വാത്സല്യം മറച്ചു വെച്ചു പുറത്തു വന്നത് കർക്കശ്യമായിരുന്നു. 'ബുദ്ധിമുട്ടാണെങ്കി വേണ്ട, ഞാൻ ദേ പോണു. ഒരാഗ്രഹം പറഞ്ഞപ്പോ എന്തിനാവോ ഇത്ര ദേഷ്യം ' മുറുമുറുത്തിട്ടു അവൻ പോയി. ഒക്കത്തു കയ്യും കുത്തി ദോശത്തവി കയ്യിലേന്തി ഫ്രീ ആയി ഒരു ഉപദേശം. 'ആഗ്രഹം മാത്രം പോരാ, അധ്വാനിക്കണം. നിനക്ക് പഠിക്കാൻ പറയുമ്പോ എന്താ ബുദ്ധി മുട്ടു. ഇതും അതുപോലാ. 'അമ്മയിലെ പോരാളി വാളുമേന്തി പുറകെ വന്നാലോ, പുസ്തകം എടുത്തേ

ക്കാം. അവനും കരുതി. അല്പം കഴിഞ്ഞു മൂത്ത പുത്രി രംഗ പ്രവേശം ചെയ്തു. മകന്റെ ആഗ്രഹത്തിന് മുൻപിൽ വീണ്ടും തോറ്റു കൊടുത്ത ശ്വേത ഉരുളക്കിഴങ്ങിനോട് മല്ലടിച്ചു അതിനെ തുണ്ടം തുണ്ടമാക്കുന്നതു കണ്ടു മകളുടെ ചോദ്യം 'ഉരുളക്കിഴങ്ങാല്ലാതെ വേറൊന്നും ഇല്ലേ അമ്മേ? കൂർക്ക മെഴുക്കു പുരട്ടി ആയിരുന്നു നല്ലത്. 'പാതി നഷ്ടപ്പെട്ട ഉറക്കവും യാന്ത്രികമായി നീളുന്ന ദിവസങ്ങളും വീണ്ടും വില്ലനായി. 'ഓ വന്നോ അടുത്തയാൾ? കുറച്ചു കൂർക്ക മെഴുക്കു പുരട്ടി മേശപ്പുറത്തിരിപ്പുണ്ട്. മോള് വന്നു ഊണ് ഉഷാറാക്കു. 'അടുപ്പത്തെ കഞ്ഞിക്കലത്തിൽ നിന്ന് തുള്ളിത്തെറിക്കുന്ന വറ്റുപോലെ ശ്വേതയുടെ ഉള്ളിലെ സങ്കടങ്ങളും തുള്ളിത്തുളുമ്പുന്നുണ്ടായിരുന്നു. അത് ആ നടത്തത്തിലറിയാം. 'നിനക്കെന്താ നേരത്തെ എഴുന്നേറ്റാൽ, പെൺകുട്ടികളായാൽ നേരത്തെ എണീറ്റു അടുക്കളയിലൊന്ന് സഹായിച്ചാൽ പഠിപ്പൊന്നും കുറയില്ല. 'പഠനത്തിൽ അല്പം ശ്രദ്ധ കൂടുതൽ കൊടുക്കുന്ന മകൾ തെല്ലൊന്നുണർന്നു. പരിഭവം കലർന്ന മുഖത്തോടെ 'എന്താ ആൺകുട്ടികൾ നേരത്തെ ഉണർന്നാൽ? 'ഓട്ടക്കണ്ണിട്ട് അമ്മയെ നോക്കി. അമ്മയുടെ കയ്യിൽ ദോശ തവി ഇല്ലെന്നുറപ്പ് വരുത്തി അവളും വലിഞ്ഞു. അപ്പോഴേക്കും ഉരുളക്കിഴങ്ങു കറിയിലേക്കുള്ള കടുകും വേപ്പിലയും പൊട്ടിത്തെറിച്ചു അവരുടെ സാന്നിധ്യം അറിയിച്ചു.

മൂക്കിൽ മണം തട്ടിയതും മൂത്തവൻ തിരിച്ചു വന്നു. 'വിളമ്പാൻ അമ്മയെ ബുദ്ധിമുട്ടിക്കുന്നില്ലന്ന ആപ്തവാക്യം ചൊല്ലി ദോശയുമായി മുങ്ങി. പോകുന്ന വഴിക്കു 'അമ്മേ ചായ '. 'ഊം.. 'ശ്വേത ഇരുത്തി ഒന്ന് മൂളി.

അപ്പോഴേക്കും ചിണുങ്ങി ചിണുങ്ങി ദാ വരുന്നു ഇളയവൾ. നെറ്റിയുടെ തുമ്പിലാടി ചിണുങ്ങി കരഞ്ഞു 'അമ്മാ എനിക്ക് സ്കൂളിൽ പോണ്ടാ '. അതിനോട് ഇനി എന്തു പറയാൻ? ഒക്കത്തെടുത്തു വച്ചു. പിന്നെ അതിനെ വച്ചായി ബാക്കി പണി. പിന്നിൽ നിന്ന് ഒരു സ്വരം 'അമ്മേ ഞാൻ സഹായിക്കാം. ചായ ഞാനിടാം. അമ്മ കുഞ്ഞാവയെ കുളിപ്പിച്ചോ. ' മകളുടെ മൗനമാർന്ന പക്വതയുടെ മുന്നിൽ ശ്വേത പിന്നെയും തോറ്റു. അവളുടെ കവിളിൽ തലോടാതെ പോകാൻ കഴിഞ്ഞില്ല. 'മുത്തശ്ശിക്കുള്ള ചായ എടുത്തു വച്ചിരിക്കുന്നു. പെറ്റക്കുട്ടിയുടെ ഓർമപ്പെടുത്തലിൽ മുത്തശ്ശിയും പ്രാതലിനായി വന്നു. ഘടികാരത്തെ ഇടയ്ക്കിടെ ശ്വേത തുറിച്ചു നോക്കിക്കൊണ്ടിരുന്നു. എട്ടര മണിക്ക് മക്കൾ സ്കൂളിൽ പോകുന്ന വരെ ആ ഓട്ടം തുടർന്നു.

തൂത്തു വരുന്നതിനിടെ TV റിമോട്ട് കാണാനില്ലെന്ന അമ്മായിയമ്മയുടെ പരാതി ചെവിയിൽ അസ്വസ്ഥതയായി. അയൽപക്കത്തെക്കു വാർത്താ സംപ്രേഷണം തുടങ്ങിയപ്പോ അല്പം നീരസം കാണിക്കേണ്ടി വന്നു, സ്വാഭാവികം. മ്ലാനവദനത്തിൽ വാർധക്യത്തിന്റെ നിസ്സഹായത കണ്ടപ്പോൾ അവിടെയും ശ്വേത തോറ്റുകൊടുത്തു. പിന്നെ റിമോട്ട് കണ്ടെത്തും വരെയുള്ള അക്ഷീണ പ്രയത്നം ഫലം കണ്ടു.

ഉച്ചമയക്കത്തെ ക്കുറിച്ചാലോചിച്ചപ്പോഴാണ് കൂർക്ക മെഴുക്കു പുരട്ടി ആസ്വദിച്ചു കഴിക്കുന്ന മോളെ ഓർമ്മ വന്നത്. എങ്കിലിനി വൈകണ്ട. അത്താഴം ആ സന്തോഷത്തിൽ തീരട്ടെ. നടുവേദന നട്ടം തിരിക്കുമ്പോഴും മോളുടെ ചിരിക്കു മുന്നിൽ കൂർക്ക മെഴുക്കു പുരട്ടി വിജയമായി. നാലുമണിപ്പലഹാരവും മൂന്നാളെ പഠിപ്പിക്കാൻ നാലാൾ ചേർന്നുള്ള യുദ്ധക്കളത്തിൽ അടരാടുമ്പോൾ മക്കളുടെ വിജയവും ശോഭനമായ ഭാവിയും മുന്നിൽക്കണ്ട് സ്വന്തം വിദ്യാഭ്യാസവും ജോലിയും വേണ്ടെന്ന് വച്ചു, തോൽവി ജയമാക്കാൻ നോക്കി ശ്വേത.

വീണ്ടും ഒരു രാത്രി കടന്നു വരുമ്പോൾ വിദേശത്തു ജോലി ചെയ്യുന്ന ശ്രീയേട്ടനെ മനസ്സുകൊണ്ട് ചേർത്തു പിടിച്ചു കണ്ണീർ മണികൾ മറ്റാരും കാണാതെ തുടച്ചെടുക്കുന്ന തലയിണയിൽ ഒരു ജീവിതം കെട്ടിപ്പടുക്കാൻ വേണ്ടി തോറ്റു കൊടുക്കുമ്പോൾ ശ്വേതയെ കെട്ടിപ്പുണർന്നു മൂന്ന് കൈകൾ. 'ഞങ്ങളുടെ പൊന്നമ്മയാ... അവരുടെ ഉമ്മകളേറ്റുവാങ്ങിയ കവിൾത്തടങ്ങളിൽ കണ്ണുനീരുങ്ങിയിരുന്നു. മനസ്സിൽ പുതുമഴ പെയ്ത സുഖം. ആരോ പറഞ്ഞതെത്ര ശരി. 'തോൽവി വിജയത്തിന്റെ മുന്നോടിയാണ്.'

പെട്ടന്ന് ഫോൺ ശബ്ദിച്ചു. 'ഹലോ, ശ്രീയേട്ടനാണോ....? 'ഇനി പരാതിയും പരിഭവവും ആവശ്യങ്ങളും അമ്മേം മക്കളും പറഞ്ഞു തീരുമ്പോ എത്ര മണി ആവുമോ എന്തോ !'മുത്തശ്ശിയുടെ ആത്മഗതം.



# പ്രളയപ്പെയ്ത്ത്



സിന്റ സ്റ്റാൻലി

**ഞാ**ൻ നിന്നെ സ്നേഹിച്ചിരുന്നു. അത്രയേറെ. നിന്നെ അറിഞ്ഞ നാൾ മുതൽ . ആദ്യമായി നിന്നെ കണ്ടതെന്നാണെന്നോർമ്മയില്ല. നീർത്തുള്ളികൾ എന്റെ ദേഹം തണുപ്പിച്ചപ്പോഴാവണം. അതോ നനഞ്ഞ പുതു മണ്ണിൻ ഗന്ധമെത്തിയപ്പോഴോ ?. അറിയില്ല. എന്നാൽ ഇന്നു ഞാൻ നിന്നെ വെറുത്തു . ഇല്ല , എനിക്കു നിന്നെ വെറുക്കാനാകില്ല ഒരിക്കലും. പക്ഷേ, വൻ മുറിവുകളുണങ്ങാത്ത പിണക്കമാണ് എനിക്ക് നിന്നോട് .എന്നത് ഉരുകുമെന്നറിയില്ല.

ചുരുട്ടിയ പായക്കെട്ടിന്റെയുള്ളിൽ, നിന്റെ ശബ്ദ ,വെളിച്ചതാണ്ഡവങ്ങളെ പേടിച്ച് ഞാനിരുന്നിട്ടുണ്ട്. എങ്കിലും കൈകൾ രണ്ടുമിറുക്കി പ്പിടിച്ച് നിന്നെ ഞാൻ സ്നേഹിച്ചു.

പ്രഭാതങ്ങൾ കിളികളെ അയച്ച് എന്നെ വിളിച്ചുണർത്തുമ്പോഴും ചുടുകഞ്ഞിയിൽ പയർ പുഴുക്ക് ചേർത്ത് സ്നേഹത്തിന്റെ പ്ലാവിലക്കുമ്പിളുകൾ തരുമ്പോഴും സാക്ഷിയായി നീ നിന്നു.

മഞ്ഞണിഞ്ഞ വാഴത്തോപ്പുകൾക്കിടയിലൂടെ നടന്ന് തെങ്ങും തിറകൾ കടന്ന് തെളിനീർ തോടുകളിൽ പൊടിമീനിനെ നോക്കി

നിൽക്കുമ്പോൾ കുമിളകൾ വിടർത്തി നീ എന്നോട് കുസൃതി കാട്ടി. വയലേലകളിലൂടെ യാത്ര ചെയ്ത് അതിർവരമ്പുകൾക്കപ്പുറത്തെ വികസന ഭംഗിയും

അനന്ത വിഹായസ്സും നോക്കി ഞാൻ തിരികെയെത്തുമ്പോൾ പൂവിനും പുല്ലിനും വസന്തമേകി കിണറും കുളവും നിറച്ച് എന്റെ നാട്ടുവഴികളെ കുളിപ്പിച്ചൊരുക്കി തൂശനിലയിൽ നീ വിളമ്പിയ സദ്യയുടെ രുചിയും ഞാൻ മറക്കില്ല.

അക്ഷരങ്ങളുടെ ചാരുത മനസ്സിലാക്കാൻ തുടങ്ങിയ മുഹൂർത്തങ്ങളിൽ നീ എന്നെ കുന്നിൻ മുകളിലേക്ക് ആനയിക്കും. എന്നോട് പറയും. 'വരൂ മലഞ്ചെരിവിലിരിക്കാം. അവിടെയിരുന്ന് പുസ്തകത്താളുകൾ വിഴുങ്ങാം. ആരും നിന്നെ ശല്യം ചെയ്യാതിരിക്കാൻ കൂട്ടിന് ഞാനും വരാമെന്നേ. .നീ വിയർക്കാതിരിക്കാൻ അനിലനെയും ക്ഷണിക്കാം. '

അതു കേട്ട് പാളത്തൊപ്പിയണിഞ്ഞ് ഞാൻ കുന്നു കൾ കയറും.

നറും പയസ്സ് പോലെ നേരിന്റെ കഥകൾ എഴുതി വച്ച എന്റെ മണ്ണിലെ ജീവിത ചിത്രങ്ങളുടെ തീക്ഷ്ണതയിൽ ഞാൻ മുങ്ങിയപ്പോൾ നീ എന്നെ ഉയർത്തി. വിപ്ലവ ചൂടിൽ തൊഴിലുകളിൽ മതിമറക്കുന്ന മനുഷ്യരെ കണ്ട്, എന്റെ ഭാഷയുടെ ആശയ വിതരണങ്ങളും ഞാൻ ശ്വസിക്കുന്ന വായുവിന്റെ വിവേകതലങ്ങളും അനുപമമെന്ന് ഞാൻ അതിശയപ്പെട്ടപ്പോൾ നീയും കണ്ണുകൾ തുറന്നിരുന്നു.

എന്റെ പ്രണയം പോലും നിന്നോട് മാത്രമല്ലേ ഞാൻ പങ്കിട്ടത് ?

എന്റെ ആദ്യ ചുംബനങ്ങൾ ഒളിഞ്ഞു നോക്കിയതും നീ മാത്രം.

ചപല സ്വപ്നങ്ങളും കൈയിലുള്ള ഞാൻ പുറം നാട്ടിലേക്ക് ചേക്കേറിയെങ്കിലും നിന്നെ മറന്നില്ല. തിരികെയെത്തുമ്പോഴൊക്കെ ആവേശപൂർവ്വം നിന്നെ ഞാൻ പുണർന്നു.

എങ്കിലും ഇന്നെനിക്ക് നിന്നോട് പരിഭവ തേങ്ങലാണ്. എങ്ങു നിന്നോ ഉരുണ്ടുരുണ്ടു വന്ന് എന്റെ ചവിട്ടുപടികൾ കടന്ന് ആരോടും അനുവാദമെടുക്കാതെ എല്ലാം നീ കവർന്നു. കരയും കടലും സംഗമിപ്പിച്ച് നീ പെയ്തിറങ്ങിയപ്പോൾ ഒലിച്ചു പോയത് എന്റെ അമ്മമാരാണ്. ഒന്ന്, നൻമകളുടെ ആധിക്യം മാതൃത്വത്തിലൂടൊഴുക്കിയ എന്റെ പെറ്റമ്മ.

രണ്ട് , എനിക്ക് ജനിക്കാൻ ഇടം നൽകിയ , നടക്കാൻ വീഥികളൊരുക്കിയ , ശ്വസിക്കാൻ വിതാനങ്ങൾ നൽകിയ എന്റെ നാട്.

നീ എന്നെ കൊണ്ടുപോയ കുന്നുകളിടിഞ്ഞ് വീണ്

എന്റെ നാടൊരു മൺകൂനയായി. എന്റെ പെറ്റമ്മ

വിറങ്ങലിച്ച രണ്ട് കൈവിരലുകളും.

നാളേയ്ക്ക് ഒന്നും നീ അവശേഷിപ്പിച്ചില്ല. നാടോ, നാട്ടുകാരോ, മരങ്ങളോ, കിളികളോ, പുരകളോ, വയലോ, കിണറോ , തൊഴിലോ ഒന്നും, ഒന്നും.

ശൂന്യതകളല്ലാതെ.

പിന്നെ, ഞാനെങ്ങനെ നിന്നെ വെറുക്കാതിരിക്കും?

എങ്ങനെ നിന്നോട് പൊറുക്കും? ഇല്ല., എനിക്കറിയില്ല, അറിയില്ല .....

'മഴയാണ് പോലും മഴ!' ●